Reg: No. M. 2689.
T. 32.

License No: 427
Dated 14—8—194?.

# മലയാളരാജ്യം

പുസ്തകം ൨൦ | കൊല്ലം ൧൯൪൮ സെപ്റ്റംബർ ൧൩-ാംനു | ലക്കം ൩൭
പേജ് ൧൨ | ൧൧൨൪ ചിങ്ങം ൨൮-ാംനു തിങ്കളാഴ്ച | ഒററപ്രതി അണ ൨

## ഭാരതി; തമിഴ്നാട്ടിലെ രാജ്യപ്രേമിയായ കവി

ജെ. ജി. കരാണ്ടികാർ

തമിഴനാട്ടിലെ ഒരു സുപ്രധാനകാലഘട്ടത്തെ കുറിക്കുന്ന കവിയായ ഭാരതി ൧൮൮൨-ലാണ് ജാതനായതു്. അദ്ദേഹത്തിന്റെ ജനനത്തിനു ഒരുനൂറുകൊല്ലം മുമ്പുതന്നെ തമിഴിന്റെ പ്രഭാവം സുഷുപ്തിയിൽ ലയിച്ചുകഴിഞ്ഞിരുന്നു. ഭാരതി ഒരു പുനരുത്ഥാനത്തിന്റെ സൂത്രധാരനായിരുന്നു.

അഞ്ചുവയസ്സായപ്പോഴേക്കു അദ്ദേഹത്തിന്റെ മാതാവു് ചരമം പ്രാപിച്ചു. ഒരു പണ്ഡിതനായിരുന്ന പിതാവു് മററു പണ്ഡിതന്മാരും കവികളുമായി സമ്പർക്കമുള്ള ഒരു ദേഹമായിരുന്നു. അവർതമ്മിലുള്ള ചർച്ചകളിൽ ഭാരതി കൂടി പങ്കുകൊള്ളുമായിരുന്നു. പ്രതിഭാശാലിയും ബുദ്ധിമാനുമായിരുന്ന ഭാരതി ഏഴുവയസ്സുമുതൽ കവിതാരചന ആരംഭിച്ചു. ൧൧ വയസ്സു പ്രായമുള്ള ഒരു വിദ്യാർത്ഥിയായിരുന്നപ്പോൾതന്നെ, അദ്ദേഹത്തിന്റെ സാഹിത്യസംബന്ധമായ പാടവത്തിൽ അഭിനന്ദിക്കുന്ന പരായ അസംഖ്യം മാന്യന്മാർ അദ്ദേഹത്തിനു ഭാരതിഎന്ന അഭിധാനം പരസ്യമായി നൽകുകയാണുണ്ടായതു്.

അദ്ദേഹത്തിന്റെ വിദ്യാസക്തിക്കും കവിതാവാസനയ്ക്കും വേണ്ട പ്രോത്സാഹനം നൽകിക്കൊണ്ടിരുന്ന പിതാവു് ഭാരതിയുടെ ൧൬-ാംവയസ്സിൽ ദിവംഗതനായി. ഭാരതി തദനന്തരം വിദ്യാഭ്യാസാർത്ഥം ബനാറീസിലേയ്ക്കു പുറപ്പെടുകയും ൧൯൦൧-ൽ അലഹബാദ് യൂണിവേഴ്സിററി എൻട്രൻസുപരീക്ഷ പാസ്സാകുകയുംചെയ്തു. അനന്തരം എട്ടിയാപുരം രാജാവിന്റെ ക്ഷണപ്രകാരം നാട്ടിലേയ്ക്കു അദ്ദേഹം മടങ്ങുകയും ൧൯൦൨ മുതൽ ൧൯൦൪ വരെ പ്രസ്തുത ജമിന്ദാരുടെ കീഴിൽ ഉദ്യോഗസ്ഥനായി സേവനം നടത്തുകയുംചെയ്തു.

൧൯൦൪-ൽ അദ്ദേഹം മധുര സേതുപതിഹൈസ്കൂളിൽ ഒരു പണ്ഡിറ്റായും അതിനുശേഷം വിശ്രുതനായ ജി. സുബ്രഹ്മണ്യയ്യരവർകൾ നടത്തിവന്ന 'സ്വദേശമിത്രൻ' എന്ന തമിഴ പത്രത്തിന്റെ ഉപപത്രാധിപരായും കഴിച്ചുകൂട്ടി. ൧൯൦൫ മുതൽ ൧൯൦൮ വരെ അദ്ദേഹം 'ഇൻഡ്യ' (തമിഴ്), 'ബാലഭാരത' (ഇംഗ്ലീഷു) എന്നീ പത്രങ്ങളുടെ ആധിപത്യം വഹിച്ചു.

൧൯൦൨ മുതൽ ൧൯൦൮ വരെയുള്ള ഏഴുവർഷക്കാലത്തെ പ്രവർത്തനങ്ങൾ ഒരു ലേഖകൻ, പ്രസംഗകൻ, ഗായകൻ, വിശേഷ്യ വളരെ ഉയർന്നതരത്തിലുള്ള ദേശഭക്തനായ കവി എന്നീ നിലകളിൽ അദ്ദേഹത്തിനുണ്ടായിരുന്ന സാമർത്ഥ്യം പ്രകടമാക്കി. ഇക്കാലം രാജ്യത്തിനും ഉത്തേജകമായ ഒരുകാലഘട്ടമായിരുന്നു. ബംഗാൾ വിഭജനത്തിൽനിന്നുത്ഭവിച്ച ഉണർവിനെപ്പററിയാണ് ഇവിടെ പ്രസ്താവിക്കുന്നതു്. വിഭജനത്തിനെതിരായ പ്രസ്ഥാനത്തിന്റെ മാറെറാലി മഹാരാഷ്ട്രത്തിൽതന്നെയല്ല, ദക്ഷിണേന്ത്യയിലും പ്രകടമായി. രാഷ്ട്രീയപ്രക്ഷോഭണം ബംഗാളിൽ തിളച്ചുമറിയുകതന്നെയായിരുന്നു. ബാനർജി, ഘോഷ് തുടങ്ങിയ ബംഗാളിലെ നേതാക്കന്മാർ നവയുഗത്തിന്റെ സന്ദേശവാഹകന്മാരായി. മഹാരാഷ്ട്രത്തിൽ ലോകമാന്യതിലകനും, ഒരു വലിയ സംഘം രാഷ്ട്രീയ കവികളും രാജ്യഭക്തന്മാരും അന്യദേശ്യശക്തിയുടെ അടിമത്വത്തിൽനിന്നും സ്വരാജ്യത്തെ സ്വതന്ത്രമാക്കുന്നതിനു ജനങ്ങളെ ഉദ്ബുദ്ധരാക്കിച്ചുമച്ചു. കന്യാകുമാരിമുതൽ ഹിമാലയംവരെയുള്ള ജനതയ്ക്കു അദ്ദേഹം ഒരുജീവൻതന്നെ നല്കുകയാണ് ചെയ്തതു്.

ഭാരതസ്വാതന്ത്ര്യ പതാകയുടെ അടിയിൽ ലക്ഷക്കണക്കിനു അന്നു അണിനിരന്ന ബഹുസഹസ്രം യുവാക്കന്മാരിൽ ശ്രീമാൻ ഭാരതി സ്വരാജ്യസ്നേഹത്തിന്റെ വ്യഗ്രത നിറഞ്ഞ ഒരു കവി ഹൃദയത്തിന്റെ മൂർത്തീകരണമായിരുന്നു. ജനനം ഉദ്ഭാവതാപവും ചൈതന്യവും തുളുമ്പുന്ന അനേകം ഗീതങ്ങൾ അദ്ദേഹം രചിച്ചതും ആലപിച്ചതും അക്കാലത്തുതന്നെയായിരുന്നു. കാലം ചെല്ലുംതോറും ഭാരതിയുടെ കൃതികളുടെ ആന്തരമായ സൌന്ദര്യത്തിന്റെ മാററു കൂടുതൽ കൂടുതലായി ആസ്വദിക്കപ്പെട്ടുമാണു വരുന്നതു്.

ഭക്തിപരവും വേദാന്തപരവുമായ മനോഹരഗാനങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടെങ്കിലും രാജ്യഭക്തിദ്യോതകങ്ങളായ അദ്ദേഹത്തിന്റെ ഗാനങ്ങളിലാണ് പൊതുജനങ്ങൾ ഭാരതിയുടെ മാഹാത്മ്യത്തെ വാഴ്ത്തിപ്പോരുന്നതു് പ്രസ്തുത ഗാനങ്ങൾ തമിഴ്നാട്ടു ചരിത്രത്തിൽ ഒരു പുതിയ കാലഘട്ടം കുറിക്കുകയാണു ചെയ്യുന്നതു്. ലാളിത്യവും ഓജസ്സും നിറഞ്ഞ അദ്ദേഹത്തിന്റെ ഹൃദയം സ്വരാജ്യത്തിന്റെ പാരാധീനതയും മനുഷ്യൻ മനുഷ്യനോടു പ്രകടിപ്പിക്കുന്ന ക്രൂരതയും ദർശിച്ചുപിടച്ചു. സ്വാതന്ത്ര്യത്തിന്റെ അളവററ ആഹ്ലാദം അദ്ദേഹത്തിന്റെ ഹൃത്തടത്തിൽ പ്രതിഫലിച്ചു; ഗാനരൂപത്തിൽ പ്രവഹിച്ചു. രാജ്യചരിത്രത്തിലെ സുപ്രധാനമായ ഈ ഘട്ടത്തിൽ ഭാരതിയിൽനിന്നു പ്രവഹിച്ച ഗാനങ്ങൾ രൂപത്തിലും ഭാവത്തിലും നിസ്തുല്യങ്ങളായിരുന്നു. സംഗീതത്തിലുള്ള വൈഭവവും രാജ്യസ്നേഹവും അവയുടെ പ്രകാശനത്തിലുള്ള നവീനതയുംകൂടി സമ്മേളിച്ചുത്ഭവിച്ച ആ ദിവ്യഗാനങ്ങൾ തമിഴനാട്ടിന്റെ ഒരററംമുതൽ മറേറഅററംവരെയുള്ള ജനങ്ങളുടെ ഹൃദയങ്ങളെ വശീകരിച്ചു. "രാജ്യസ്നേഹം യഥാർത്ഥവും ശക്തവുമാകുന്നതു് ഹൃദയം കുളിർപ്പിക്കുന്ന സംഗീതത്തിന്റെ മധുരിമയുമായി സമ്മേളിക്കുമ്പോഴാണ്" എന്നാണു ഈ ഗാനങ്ങളെപ്പററി പരേതനായ ശ്രീ. എസ്സ്. ശ്രീനിവാസയ്യങ്കാർ അഭിപ്രായപ്പെടുന്നതു്. പ്രസ്തുത ഗാനങ്ങൾ ഭാരതിയുടെ എതിരാളികളെ പിൻതിരിപ്പിക്കുക മാത്രമല്ല ചെയ്തതു്; അവർ പ്രശംസകൾപോലും അദ്ദേഹത്തിൽ വർഷിച്ചു.

രാജ്യഭക്തിദ്യോതകമായ ഭാരതീഗാനങ്ങളിൽ ജനങ്ങൾക്കു ഏററവും പ്രിയതരമായുള്ളതു "വന്ദേമാതരം" ആണ്. അതു തമിഴിലാണു നാടുമുഴുവൻ അറിയപ്പെട്ടിരുന്ന ഒരു ഗാനമാണതു്. നമ്മുടെയിടയിൽ ജാതികൾ അസംഖ്യം ഉണ്ടെങ്കിലും അതു വിദേശ്യാധിപത്യത്തിനു തക്കതായകാരണമല്ലെന്നാണ് പ്രസ്തുതഗാനം സമർത്ഥിക്കുന്നതു്. എന്തെന്നാൽ, ആയിരമായിരം ജാതിയിൽപെട്ടവരാണ് നാമെങ്കിലും നാം ഒരു മാതാവിന്റെ സന്താനങ്ങളാണ്. നാംതമ്മിൽ ലഹളകൂട്ടിയാലും നാം സഹോദരന്മാർതന്നെയാണ്. "വന്ദേമാതരം" എന്ന പേരിൽ ഭാരതി രണ്ടോ മൂന്നോ ഗാനങ്ങൾ രചിച്ചിട്ടുണ്ടെങ്കിലും മേൽകാണിച്ചിട്ടുള്ളതാണ് ഏററവും പ്രസിദ്ധമായിട്ടുള്ളതു്.

നമ്മുടെ രാജ്യത്തിന്റെ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്ന മററനേകം ഗാനങ്ങളും ഭാരതി രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗാനങ്ങളുടെ വിശേഷത ആശയങ്ങളുടെ ശ്രേഷ്ഠതയും ഭാവനയുടെ സാരള്യവുമാണ്. പ്രശാന്തവും ഗംഭീരവുമായ ഒരു അന്തരീക്ഷം അവയെ വലയംചെയ്യുന്നു. ലളിതവും എന്നാൽ ശക്തവുമായ കുറെ പദങ്ങൾകളിൽ ഗഹനമായ ആശയങ്ങൾ അദ്ദേഹം അടക്കിവയ്ക്കുന്നു.

മാതൃഭൂമിയെപ്പററി പാടുമ്പോൾ കവി താൻ ഇൻഡ്യയിൽ ജനനംകൊണ്ടതിൽ ഭാഗ്യവാനായി കരുതുന്നു. "പർവതങ്ങൾ, നദികൾ, വനങ്ങൾ പാടങ്ങൾ എന്നിങ്ങനെയുള്ള വിഭവങ്ങൾ ഈ നാട്ടിനു സമൃദ്ധിയായി, പക്ഷപാതബുദ്ധിയോടുകൂടിത്തന്നെ, പ്രകൃതി സംഭാവനചെയ്തിരിക്കുന്നു.' അദ്ദേഹത്തിന്റെ രാജ്യം അതിപുരാതനമായ ഒന്നാണ്. അവിടത്തെ സംസ്കാരം, പരിഷ്കാരം എന്നിവയുടെ ഉത്ഭവകാലത്തെ നിർണ്ണയിക്കുന്നതിനു ഉദ്യമിക്കുന്ന പണ്ഡിതന്മാർ, ചരിത്രകാരന്മാർ, പുരാണവസ്തുഗവേഷകന്മാർ എന്നിവർ തല പുണ്ണാക്കി ശ്രമിച്ചിട്ടും കാലനിർണ്ണയം ചെയ്യുവാൻ സാധിക്കാത്തവണ്ണം അത്ര പുരാതനമാണു നമ്മുടെ നാട്. മററുരാജ്യത്തിന്റെ വയസ്സു ക്ലിപ്തപ്പെട്ടതുകളാണ് അസംഖ്യമെങ്കിലും അവളിൽ ഇന്നും താരുണ്യത്തിന്റെ അഭിനവത്വം വിളങ്ങിക്കൊണ്ടുതന്നെ ഇരിക്കുന്നു. മഹാപരാക്രമശാലികളായ നായകന്മാരും മഹാകവികളും ജീവിതം നയിച്ച നാടാണു ഇതു്. അദ്ദേഹം ചോദിക്കുന്നു "ലോകത്തിലെവിടെയെങ്കിലും ഉപനിഷത്തുകളെക്കാളും ഗീതയെക്കാളും മഹത്തായ ഒരു കൃതിയുണ്ടായിട്ടുണ്ടോ?" 'അതിപുരാതനമായ എന്റെ ഈ രാജ്യത്തോടു സമമായി ഈ ഭൂമുഖത്തിൽ മറെറാരു രാജ്യമില്ലതന്നെ.' ഇതു വീരന്മാരുടെയും മഹർഷീശ്വരന്മാരുടെയും നാടാണ്, നാരദന്റേതുപോലെയുള്ള ദിവ്യസംഗീതം തുളുമ്പുന്ന നാടു്; അജ്ഞാനസംസ്കാരാദികൾക്കു കീർത്തികേട്ട നാടു് അതിനാൽ അദ്ദേഹത്തിനു മാതൃഭൂമിയുടെ പ്രശസ്തമായ ഭാവിയിൽ അതിരററ വിശ്വാസമാണു ഉള്ളതു്.

ഉയർന്നു പൊങ്ങിവരുന്ന കൊടുങ്കാററിനിടയിൽ 'ത്യാഗത്തിൽനിന്നാണു ജീവിതത്തിന്റെ ഉത്ഭവം' എന്നു യുവത്വം മാതൃസന്ദേശകാഹളം മുഴക്കുന്നതു ഭാരതി ശ്രവിക്കുന്നു. അതിൽനിന്നാണു 'മാതാവിനോടു' എന്ന ഗാനത്തിൽ, രാജ്യത്തെ സ്വതന്ത്രമാക്കുന്നതിനു യാഗം നടത്തുന്ന വേളയിൽ അസുരന്മാർ ചുററിക്കൂടി യാഗം മുടക്കുന്നതിനുദ്യമിക്കുന്നതിനെപ്പററി അലങ്കാരഭാഷയിൽ വിവരിക്കാനിടയായതു്. ആധുനികകാലത്തു സ്വരാജ്യസ്വാതന്ത്ര്യത്തിനുവേണ്ടി നിരവധി യാതനകളനുഭവിച്ചു അശ്രാന്തപരിശ്രമം ചെയ്ത നേതാക്കന്മാരെ പ്രകീർത്തിച്ചു ഗാനം ചെയ്യുന്നതിനു ലഭിച്ച ഒരു സന്ദർഭം പോലും ഭാരതി ഉപേക്ഷിച്ചിട്ടില്ല. ഉദാഹരണമായി 'വീണ്ടും നിന്റെ കൈകളിൽ' എന്ന ഗാനം, മാണ്ഡലേയിൽ ആറുവർഷം കാരാഗൃഹവാസം കഴിഞ്ഞു ൧൯൧൪-ൽ ജൂൺമാസത്തിൽ വിമുക്തനാക്കപ്പെട്ട ലോകമാന്യതിലകനെപ്പററിയാണ്. ആദ്യവസാനം പ്രസ്തുതഗാനത്തിൽ സൂക്ഷ്മമായ വികാരം തുളുമ്പുന്നു. അദ്ദേഹത്തിന്റെ വിചിത്രമായ ശൈലിയിൽ ആ മഹാനായ രാജ്യഭക്തൻ മോചിതനാകുന്ന ശുഭസന്ദർഭത്തെ അതിൽ വർണ്ണിക്കുന്നു. നഷ്ടപ്പെട്ടുപോയ സുതനുമായി പുനസ്സമാഗമംചെയ്യുന്ന മാതാവു് നമ്മുടെ കൺമുമ്പിൽതന്നെ നിൽക്കുന്നു. സ്ഥലകാലഭേദങ്ങൾ അവളുടെ ദൃഷ്ടികൾക്കു മങ്ങൽ ഉണ്ടാക്കുന്നതല്ല. അവളുടെ പ്രിയസുതനെ യുഗാന്തരങ്ങൾക്കും ലോകങ്ങൾക്കും അപ്പുറം ദർശിക്കത്തക്കവണ്ണമുള്ള നിസ്സീമമായ പ്രേമമാണു ആ മാതാവിന്റേതു്.

കവി അങ്ങനെ അഗ്നി ജ്വലിപ്പിച്ചു-രാജ്യസ്നേഹമാകുന്ന അഗ്നി. ജനങ്ങൾ ഉത്തേജിതരായി; കവി സമ്മാനിതനുമായി! അടിമത്വം അനുഭവിച്ച രാജ്യമായ ഈ ഇൻഡ്യയിൽ അതിനുള്ള സമ്മാനം രാജ്യഭ്രഷ്ട്, ദുരിതം, ക്ലേശങ്ങൾ എന്നിവയല്ലാതെ മറെറാന്താണു? പാണ്ടിച്ചേരിയിൽ അദ്ദേഹം ഏകാകിയായി പത്തു ദീർഘസംവത്സരങ്ങൾ ഒരു രാജ്യഭ്രഷ്ടനായി കഴിച്ചുകൂട്ടേണ്ടിവന്നു. സ്വാതന്ത്ര്യാത്മാവായ ഭാരതിയ്ക്കു പാണ്ടിച്ചേരിവാസം കാരാഗൃഹത്തിനെക്കാൾ ഭേദമല്ലായിരുന്നു. നാടെങ്ങും പ്രശംസിക്കപ്പെട്ട കവി അവിടെ വളരെ കഷ്ടതകളനുഭവിച്ചു ജീവിതം നയിച്ചു. ഇടക്കിടെ, മഹാത്മാക്കളായ ബാബു അരവിന്ദഘോഷ്, ശ്രീ. വി. വി. എസ്സ്. അയ്യർ എന്നിവരുമായുള്ള സാമീപ്യത്തിൽ അദ്ദേഹത്തിനു അല്പം ആശ്വാസം ലഭിച്ചിരുന്നു. പാണ്ടിച്ചേരിയിലെ താമസത്തിനിടയിൽ അദ്ദേഹം വേദാന്തസംബന്ധമായും സാഹിത്യപരമായുമുള്ള ഏതാനും കൃതികൾ രചിച്ചു. എങ്കിലും അദ്ദേഹത്തിന്റെ രാജ്യസ്നേഹത്തിന്റെ തീവ്രതയ്ക്കു് വ്യാപരിക്കുന്നതിനു അവിടെ സൌകര്യം ഉണ്ടായിരുന്നില്ല. ൧൯൧൮-ൽ അദ്ദേഹം പാണ്ടിച്ചേരിയിൽനിന്നു തിരിച്ചുവന്നു ഒരുവർഷക്കാലം 'സ്വദേശമിത്ര'ന്റെ ഉപപത്രാധിപരായി ജോലിനോക്കി. പക്ഷേ ഈ ലോകത്തിൽ അധികകാലം ജീവിച്ചിരുന്നു തന്റെ അത്ഭുതകരമായ ശ്രമത്തിന്റെ ഫലം കാണുന്നതിനു കവിക്കു സാധിക്കുകയുണ്ടായില്ല. ൧൯൨൧-ൽ ൩൯-ാമത്തെ വയസ്സിൽ ആ മഹാത്മാവു് അകാലമൃത്യുവിനു വശംവദനായി-'വിധിയാൽ മർദ്ദിതനായ' ഒരു മഹാത്മാവു്.

(Copyright N I. P. P.)

# "സ്വതന്ത്രഭാരതത്തിൽ സംസ്കൃതസാഹിത്യത്തിനു നല്കേണ്ട സ്ഥാനം"

പാണാവള്ളി രാമകൃഷ്ണപിള്ള

നാം ഇന്നു സ്വതന്ത്രരാണ്. അഭിമാനപൂർവ്വം അതു തലനിവർത്തി എവിടെയും പറയാം. അതേസമയംതന്നെ ഒരു അധഃപതനബോധത്തോടെ നാം സ്വയം തലതാഴ്ത്തേണ്ടിയിരിക്കുന്നു. നമ്മുടെ ചുററും ഇന്നു നടക്കുന്നതെന്തു്? ബീഭത്സരംഗങ്ങളാണു് നാം ഉറക്കത്തിൽകൂടി കാണുന്നതു്. സ്വന്തവാളാൽ മർത്ത്യൻ സ്വയം വെട്ടിയൊടുക്കുന്ന കുരുതിക്കളത്തിലാണെന്നു തോന്നും ആഭിജാത്യത്തിൻെറ അടിത്തട്ടിൽ കെട്ടിയുയർത്തിയ നമ്മുടെ സംസ്കാരസൌധം. അൽപ്പം ആഹാരംപോലും ലഭിക്കാതെ വാവിട്ടുകരയുന്ന പട്ടിണിപ്പാവങ്ങളുടെ കണ്ണുനീരിൽ ആ സംസ്കാരസൌധം ഒഴുകിപ്പോകാത്തതാണു് അത്ഭുതം. ക്ഷാമം ദാരിദ്ര്യം അസമത്വം ഇവയാണു് എവിടെയും നൃത്തം ചെയ്യുന്നതു്. പണത്തിനുവേണ്ടി എന്തുതരം ഹീനകൃത്യങ്ങളും ചെയ്യുവാനും മനുഷ്യൻ ഇന്നൊരുക്കമാണു്. ആത്മാർത്ഥതയ്ക്കും, സത്യത്തിനും, ധർമ്മത്തിനും, സദാചാരബോധത്തിനും, അനുവാദംകൂടാതെ അകത്തുകടക്കുവാൻ പാടില്ലെന്നു് ഒരു ബോർഡും തൂക്കി, പണപ്പിശാചുക്കളെ സൃഷ്ടിച്ചുവിടുന്ന ഒരു വ്യവസായശാലയാണോ ഇന്നത്തെ ലോകമെന്നു തോന്നിപ്പോകുന്നതിൽ ക്ഷമിക്കണം. കേവലം ഒരു പ്രാവിനെ പരുന്തിൽനിന്നു രക്ഷിക്കുവാൻ സ്വന്തദേഹത്തിലെ മാംസംപോലും മുറിച്ചുകൊടുത്ത 'ശിബി' ജനിച്ച ഈ രാജ്യം അസംതൃപ്തിയുടേയും, ദാരിദ്ര്യത്തിൻെറയും കേളീരംഗമാണെന്നു പറയുമ്പോൾ നമുക്കു ലജ്ജയാകുന്നില്ലേ? പട്ടിണിയുടെ പൊട്ടിക്കരച്ചിൽ ഇതിനു മുമ്പു് ഭാരതം കേട്ടിട്ടില്ല. പാതിവ്രത്യത്തിൻെറ ചൂടിൽ തീപോലും തണുത്ത ഇവിടെ സീതയുടെ രാജ്യത്തു് ഇതിനുമുമ്പു ഒരൊററ വേശ്യാലയംപോലും ഉണ്ടായിരുന്നില്ല. മുനികളുടെ പർണ്ണശാലയുടെ മുററമടിച്ച രാജാക്കന്മാർ വാണരുളിയ സിംഹാസനങ്ങളുടെ നേരേ ദാരിദ്ര്യം ഇങ്ങനെ തുറിച്ചുനോക്കിയിട്ടില്ല.

ഈ അസമത്വങ്ങളാം അകലണം. മാനത്തേൽപ്പുതച്ച മനുഷ്യനെ കൊന്നുതിന്നുന്ന പിശാചുക്കൾ നശിക്കണം. ഒരൊററത്തുള്ളി കണ്ണുനീർപോലും ഇനി സ്വതന്ത്രഭാരതത്തിൽ വീഴരുതു്. ഈ പാവങ്ങൾക്കു് അഗതിമന്ദിരമുണ്ടാക്കിക്കൊടുത്തു് അവരെ പോററുകയല്ല ചെയ്യേണ്ടതു്, ഇങ്ങനെ ഒരു വർഗ്ഗംതന്നെ മേലിൽ ഉണ്ടാകാതിരിക്കാൻ ശ്രമിക്കണം,

'മാവേലിനാടുവാണീടുംകാലം
മാനുഷരെല്ലാരുമൊന്നുപോലെ'

എന്നതിൻെറ അർത്ഥം, മനുഷ്യർ ഒരേ പൊക്കത്തിൽ ഒരേവണ്ണത്തിൽ ജീവിച്ചിരുന്നുവെന്നല്ല, സ്വതന്ത്രമായി ചിന്തിക്കുവാനും ജീവിക്കുവാനും ജീവിപ്പിക്കുവാനും, കുബേരകുചേല ഭേദമില്ലാതെ, പണ്ഡിതപാമരവ്യത്യാസമില്ലാതെ, ഒരുവനു സാധിച്ചിരുന്നുവെന്നാണു്. ഈപ്രകാരം സമത്വസുന്ദരമായ ഒരു അന്തരീക്ഷത്തിൽ എന്നു നമുക്കു ജീവിക്കുവാൻ സാധിക്കുമോ അന്നു മാത്രമേ നമ്മുടെ തിരുവോണമാകയുള്ളു, സ്വാതന്ത്ര്യം സ്വാതന്ത്ര്യമാകയുള്ളു.

എന്തുകൊണ്ടു് ഈ ദുരിതങ്ങൾക്കു ഇന്നു ലോകം സാക്ഷിനില്ക്കുന്നു. ഇന്നു ലോകം ഏതു നാശഗർത്തത്തിലേയ്ക്കാണു് ത്വരിതഗമനം ചെയ്യുന്നതെന്നു് എന്തുകൊണ്ടാണു് നമുക്കു ചിലപ്പോഴൊക്കെ തോന്നിപ്പോകുന്നതു്?

നമ്മുടെ ഈ ജീവിതം ഒരു വണ്ടിയാണു്. ശാസ്ത്രം സംസ്കാരം ഈ രണ്ടു കാളകളാണു് അതു് വലിക്കുന്നതു്. അവ ഒപ്പംനടന്നാൻ മാത്രമേ ജീവിതവണ്ടി പുരോഗമിക്കുകയുള്ളു. ശാസ്ത്രം മഹാകുസൃതിക്കാരനാണു്. പലപ്പോഴും അതു നുകം തട്ടിക്കളഞ്ഞു ഓടുവാൻ ശ്രമിക്കും. ആ സമയമെല്ലാം സംസ്കാരം അതിനെ പിടിച്ചുനിർത്തുകയാണു പതിവു്. സംസ്കാരത്തിൻെറ മയോശക്തികൊണ്ടോ എന്തോ: ശാസ്ത്രം ഓടിപ്പോയാൽത്തന്നെ പലപ്പോഴും അതു പശ്ചാത്താപത്തോടെ തിരിച്ചുവന്നു നുകം കഴുത്തിൽ വെയ്ക്കാറുണ്ടായിരുന്നു. സംസ്കാരത്തിൻെറ മുമ്പിൽ ഒരിക്കലും ശാസ്ത്രം അഹങ്കരിച്ചിരുന്നില്ല. ഇന്നാകട്ടെ സംസ്കാരത്തിനു ഒരടി മുന്നോട്ടുവെയ്ക്കാൻ ശക്തിയില്ല. എല്ലും തൊലിയുമായി, നരയും പതയുംവന്നു അതു കൈകാലുകളിട്ടടിക്കുന്നു. അതു തളർന്നു വളർന്നു കെട്ടിയ നുകത്തോടുകൂടി വീണുകിടക്കുകയാണു്. ഈ തക്കംനോക്കി ശാസ്ത്രം നുകംതട്ടിയോടി. അന്ധകാരത്തിൻെറ മറയിൽ ഒളിച്ചിരുന്ന സകല ജീവജാലങ്ങളേയും അതു കുത്തിക്കുത്തി രക്തത്തിൽ കുളിക്കുകയാണു്. ജീവിതവണ്ടി കിടന്ന കിടപ്പിൽനിന്നു ഉരുളുവാൻ പോകുന്നു, സംസ്കാരം മരിക്കുവാനും ഇതാണു ഇന്നത്തെ സ്ഥിതി. ശാസ്ത്രത്തിൻെറ നിഗ്രഹശക്തി കുറച്ചു അതിനു അനുഗ്രഹശക്തി കൂടുതൽ നൽകി, സംസ്കാരത്തിനോടു ഒപ്പം നടത്തണം. അല്ലെങ്കിൽ സംസ്കാരത്തിനു ശാസ്ത്രത്തോടൊപ്പംതന്നെ ശക്തിനല്കണം. എന്നാൽ മാത്രമേ ജീവിതം പുരോഗമിക്കയുള്ളു. ലോകത്തിൽ സമാധാനമുണ്ടാവുകയുള്ളു. ദേശീയബോധത്തിൻെറ തണലിൽ സംസ്കാരത്തിനു അതർഹിക്കുന്ന സ്ഥാനം കൊടുക്കുന്നില്ലെങ്കിൽ ഇന്നത്തെ വട്ടമേശസമ്മേളനങ്ങളും ഐക്യരാഷ്ട്രസമിതികളും കേവലം ചായസൽക്കാരത്തിൽ മാത്രമേ അവസാനിക്കയുള്ളു എന്നു പറയേണ്ടിയിരിക്കുന്നു.

വളരെ മര്യാദക്കാരനും ജനോപകാരിയുമായിരുന്ന ഒരു നാട്ടുമ്പുറത്തുകാരൻ പട്ടണത്തിൽ ചെന്നു സകല ദുശ്ശീലങ്ങളുടേയും വിളനിലമായിത്തിരിച്ചുവരുന്നതുപോലെയാണു്, ഒരുകാലത്തു ലോകത്തിനാകമാനംതന്നെ മാർഗ്ഗദീപമായിരുന്ന ആർഷസംസ്കാരം പാശ്ചാത്യവേഷംകെട്ടി നമ്മെ ഇത്ര അധഃപതിപ്പിച്ചതു്. കേവലം ഒരു കമണ്ഡലുവും പുലിത്തോലുമായി നമ്മുടെ സംസ്കാരം ഒരുകോണിൽ ഒതുങ്ങിനില്ക്കുന്നു. ആർഭാടംകൊണ്ടു അഹങ്കരിച്ചു പണംവാരിവിതറി പാശ്ചാത്യസംസ്കാരം അടുക്കുന്നു. ആരാണു് അതിൽ വ്യാമോഹിതരാകാത്തതു്? പരിഭ്രമിക്കാനില്ല, കൊണ്ടുവന്ന പണം തീരുമ്പോൾ പട്ടണക്കാരൻ പഴയതുപോലെ മര്യാദക്കാരനായിത്തീരുന്നതുപോലെ ആർഷസംസ്കാരത്തിൻെറ [illegible] നമുക്കുണ്ടാകുമ്പോൾ നാം പഴയ ഭാരതീയരായിത്തീരുമെന്നു പ്രത്യാശിക്കാം. അതിനു നാം വന്ന വഴിയിൽത്തന്നെ പുറകോട്ടു പോകണമെന്നില്ല, മുൻപോട്ടു പോയാൽമതി. അതാണു് ഇവിടത്തെ സംസ്കാരത്തിനുള്ള വിശേഷത.

ഇന്നും ഭാരതത്തിനു ലോകത്തിൽ ഒരു സ്ഥാനമുണ്ടെങ്കിൽ; അതു പൂർണ്ണമായിട്ടല്ലെങ്കിലും [illegible] ഇവിടത്തെ സംസ്കാരംമൂലമാണു്. [illegible]യിൽ മനുഷ്യരെ തരംതിരിച്ചുമാററുകയല്ല, മനുഷ്യരെ മനുഷ്യരാക്കുന്നതിനുള്ള ഒരു ശക്തിയാണു് ഇവിടെ പ്രചരിക്കുന്നതു്. ഇതിനാണ ആത്മീയബോധമെന്നു പേരു്. ഭാരതീയർ ഒരുമാതിരി സ്വപ്നജീവികളാണെന്നു പാശ്ചാത്യർക്കു ഇന്നും ഒരു പുച്ഛഭാവമുണ്ടു്. പക്ഷേ നമ്മുടെ സ്വപ്നങ്ങൾ യഥാർത്ഥങ്ങളേപ്പോലും അവിശ്വസിപ്പിക്കുന്നതാണെന്നു അവർ അറിഞ്ഞുകഴിഞ്ഞു. പരസ്പരവിരുദ്ധമായ സംഭവങ്ങൾകൊണ്ടു ലോകത്തെ ആകമാനംതന്നെ അത്ഭുതപരതന്ത്രമാക്കുന്ന ചില ആദർശങ്ങൾ—കമണ്ഡലുകൊണ്ടു രാജ്യം ഭരിക്കുക, അഹിംസകൊണ്ടു ഹിംസിക്കുക, ത്യാഗംകൊണ്ടു നേടുക, രക്തച്ചൊരിച്ചിലില്ലാതെ യുദ്ധംജയിക്കുക, പട്ടിണിയോടു പടവെട്ടുക ഇതെല്ലാം ഭാരതീയരുടെ പ്രത്യേകതകളാണു്. ഇന്ത്യമുഴുവൻ വിഴുങ്ങിയ ഒരുസിംഹത്തെ മയക്കി അതു വീണ്ടെടുത്ത ഒരത്ഭുതകൃത്യമാണു് നാം ഇന്നു കാണുന്നതു്. മണ്ണല്ലാത്തതെല്ലാം പൊന്നാക്കുന്ന വിദ്യ ഭാരതീയർ പ്രയോഗിക്കാറില്ല. ശാസ്ത്രമാർഗ്ഗത്തിൽക്കൂടി നാം പുരോഗമിച്ചിരുന്നെങ്കിൽ ഇന്നു ലോകംതന്നെ പൊടിക്കാൻ സാധിക്കുന്ന യന്ത്രങ്ങൾ കണ്ടുപിടിക്കാൻ കഴിയുമായിരുന്നു. പക്ഷേ ആ യന്ത്രം വെച്ചു പ്രയോഗിക്കേണ്ടതെവിടെ? സംസ്കാരത്തിൻെറ ശിരസ്സിൽ ഓമനിച്ചു കൈകൊണ്ടു ഭാരതീയർ ഒരിക്കലും ഉദകക്രിയ ചെയ്തിട്ടില്ല. അതാണു് ആർഷസംസ്കാരത്തിൻെറ മേന്മ. അതൊരു കാർഭാഷയല്ല.

ഇത്രമാത്രം ശ്രേഷ്ഠവും, ശ്രേയസ്കരവും, പ്രാചീനവുമായ സംസ്കാരം സൌന്ദര്യത്തിൽകൂടിയാണു് നമ്മുടെ പൂർവികന്മാർ കണ്ടെത്തിയതു്. ലോകം എന്നും സുന്ദരമാണു്. അതു സൌന്ദര്യത്തിൽ ജനിച്ചു്, സൌന്ദര്യത്തിൽ വളർന്നു, അതിൽ തന്നെ ഒടുവിൽ അവസാനിക്കുന്നു. ഈ പ്രപഞ്ചത്തിൻെറ സകല ചരാചരങ്ങളും ഈശ്വരൻെറ സന്ദേശവാഹകരാണെന്നും അവയെല്ലാം ഒടുവിൽ ഈശ്വരങ്കൽതന്നെ ചേരുന്നുവെന്നായിരുന്നു അവരുടെ അടിയുറച്ച വിശ്വാസം. ഈശ്വരൻ തന്നെ സൌന്ദര്യത്തിൻെറ കതിരവനാണു്. ഈശ്വരനുണ്ടെങ്കിൽ ഈ ദാരിദ്ര്യമോ, അസമത്വമോ, യുദ്ധമോ, മററും ഉണ്ടാകുമോയെന്നു് നിരീശ്വരവാദികൾ ചോദിച്ചേക്കാം. ഈശ്വരൻ ഒരു ഹോട്ടൽ ഉടമസ്ഥനോ, ലെനിനോ, ചർച്ചിലോ അല്ലെന്നു് അക്കൂട്ടർ മനസ്സിലാക്കിയാൽ നന്നായിരുന്നു. അതു നിത്യശാന്തിയാണു്. നിത്യശാന്തിയെന്നതു സൌന്ദര്യവും. ഇപ്രകാരം സൌന്ദര്യത്തിൽകൂടി സായൂജ്യം ലഭിക്കുന്നതിനു് ഭാരതീയർ പല വഴികളും വെട്ടിത്തുറന്നിട്ടുണ്ടു്. ഇവയാണു് കലകൾ. കലകൾ അറുപത്തിനാലാണു്. വിവിധനദികൾ പല വഴികളിൽകൂടി സമുദ്രത്തിൽ ചേരുന്നതുപോലെ ഈ കലകളെല്ലാം ഈശ്വരനിൽ ചേരുന്നു. നമ്മുടെ ക്ഷേത്രങ്ങൾ കലകളുടെ സങ്കേതമാകുന്നതിനുള്ള മുഖ്യകാരണം സൌന്ദര്യത്തിൽകൂടി സായൂജ്യം ലഭിക്കുന്നതിനു മാത്രമാണു്. പക്ഷേ ഇന്നു ക്ഷേത്രകലകൾ അധഃപതിച്ചിരിക്കുന്നു എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. പഴയതുപോലെ ശില്പകലാകൌശലം കാണിക്കുന്നതിനും ക്ഷേത്രഭിത്തികളിൽ മനോമോഹനമായ ചിത്രം എഴുതുന്നതിനും പ്രാപ്തിയുള്ളവർ വളരെ ചുരുക്കമാണു്, ഉണ്ടോ എന്നുതന്നെ സംശയം. ഇന്നത്തെ ക്ഷേത്രങ്ങളുടെ മതിലുകളും ഗോപുരവുമെല്ലാം ചില വികൃതികളുടെ കരികൊണ്ടുള്ള കലാപ്രദർശനത്തിനു മാത്രം ചുവരാണെന്നു എത്ര വ്യസനത്തോടെയാണു പറയേണ്ടതു്.

കലകളെല്ലാം സൌന്ദര്യത്തിൻെറ ആവിഷ്കരണമാണു്. ധാർമ്മികമായ ഒരു ഐക്യത്തിൻെറ തണലിൽ മനുഷ്യഹൃദയത്തെ അടുപ്പിച്ചുനിർത്തുവാൻ യാതൊന്നിനു ശക്തിയുണ്ടോ അതിനുമാത്രമേ കലാസൌന്ദര്യമുള്ളു. നഗ്നനൃത്തം നടത്തുന്ന ഒരു സിനിമാനടിയുടെ സൌന്ദര്യത്തെക്കാൾ, മുൾക്കിരീടം ചൂടി രക്തമൊലിപ്പിച്ചു കുരിശിൽ കിടക്കുന്ന ക്രിസ്തുവിൻെറ ചിത്രമായിരിക്കും ഒരു കലാകാരൻ ഇഷ്ടപ്പെടുന്നതു്. ബാഹ്യസൌന്ദര്യത്തിൽ ക്രിസ്തുവിൻെറ ചിത്രം ആകർഷണീയമല്ലെങ്കിലും ശാശ്വതമായ ശാന്തിക്കു പടവെട്ടുന്ന ഒരു [illegible] ലോകത്തിനു നൽവാനുള്ള ഒരു സന്ദേശമാണു് ആ ചിത്രം ഉൽഘോഷിക്കുന്നതു്. അതുപോലെതന്നെ മുൻവശത്തെ രണ്ടു പല്ലുംപോയ ഗാന്ധിജിയുടെ പുഞ്ചിരി. അതിൽ ഒരു ആത്മാർത്ഥതയുണ്ടു്. മനുഷ്യനെ മയക്കി പണം പിടുങ്ങുന്നതിനുള്ള ചിരിയല്ല, ത്യാഗത്തിൻെറ അങ്കംചൂടുന്ന തഴമ്പിൽനിന്നു രക്തംപൊടിക്കുമ്പോഴുണ്ടാകുന്ന ചിരി.

ഇതുപോലെതന്നെ കലാകാരന്മാർ സൌന്ദര്യം തേടിപ്പിടിക്കുന്നതിലും ഒരു വ്യത്യാസമുണ്ടു്. സാധാരണ ഒരു പനിനീർപ്പൂകണ്ടാൽ നാം അതിൻെറ സൌ-

(ശേഷം പതിനൊന്നാംപേജിൽ)

## പാക്കിസ്ഥാൻ ഉൽഘാടനം



ലൂയി മൌണ്ട്ബാററൻപ്രഭു പാക്കിസ്ഥാൻ കൺസ്റ്റിററുവെൻറ് അസംബ്ലിയിൽ പ്രസംഗിക്കുകയും, രാജാവുതിരുമനസ്സിലെ സന്ദേശം വായിക്കുകയും ചെയ്തശേഷം സല്യൂട്ട സ്വീകരിക്കുന്നതു്. മിസ്സ് ഫാത്തിമാജിന്നാ, കാദേ അസം ജിന്നാ, മൌണ്ട് ബാററൻപ്രഭ്വി എന്നിവരാണു കൂട്ടത്തിനില്ക്കുന്നതു്.

ചെറുകഥ

# ആ രാത്രിയിൽ

നാഗവള്ളിൽ ആർ. എസ്. കുറുപ്പ്

ആയിരത്തിതൊള്ളായിരത്തി നാല്പത്തേഴാമാണ്ട് ആഗസ്റ്റുമാസം പതിനാലാംതീയതി രാത്രി – പത്തുമണി!

ലോകത്തിൽ ആകെക്കൂടിയുള്ള ജനസംഖ്യയിൽ അഞ്ചിലൊരുഭാഗം നൂറ്റാണ്ടുനാളത്തെ അടിമത്വത്തിൽനിന്നും സ്വാതന്ത്രമാകുവാൻ വെറും രണ്ടേരണ്ടു മണിക്കൂറുകൾ മാത്രം! കേവലം നൂറ്റിയിരുപതു മിനിറ്റുകൾക്കുള്ളിൽ ഒരു മഹാസാമ്രാജ്യത്തിന്റെ ചരിത്രത്തിൽ പുതിയൊരദ്ധ്യായം ആരംഭിക്കപ്പെടുവാൻ ഭാവിക്കുന്നു! വിശാലമായ ഈ വിശ്വത്തിൽ അധിവസിക്കുന്ന മനുഷ്യരാശിയുടെ അഞ്ചിലൊന്നിന്റെ ചരിത്രത്തിലെ അതിപ്രധാനമായൊരു സംഭവമായതുകൊണ്ടു അതു മനുഷ്യരാശിയുടെ ചരിത്രത്തിലെ ഒരു മഹാസംഭവംതന്നെയാണ്.

പിറ്റേദിവസം രാവിലെ നടക്കുന്ന ഒരു മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി ജന്മദേശമായ കുട്ടനാടൻഗ്രാമത്തിൽനിന്നും പട്ടണത്തിലേക്കു ഒരു വള്ളത്തിൽ കയറി ഏകനായി പുറപ്പെട്ട ഞാൻ വിവിധചിന്തകൾക്കു വിധേയനായി വള്ളവരയ്ക്കു കീഴിലായി കുനിപ്പിടിച്ചു കുത്തിയിരുന്നു. അന്നു രാവിലെ ആരംഭിച്ച അതിവർഷം രാത്രി പത്തുമണിയായിട്ടും അശേഷം കുറഞ്ഞിട്ടില്ലെന്നു മാത്രമല്ല കുറയുന്ന മട്ടു കാണിച്ചുമില്ല. കരളു കോച്ചിപ്പിടിക്കുന്ന കുളിരു പരത്തിക്കൊണ്ടു പടിഞ്ഞാറൻകാറ്റു അനവരതമായി വീശിക്കൊണ്ടേയിരുന്നു. കർക്കടകരാവിന്റെ നാഭിയായുള്ള കാറിരുട്ടിൽ ലോകമാസകലം മൂടിപ്പൊതിഞ്ഞിരിക്കുകയാണ്. ഒന്നു രണ്ടാഴ്ചക്കാലത്തെ അതിവർഷംമൂലം വെള്ളം പൊങ്ങി ആറും തോടും അറിയാത്ത മട്ടായിത്തീർന്ന ജലപ്പരപ്പിലൂടെ പൊയ്ക്കൊണ്ടിരുന്ന എന്റെ വള്ളം ഏതോ അദൃശ്യശക്തിയുടെ അനുഗ്രഹംകൊണ്ടാണ് മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നതെന്നു എനിക്കു തോന്നി. വാസ്തവത്തിൽ ആ സമയത്തുള്ള യാത്ര ഒരു സാഹസം തന്നെയായിരുന്നു. പക്ഷേ പിറ്റേദിവസം പട്ടണത്തിൽവെച്ചു നടക്കുവാൻപോകുന്ന സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ പങ്കെടുക്കണമെന്നുള്ള അത്യാഗ്രഹവും എന്റെ വള്ളക്കാരനായ കൊച്ചുകാളിപ്പുലയന്റെ സാമർത്ഥ്യത്തിലുള്ള വിശ്വാസവുംകൊണ്ടുമാത്രമാണ് ഞാൻ ആ സാഹസത്തിനുദ്യമിച്ചത്.

തുള്ളിക്കൊരുകുടമെന്ന കണക്കിനു തകർത്തു പെയ്യുന്ന മഴയും ആർട്ടിക്ക് പ്രദേശങ്ങളിൽനിന്നും പുറപ്പെട്ടതോ എന്നു ശങ്കിക്കുമാറു ശൈത്യമുള്ള കൊടുങ്കാറ്റും കണ്ണിൽ കുത്തിയാൽപോലും കാണുന്നയാളിനെ നോക്കിക്കണ്ടായാൻ സാദ്ധ്യമല്ലാത്ത മട്ടിലുള്ള കൂരിരുട്ടും ഒന്നുചേർന്നു ഭീകരമാക്കിത്തീർത്ത ആ രാത്രിയിൽ ആ വള്ളത്തിനുള്ളിലെ കെട്ടുംതഴപ്പിൽ കിടന്നുറങ്ങുകയെന്നതു കേവലം അസാദ്ധ്യമായൊരു സംഗതിയായിരുന്നു. ഞാനതിനു ശ്രമിച്ചതേയില്ല. ഭാരതചരിത്രത്തിൽ അതിപ്രധാനമായ ആ രാത്രിയിൽ ചിന്തിക്കുവാൻ കഴിവുള്ള ആർക്കുറങ്ങുവാൻ കഴിയും? ഭൂതകാലത്തെയും ഭാവിയെയുംപറ്റി വല്ലതും ചിന്തിക്കുവാനുള്ളപ്പോൾ ഉറക്കമെന്തോ മനുഷ്യനെ തീണ്ടുക?

ഏതായാലും എനിക്കു അശേഷം ഉറക്കംവന്നില്ല. ഒരു സിഗററ് കൊളുത്തിയിട്ടു ഞാൻ ആ വള്ളവരയുടെ കീഴിലായി കുത്തിയിരുന്നു ചുറ്റുപാടുമുള്ള കൂരിരുട്ടിലേക്കു നോക്കിക്കൊണ്ടു എന്റെ ചിന്തകളുടെ കടിഞ്ഞാണയച്ചുവിട്ടു.

വിരാമമില്ലാതെ പെയ്തുകൊണ്ടിരുന്ന മഴയുടെ ശബ്ദമൊഴിച്ചു മറ്റൊന്നും കേൾക്കുവാനില്ലായിരുന്നു. ആ അതികഠിനമായ ജലവർഷം 'നീർമാക്രി'കളെപ്പോലും നിശ്ശബ്ദരാക്കിയിരുന്നു. പ്രപഞ്ചം മുഴുവൻ ഭയചകിതമായതുപോലെ തോന്നി. യാതൊന്നും ശബ്ദിച്ചില്ല. ഇടവിടാതുള്ള ഇടവപ്പാതിയുടെ ഭയങ്കരശബ്ദം മാത്രം.

ആ അസഹ്യമായ അതിവർഷത്തിന്റെ ആഘാതമേറ്റു എന്റെ വള്ളത്തിന്റെ വള്ളവര തകർന്നുപോകുമെന്നും ഞാൻ ആ പെരുമഴയുടെ ഭാരം മുഴുവൻ താങ്ങേണ്ടിവരുമെന്നും എനിക്കു തോന്നിപ്പോയി. എത്രനേരമാണു അതിഭയങ്കരമായ ജലവർഷം ആ കൊച്ചു വള്ളവര താങ്ങിനില്ക്കുക! ഭാരതീയനാകമാനം ഉണർന്നിരുന്നു ഉല്ലാസമായി കൊണ്ടാടേണ്ട ആ രാത്രി ഇത്രമാത്രം ഭീകരവും നിരുന്മേഷവുമാക്കിത്തീർത്ത ഇടവപ്പാതിയോടു എനിക്കു കഠിനമായ കോപം തോന്നി. ഒരു രാത്രിയിലേക്കെങ്കിലും അതിനൊന്നു മാറി നിൽക്കരുതോ?

പെട്ടെന്നു മറ്റൊരു ചിന്ത എന്റെ മനസ്സിലുദിച്ചു. ഏകദേശം രണ്ടു നൂറ്റാണ്ടുകാലത്തെ വിദേശഭരണത്തിന്റെ മാലിന്യങ്ങൾ കഴുകിക്കളയുന്നതിനായിരിക്കും ഈ ജലവർഷമെന്നു എനിക്കു തോന്നി. ആ നീണ്ട കാലഘട്ടത്തിനുള്ളിൽ പല പല മാലിന്യങ്ങളും കളങ്കങ്ങളും ഈ നാട്ടിലുണ്ടായിട്ടുണ്ട്. നിരവധി നിരപരാധികളുടെ രക്തംകൊണ്ടു ഇവിടത്തെ മണ്ണു കറപിടിച്ചിട്ടുണ്ട്. ലക്ഷോപലക്ഷം സാധുക്കളുടെ കണ്ണീരുകൊണ്ടു കുഴഞ്ഞിട്ടുണ്ട്. പട്ടിണികിടന്നു പൊരിഞ്ഞു ഇഞ്ചിഞ്ചായി മരിച്ച ആയിരം നിർഭാഗ്യമനുഷ്യരുടെ അസ്ഥിപഞ്ജരങ്ങളുമായി കൂട്ടിക്കുഴഞ്ഞിട്ടുണ്ട്. ആ മാലിന്യങ്ങളെല്ലാം കഴുകിക്കളഞ്ഞിട്ടു വേണ്ടേ പുതിയൊരു കാലഘട്ടം തുടങ്ങുവാൻ? അതിനായിരിക്കാം പ്രകൃതി ഇങ്ങനെ ജലവർഷം നടത്തുന്നതു!

എന്നെ വലയം ചെയ്തിരുന്ന കൂരിരുളിലേക്കു ഞാൻ തുറിച്ചു നോക്കി. പ്രകാശത്തിന്റെ നേരിയ ഒരു കിരണംപോലും കടക്കുവാനനുവദിക്കാത്ത ഒരു കറുത്ത കരിമ്പടം പുതച്ചു പ്രകൃതി ഉറങ്ങുകയാണെന്നു എനിക്കു തോന്നി. വെള്ളം പൊങ്ങി നിറഞ്ഞു കായൽപോലായിക്കഴിഞ്ഞ ആ പാടത്തിന്റെ ഇരുവശങ്ങളിലുമായി നിരവധി പുലയരുടെ കുടിലുകളുണ്ടെന്നു എനിക്കറിയാമായിരുന്നെങ്കിലും അതിന്റെ ഒരു നേരിയ ചിഹ്നംപോലും കാണമായിരുന്നില്ല. ഒരു കൊച്ചു ദീപംപോലും മങ്ങിമങ്ങി പ്രകാശിച്ചില്ല. മനുഷ്യവാസത്തിന്റെ യാതൊരു ലക്ഷണവുമില്ല. സകലതും കട്ടത്ത കൂരിരുളിൻ ചുരുളിലായി മറഞ്ഞു കിടക്കുകയാണ്.

പെറ്റനാടിന്റെ ചരിത്രത്തിലെ അതിപ്രധാനമായ ആ രാത്രിയിൽ ആ പ്രദേശത്തു അതിന്റെ യാതൊരനക്കവുമില്ല. ഒരാഘോഷവുമില്ല. ആ കുടിലുകളിൽ വിളക്കു കൊളുത്തി വെച്ചു മാതൃഭൂമിയുടെ നെടുനാളത്തെ അടിമത്തം മാറുന്ന സുമുഹൂർത്തം കാത്തുകൊണ്ടു ആരും കുത്തിയിരിക്കുന്നില്ല. സ്വജീവിതങ്ങൾക്കു വരുവാൻപോകുന്ന ആ വലിയമാറ്റം — അടിമത്വത്തിൽനിന്നു സ്വാതന്ത്ര്യത്തിലേക്കുള്ള ആ മഹാമാറ്റം — അവരറിയുന്നില്ലെന്നോ? അതോ അറിഞ്ഞിട്ടും അവർ അലക്ഷ്യരായി കിടന്നുറങ്ങുകയാണോ? അവർ ആ മാറ്റത്തിൽ അഭിമാനം കൊള്ളുന്നില്ലേ? നാടിന്റെ സ്വാതന്ത്ര്യലബ്ധിയിൽ അവർ ആവേശഭരിതരാകുന്നില്ലേ? അടിമഭാരതത്തിൽ ഇത്രനാളായി ജീവിച്ചുപോന്ന അവർ സ്വതന്ത്രഭാരതത്തിൽ ജീവിക്കുവാനുള്ള ഭാഗ്യം കൈവന്നപ്പോൾ അതിൽ ആഹ്ലാദിക്കുന്നില്ലെന്നോ?

ഇല്ല. ഞാൻ സ്വയം ചിന്തിച്ചു. അവരൊന്നുമറിയുന്നില്ല. സമുദായത്തിന്റെ ഏറ്റവും താഴത്തെ പടിയിലായി കഴിഞ്ഞുകൂടുന്ന അവർ മുകളിൽ നടക്കുന്ന സംഭവങ്ങളൊന്നും അറിയാറില്ല. അഥവാ അറിഞ്ഞാൽതന്നെയും അവയൊന്നും പ്രായേണ അവരെ സ്പർശിക്കാറു പതിവില്ലാത്തതുകൊണ്ടു അവയെപ്പറ്റി ചിന്തിക്കാറുമില്ല. അജ്ഞതയിൽ മുഴുകി പട്ടിണിയും കഷ്ടപ്പാടുമായി കഴിഞ്ഞുകൂടുന്ന അവർക്കു രാഷ്ട്രീയകാര്യങ്ങളിലിടപെടുവാൻ സ്വാതന്ത്ര്യമോ, സന്ദർഭമോ, സമയമോ ഉണ്ടോ? പക്ഷേ വരുവാൻപോകുന്ന വൻപിച്ച പരിവർത്തനം അവരുടെ ജീവിതങ്ങളേയും സാരമായി സ്പർശിക്കുന്ന ഒന്നല്ലേ? രാഷ്ട്രീയവും സാമുദായികവും സാമ്പത്തികവുമായ ഒരു മഹാപരിവർത്തനത്തിന്റെ നാന്ദിയല്ലേ അല്പസമയത്തിനുള്ളിൽ ചൊല്ലുവാൻ പോകുന്നതു? എന്നിട്ടും അവർക്കതിൽ ഉത്സാഹമില്ലെന്നോ? നാടൊട്ടുക്കു മുഴങ്ങുന്ന ആ മൂന്നക്ഷരത്തിന്റെ — 'സ്വാതന്ത്ര്യ'ത്തിന്റെ — മാറ്റൊലി അവരുടെ കർണ്ണങ്ങളിലെത്താതിരിക്കുമോ? അതിൽ ആവേശം കൊള്ളാതിരിക്കുവാൻ അവർക്കു സാധിക്കുമോ? എനിക്കതു വിശ്വസിക്കുവാൻ കഴിഞ്ഞില്ല.

വാസ്തവത്തിൽ അവരെയല്ലേ ആ പരിവർത്തനം കൂടുതലായി സ്പർശിക്കുന്നതു? നിലവിലിരിക്കുന്ന സാമ്പത്തികവ്യവസ്ഥിതിയ്ക്കൊരു മാറ്റം വരുമ്പോൾ അവരല്ലേ അതു കൊണ്ടുവരുന്നതു? അസമത്വവും അനീതിയുംകൊണ്ടു അടിയുറപ്പിച്ചിരിക്കുന്ന സാമുദായികസംവിധാനം പാടേ പൊളിച്ചുമാറ്റപ്പെടുന്നതിന്റെ പ്രാരംഭമാണ് അന്നുരാത്രി പന്ത്രണ്ടുമണി കഴിക്കുന്നതെങ്കിൽ തീർച്ചയായും മറ്റാരേയുംകാൾ കൂടുതലായി അവരല്ലേ ആ മുഹൂർത്തം ആഘോഷപൂർവം കൊണ്ടാടേണ്ടതു?

പക്ഷെ ആ മുഹൂർത്തത്തിന്റെ ഗൗരവത്തെപ്പറ്റി, പ്രാധാന്യത്തെപ്പറ്റി അജ്ഞരായ അവർക്കെന്തറിയാം? ആരാണു അവരെ പറഞ്ഞു മനസ്സിലാക്കുവാൻ? പട്ടണങ്ങളിൽ സ്വാതന്ത്ര്യദിനം കൊണ്ടാടുന്നതിനുള്ള ഒരുക്കങ്ങളുമായി രാപകൽ ഓടിനടക്കുന്ന രാഷ്ട്രീയപ്രവർത്തകന്മാർക്കും, നേതാക്കന്മാർക്കും നാട്ടിൻപുറങ്ങളിലെ പുല്ലുമാടങ്ങളിലേയ്ക്കു പോകുവാൻ സമയമുണ്ടോ? പാവപ്പെട്ട പുലയരുടേയും പറയരുടേയും പൊട്ടക്കുടിലുകൾതോറും നടന്നു സ്വാതന്ത്ര്യദിനത്തിന്റെ പ്രാധാന്യം പറഞ്ഞുമനസ്സിലാക്കുകയെന്ന വിരസമായ ജോലി ചെയ്യുവാൻ ആർക്കു മനസ്സുണ്ടാകും? സ്വാതന്ത്ര്യദിനാഘോഷത്തിനുവേണ്ടി പട്ടണവാസികളിൽനിന്നും പണംപിരിച്ചെടുത്തു പതാകാഭിവന്ദനങ്ങളും ഘോഷയാത്രകളും മീറ്റിങ്ങുകളുമൊക്കെ നടത്തി പൊതുജനങ്ങളുടെ പ്രശംസയും അഭിനന്ദനങ്ങളും പത്രങ്ങളിലൂടെ നേടുന്നതിനുപകരം യാതൊരുതരത്തിലുള്ള ലാഭവുമില്ലാത്ത ഒരുപാഴ്‌വേലയ്ക്കു പോകുവാനുള്ള ബുദ്ധിശൂന്യത ഏതു പൊതുക്കാര്യപ്രസക്തനുണ്ടാവുക! അങ്ങനെ പട്ടണങ്ങളിൽ സ്വാതന്ത്ര്യദിനാഘോഷത്തിനുള്ള ഗംഭീരസജ്ജീകരണങ്ങൾ നടക്കുമ്പോൾ അതിന്റെ യാതൊരു ഛായപോലുമില്ലാതെ ഗ്രാമങ്ങളിലെ പാഴ്പ്പുല്ലുമാടങ്ങൾ കഴിഞ്ഞുകൂടുന്നു?

പെട്ടെന്നു എനിക്കു എന്നെപ്പറ്റിത്തന്നെ അല്പം നിന്ദതോന്നി. ഞാനെന്തിനു സ്വാതന്ത്ര്യദിനാഘോഷത്തിനായി എന്റെ ജന്മദേശമായ ആ കുഗ്രാമംവിട്ടു പട്ടണത്തിലേക്കു പോകുന്നു? എന്റെ നാട്ടിൽവെച്ചു കേവലം ചുരുങ്ങിയമട്ടിലെങ്കിലും എനിക്കതാകാമായിരുന്നില്ലേ? എന്റെ നാട്ടിലുള്ള പുലയരേയും പറയരേയും വിളിച്ചുകൂട്ടി അവരോടു സ്വാതന്ത്ര്യദിനത്തിന്റെ പൂർണ്ണമായ അർത്ഥവും ഭാരതത്തിലാകമാനം ഉണ്ടാകുവാൻപോകുന്ന പരിവർത്തനത്തിന്റെ പ്രാധാന്യവും പറഞ്ഞു മനസ്സിലാക്കരുതായിരുന്നോ? പട്ടണത്തിലെ പൊതുയോഗത്തിൽ സന്നിഹിതരാകുന്ന സ്വാർത്ഥലോലുപന്മാരോടും കരിഞ്ചന്തക്കാരോടും മുതലാളിമാരോടും മറ്റും പ്രസംഗിക്കുന്നതിൽ എത്രയോ കൂടുതൽ പ്രയോജനം എന്റെ നാട്ടിലെ പാവപ്പെട്ട കർഷകരോടു പ്രസംഗിച്ചാലുണ്ടാകുമായിരുന്നു! പക്ഷെ ഞാനതിനു സന്നദ്ധനായില്ല. കാരണം പ്രസിദ്ധിയുടെ ലഹരി എന്നെയും വിട്ടിട്ടില്ല. ഒരു കുഗ്രാമത്തിലെ പാവപ്പെട്ട കർഷകരുടെ ചെറുസമ്മേളനത്തിൽ പ്രസംഗിച്ചാൽ എനിക്കു പ്രത്യേകമായൊരു പ്രസിദ്ധി ലഭിക്കുകയില്ല. ആ സമ്മേളനത്തിന്റെ റിപ്പോർട്ടോ എന്റെ പ്രസംഗസംഗ്രഹമോ എന്റെ പേരുപോലുമോ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയില്ലെന്നു വരാം.

ആ ചെറുസമ്മേളനത്തിൽ സംബന്ധിക്കുന്ന സാധുക്കൾ എന്റെ പ്രസംഗം ശ്രദ്ധയോടെ ശ്രവിക്കുമെങ്കിലും എന്നെ പ്രീതിപ്പെടുത്തുവാനോ ഉന്മേഷപ്പെടുത്തുവാനോ ആയി ഇടയ്ക്കിടെ കരഘോഷം മുഴക്കുകയില്ല. അവർക്കതറിഞ്ഞുകൂടാ. നേരെമറിച്ചു പട്ടണത്തിലാകട്ടെ ഇവയെല്ലാം എനിക്കു ലഭിക്കും. കേവലം പൊള്ളയാണെങ്കിലും — എന്റെ മനസ്സിനെ ലഹരിപിടിപ്പിക്കത്തക്ക പ്രശംസയും പ്രസിദ്ധിയുമെല്ലാം വേണ്ടുവോളം അവിടുണ്ട്. മറ്റുള്ളവരേപ്പോലെ പ്രസിദ്ധിയുടെ ലഹരി എനിക്കും ഇഷ്ടമായതുകൊണ്ടല്ലേ ഞാനും എന്റെ കുഗ്രാമംവിട്ടു പട്ടണത്തിലേയ്ക്കു പോകുന്നതു?

ഇമ്മാതിരി ചിന്തകളിൽ മുഴുകിയിരുന്ന ഞാൻ സമയംപോയതറിഞ്ഞില്ല. ഒരു സിഗററുകൂടി കൊളുത്തുന്നതിനായി തീപ്പെട്ടിക്കമ്പുരച്ചപ്പോൾ ഞാൻ റിസ്റ്റുവാച്ചിലേക്കു നോക്കി. പതിനൊന്നരമണി! അടിമഭാരതത്തിന്റെ ചരിത്രം അവസാനിക്കുവാൻ അരപ്പത്തുമിനിട്ടുകൾ മാത്രം! ഭാരതീയസ്വാതന്ത്ര്യത്തിനുവേണ്ടി സ്വജീവിതങ്ങൾ ബലികഴിച്ച ആയിരമായിരം ത്യാഗികളുടെ ആത്മാക്കൾ ആ അരപ്പത്തുമിനിട്ടുകൾകൂടി അവസാനിക്കുവാൻ അക്ഷമരായി അംബരദേശത്തു കാത്തുനില്ക്കുന്നുണ്ടെന്നു എനിക്കു തോന്നി. ആ അരപ്പത്തുമിനിട്ടുകൾ എന്തൊരു വമ്പിച്ച മാറ്റമാണു ഈ ഭൂഖണ്ഡത്തിലുണ്ടാക്കുവാൻ പോകുന്നതെന്നു ഞാൻ വീണ്ടും ചിന്തിച്ചുപോയി! സൂര്യനസ്തമിക്കാത്ത ഒരു സാമ്രാജ്യത്തിൽ സൂര്യനസ്തമിപ്പിക്കുക, ഒരു മഹാസാമ്രാജ്യത്തിന്റെ ഉദയത്തിനു സാക്ഷിനിൽക്കുക;

അമ്പമ്പോ — അരപ്പത്തു മിനിട്ടുകൾക്കുള്ളിൽ നടക്കുവാൻ പോകുന്ന മഹാസംഭവങ്ങൾ! ചരിത്രാതീതകാലത്തിലേക്കു നീണ്ടു കിടക്കുന്ന സംസ്കാരത്തോടു കൂടിയ ഒരു വിശാല ഭൂഖണ്ഡം അതിന്റെ നഷ്ടപ്പെട്ടുപോയ സ്വാതന്ത്ര്യം വീണ്ടെടുക്കുവാൻ പോകുന്ന ആ മുഹൂർത്തത്തിൽ വിശ്വം മുഴുവൻ ഉണർന്നിരിക്കേണ്ടതാണെന്നു എനിക്കു തോന്നി. ആ അരപ്പത്തുമിനിട്ടുകൾകൂടി കഴിയുവാൻ ഞാൻ അക്ഷമനായി. ജനിച്ചനാൾതൊട്ടു മറ്റൊരുവന്റെ അടിമയായിക്കഴിഞ്ഞ ഞാൻ അല്പസമയത്തിനുള്ളിൽ സമ്പൂർണ്ണസ്വതന്ത്രനാകുവാൻ പോകുകയാണ്. അരപ്പത്തുമിനിട്ടുകൾ കൂടിക്കഴിഞ്ഞാൽ എനിക്കു മറ്റേതു രാജ്യക്കാരന്റെയും മുമ്പിൽ തലയുയർത്തിപ്പിടിച്ചു നില്ക്കാം. അവരോടു തുല്യനിലയിൽ പെരുമാറാം. ഞാനൊരു ഭാരതീയനാണെന്നു സാഭിമാനം പറയാം! എന്റെ നാടാണു ഭാരതമെന്നു സാഹങ്കാരം അട്ടഹസിക്കാം!

എന്റെ ഹൃദയം അതിവേഗം തുടിച്ചു തുടങ്ങി. സന്തോഷംകൊണ്ടു എനിക്കു വീർപ്പുമുട്ടുന്നവെന്നു തോന്നി. ഞാൻ അപ്പോഴും തകർത്തു പെയ്തുകൊണ്ടിരുന്ന മഴയുടെ ശബ്ദത്തിനുപരിയായി വിളിച്ചു:–

'കൊച്ചുകാളീ! — !'

'ഏ —'

'എവിടായി?'

'അടുക്കാറായി!'

'ഊന്നിവിട്ടു: ഒരു മണിക്കൂറിനകം അങ്ങുചെല്ലണം കേട്ടോ?'

'ഓ —'

ഞാൻ വീണ്ടും നിശ്ശബ്ദനായിരുന്നു ചിന്തിക്കുവാൻ തുടങ്ങി. ഇത്തവണ എന്റെ ചിന്തകൾ എന്റെ വള്ളക്കാരനെപ്പറ്റിയായി. ആ പെരുമഴ മുഴുവൻ നനഞ്ഞുകൊണ്ടു ആ കൂരിരുട്ടിലൂടെ എന്നെ ഉദ്ദിഷ്ടസ്ഥാനത്തെത്തിക്കുവാൻ പോകുന്ന അവനറിയുന്നുണ്ടോ ഒരു മണിക്കൂറിനുള്ളിൽ അവൻ സ്വതന്ത്രഭാരതത്തിലെ ഒരു പൗരനായിത്തീരുമെന്നു? പെരുമഴ നനഞ്ഞു വിറച്ചു വിറങ്ങലിച്ചുകൊണ്ടു വള്ളം ഊന്നുന്ന അവനും വള്ളവരയ്ക്കുള്ളിൽ ചൂടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു സിഗററുംവലിച്ചു അലസനായി കുത്തിയിരിക്കുന്ന എനിക്കും ഒരുപോലെ ഭാവിഭാരതത്തിൽ തുല്യസ്ഥാനമായിരിക്കും ഉണ്ടായിരിക്കുന്നതെന്നു! ഉണ്ടാകേണ്ടതും അതുതന്നെയാണ്. പക്ഷെ സ്വാതന്ത്ര്യത്തിന്റെ പടിവാതുക്കലാണു താൻ നില്ക്കുന്നതെന്ന കഥപോലും അവനറിഞ്ഞിട്ടില്ല. അഥവാ അറിഞ്ഞിട്ടുണ്ടെങ്കിൽ തന്നെയും പരമ്പരയായി വിവിധരീതിയിലുള്ള അടിമത്വത്തിൽ കഴിയുന്ന അവനെങ്ങിനെയാണ് സ്വാതന്ത്ര്യത്തിന്റെ അർത്ഥം ഗ

(ശേഷം നാലാംപേജിൽ)

(മൂന്നാംപേജിൽനിന്നും തുടർച്ച)

ഠിക്കുന്നതു്? എത്ര തലമുറകൾ കഴിഞ്ഞാലാണു് അവന്റെ വർഗ്ഗക്കാർ സ്വാതന്ത്ര്യത്തിന്റെ പൂർണ്ണമായ സുഖമനുഭവിക്കുവാൻ പോകുന്നതെന്നു് ഞാൻ ചിന്തിച്ചുപോയി.

കൊച്ചുകാളിയിൽനിന്നും പുറപ്പെട്ട ഒരു ശബ്ദം എന്റെ ചിന്തകൾക്കു വിരാമമിട്ടു. ഞാൻ ശ്രദ്ധിച്ചു. അല്പനിമിഷങ്ങൾക്കു ശേഷം വീണ്ടും അവൻ വിളിച്ചു പറഞ്ഞു:—

"വള്ളം! വള്ളം വടക്കേ പോ!"

കാറിരുട്ടിൽ എതിരെ വരുന്ന വള്ളങ്ങൾക്കുവേണ്ടിയാണിങ്ങനെ വിളിച്ചു പറയുന്നതു്. കുട്ടനാടൻവാഹനമായ വള്ളത്തിൽ വള്ളക്കാരൻതന്നെയാണു് ഡ്രൈവറും എഞ്ചിനും ഹാറണും എല്ലാം!

'തോട്ടിലേക്കാറിയോ കാളീ?'

ഞാൻ വിളിച്ചു ചോദിച്ചു.

'ഓ—'

ഇടയ്ക്കിടെ 'വള്ളം—വള്ളം—' എന്ന ഹാറൺ മുഴക്കിക്കൊണ്ടു് ആ തോട്ടുങ്ങളും പിന്നിട്ടു. പിന്നീടൊരു പാടമാണു്. ആ പാടംകൂടി കഴിഞ്ഞാൽ പട്ടണത്തിലേക്കു നയിക്കുന്ന തോടാണു്.

ആ കൊച്ചു പാടംപോലും അനന്തവിസ്തൃതമായി ആ രാത്രിയിൽ കാണപ്പെട്ടു. ഞങ്ങൾ ആ പാടത്തിലേക്കു പ്രവേശിച്ചതോടെ പടിഞ്ഞാറൻകാറ്റിന്റെ ശക്തി പെട്ടെന്നു പെരുകി. ഞങ്ങളുടെ പ്രവേശനത്തെ പ്രതിരോധിക്കുവാനെന്നവണ്ണം അലകൾ ഞങ്ങളുടെ വള്ളത്തിനു മുമ്പിൽ അണിനിരക്കുവാനാരംഭിച്ചു. പടിഞ്ഞാറൻകാറ്റു ഉഗ്രസ്വരത്തിൽ പ്രതിഷേധസൂചകമായി മൂളി. വള്ളം ഒരടിപോലും മുന്നോട്ടു നീങ്ങുവാൻ വിസമ്മതിച്ചു. കൊച്ചുകാളിയുടെ കരുത്തേറിയ തഴമ്പിച്ച കരങ്ങൾക്കുപോലും ആ അലകളുടെയും കൊടുങ്കാറ്റിന്റെയും ആക്രമണത്തെ നേരിടുവാൻ സാധിച്ചില്ല. അവൻ മെല്ലെ വള്ളം പാടത്തിന്റെ അരുകുചേർത്തു പിടിക്കുവാൻ ശ്രമം തുടങ്ങി.

'എന്താ കൊച്ചുകാളീ?' ഞാൻ ഉറക്കെ വിളിച്ചു ചോദിച്ചു.

'ഇങ്ങിനി കഴിഞ്ഞേ പോകാവേ. പെഴച്ചുകാറ്റു തമ്മതിക്കുകേല.' അവൻ വിളിച്ചുകൂവി.

'എന്നാ വല്ലിടത്തും അടുത്തു കെട്ടിക്കെടക്കാം. കാറ്റൊന്നു ശമിച്ചിട്ടു പോകാം.' ഞാൻ പറഞ്ഞു.

'ഓ—'

അവൻ അതിസാഹസംചെയ്തു് വള്ളം പാടത്തിന്റെ ഒരുവശത്തേക്കു നയിക്കുവാൻ ശ്രമിച്ചു. ഞാൻ നാലുഭാഗത്തേക്കും നോക്കി. എവിടെയാണു് അടുത്തു കെട്ടിക്കിടക്കുക? നോക്കുന്നിടത്തൊക്കെ ജലപ്പരപ്പല്ലാതെ മറ്റൊന്നും കാണ്മാനില്ല. മനുഷ്യവാസത്തിന്റെ ലക്ഷണമേയില്ല. പിന്നെവിടെയാണു് ആ കൊടുങ്കാറ്റിൽനിന്നും അഭയം ലഭിക്കുന്നതു്?

എന്റെ മനസ്സിൽ അല്പം ഭീതിയുളവായി. ആ ജലപ്പരപ്പിന്റെ മദ്ധ്യത്തിലായി അത്യുഗ്രമായ കൊടുങ്കാറ്റിനും തകർത്തു പെയ്യുന്ന മഴയ്ക്കും പരിപൂർണ്ണവിധേയനായി ആ രാത്രി കഴിച്ചുകൂട്ടേണ്ടിവന്നാലുള്ള അവസ്ഥയോർത്തു് എന്റെ അകം ചൂളിപ്പോയി. കരകാണാത്ത ആ ജലപ്പരപ്പിൽ കരളുകോച്ചിക്കുന്ന കൊടുംതണുപ്പത്തു് ഒരു രാത്രി കഴിച്ചുകൂട്ടുകയോ? അതും ഭാരതം സ്വതന്ത്രമാകുന്ന ആ രാത്രി!

ആ വെള്ളപ്പൊക്കസമയത്തു്, പെരുമഴയത്തു് ഒരു വള്ളത്തിൽ അസമയത്തു യാത്രതിരിച്ചതിൽ ഞാൻ സ്വയംപഴിച്ചു; പശ്ചാത്തപിച്ചു. പക്ഷെ അതുകൊണ്ടെന്തു ഫലം?

പെട്ടെന്നു് ഉഗ്രമായി വീശിക്കൊണ്ടിരുന്ന കൊടുങ്കാറ്റിന്റെ മൂളലിനുപരിയായി മുഴങ്ങിയ ഒരു ശബ്ദം എന്റെ കാതിൽ പതിച്ചു. കൊടുങ്കാറ്റിന്റെ ചൂളംവിളിയാണെന്നു് എനിക്കു ആദ്യം തോന്നിയെങ്കിലും വീണ്ടും ചെവിയോർത്തപ്പോൾ അതൊരു മനുഷ്യരോദനമാണെന്നു എനിക്കു സംശയംതോന്നി. ഞാൻ വീണ്ടും ചെവിയോർത്തിരുന്നു. അല്പനിമിഷങ്ങൾക്കുള്ളിൽ അതു വീണ്ടും ആവർത്തിക്കപ്പെട്ടു.

'എന്റമ്മേ—'

ഇത്തവണ എനിക്കു യാതൊരു സംശയവുമുണ്ടായില്ല. അതൊരു മനുഷ്യരോദനംതന്നെയായിരുന്നു. വേദനയനുഭവിക്കുന്ന ഏതോ മനുഷ്യനിൽനിന്നുയരുന്ന ദീനരോദനം.

'കൊച്ചുകാളീ!' ഞാൻ ഉറക്കെവിളിച്ചു.

'ഏ—' അവൻ വിളികേട്ടു.

'അതു കേട്ടോ, ആ കരച്ചിൽ?'

'ഓ—'

'അങ്ങോട്ടടുപ്പിക്കു്. അതൊരു വീടായിരിക്കണം.'

'ഓ—'

അല്പനിമിഷങ്ങൾകൂടി കഴിഞ്ഞപ്പോൾ ആ രോദനം വളരെ സമീപത്തുനിന്നും മുഴങ്ങി. ഞാൻ ഞെട്ടിയിട്ടു് ആ ശബ്ദം പുറപ്പെട്ട ദിക്കിലേക്കു നോക്കി. പക്ഷെ ആ കാറിരുട്ടിൽ യാതൊന്നും കാണുവാൻ സാധിച്ചില്ല. അവ്യക്തമായൊരു ഭീതി എന്നെ ബാധിച്ചു. ആരാണു് ആ രാത്രിയിൽ ദീനമായി കേഴുന്നതു്? എന്തിനു്? ആ രോദനം പുറപ്പെട്ടതു് വളരെ സമീപത്തുനിന്നാണെന്നു സ്പഷ്ടം. പക്ഷെ ആ കാറിരുട്ടിൽ മുഴുകിക്കിടക്കുന്ന ആ ജലപ്പരപ്പിൽനിന്നും ഒരു മനുഷ്യരോദനം എങ്ങനെ പുറപ്പെടുവാനാണു്?

ഉൽക്കണ്ഠാകുലങ്ങളായ നാലഞ്ചുനിമിഷങ്ങൾകൂടി കഴിഞ്ഞു. ഞങ്ങളുടെ വള്ളം പെട്ടെന്നുറച്ചു. അതോടൊന്നിച്ചു വ്യക്തമായി വള്ളത്തിന്റെ വലതുവശത്തുനിന്നും ആ കരുണമായ കരച്ചിൽ മുഴങ്ങി. ഞാൻ അതിഭയങ്കരമായി ഞെട്ടിയിട്ടു് ചാടിയെഴുന്നേറ്റു് മഴ വകവയ്ക്കാതെ വളവരയുടെ വെളിയിലേക്കിറങ്ങി ആ ശബ്ദം പുറപ്പെട്ടയിടത്തേക്കു നോക്കി. ഒന്നുമില്ല. കേവലം കൂരിരുളുമാത്രം!

ഭയംകൊണ്ടു ഞാൻ ആലിലപോലെ വിറച്ചുപോയി. കുഞ്ഞുനാളിൽ കേട്ടിട്ടുള്ള യക്ഷികഥകൾ എന്റെ ഓർമ്മയിലെത്തി. അവയുടെ യാഥാർത്ഥ്യം എനിക്കനുഭവപ്പെടുവാൻപോകയാണോ? എനിക്കൊന്നും മനസ്സിലായില്ല.

ഭയാകുലമായ സ്വരത്തിൽ ഞാൻ കൊച്ചുകാളിയോടു ചോദിച്ചു:—

'നമ്മളെവിടെ കൊച്ചുകാളീ? ആ കരച്ചിലെവിടുന്നാ?'

'ഇതൊരു പെലത്തറയാ തമ്പ്രാനേ. മഴമൊറച്ചുപോയി. കാറ്റുകൊറേന്നവരെ ഇവിടെക്കെടക്കാം.'

ഏതു ഭയങ്കരമായ കൂരിരുളിനേയും തുളയ്ക്കുവാൻതക്ക കരുത്തുള്ള കൊച്ചുകാളിയുടെ കണ്ണുകൾ പരമാർത്ഥം കണ്ടുപിടിച്ചു. ഞാൻ ആശ്വാസപൂർവ്വം ആ കൂരിരുളിലേക്കു സൂക്ഷിച്ചുനോക്കിയപ്പോൾ ഒരു കുടിലിന്റെ രൂപം അവ്യക്തമായി കണ്ടു. ആ കൊച്ചുകുടിലിന്റെ മുൻവശത്താണു് ഞങ്ങളുടെ വള്ളം ഉറച്ചുപോയതു്. കറുത്തിരുണ്ട ആ കൊച്ചുകുടിൽ ആ കൂരിരുളിൽ സാധാരണദൃഷ്ടിക്കു തീരെ ഗോചരമായിരുന്നില്ല. ഞാൻ എന്റെ ഭീതിയെയോർത്തു് സ്വയം മന്ദഹസിച്ചുപോയി.

പെട്ടെന്നു് ആ നീണ്ടനിലവിളി വീണ്ടും മുഴങ്ങി. ഇത്തവണ ഞാൻ തീരെ ഭയപ്പെട്ടില്ല. ആ കുടിലിനുള്ളിൽനിന്നാണു് ആ വിളി മുഴങ്ങിയതെന്നു എനിക്കു മനസ്സിലായി. അതിനുള്ളിൽ ദുസ്സഹവേദനയനുഭവിക്കുന്ന ആരോ കിടപ്പുണ്ടു്. ആ നിർഭാഗ്യവാനായ മനുഷ്യനെ ആശ്വസിപ്പിക്കുവാനുള്ള ആഗ്രഹം എനിക്കുളവായി. ഞാൻ കൊച്ചുകാളിയോടു പറഞ്ഞു:—

'കൊച്ചുകാളീ, നീയൊന്നു വിളിച്ചുനോക്കു്. ആരാണു കരയുന്നതെന്നു് എനിക്കറിയണം.'

എന്റെ നിർദ്ദേശമനുസരിച്ചു് കൊച്ചുകാളി വള്ളത്തിൽനിന്നും താഴെയിറങ്ങി മുട്ടറ്റമുണ്ടായിരുന്ന വെള്ളത്തിലൂടെ നീന്തി ആ കുടിലിന്റെ കതകിനു തട്ടിവിളിച്ചു. അല്പനിമിഷങ്ങൾക്കുശേഷം ആ കതകു തുറക്കപ്പെട്ടു. ഒരു പൊട്ടവിളക്കുമായി കറുത്തിരുണ്ട ഒരു പ്രാകൃതമനുഷ്യൻ വാതുക്കലായി പ്രത്യക്ഷപ്പെട്ടു. കൊച്ചുകാളി അയാളോടെന്തോ അടക്കിയസ്വരത്തിൽ പറഞ്ഞു. അയാളും അവനോടെന്തോ പറഞ്ഞു. പക്ഷെ വീണ്ടും ആ നീണ്ട നിലവിളി കുടിലിനുള്ളിൽനിന്നും മുഴങ്ങി. ആ പ്രാകൃതമനുഷ്യൻ പരിഭ്രമത്തോടെ ആ പൊട്ടവിളക്കുമായി ഉള്ളിലേക്കു പാഞ്ഞു. ആ പരിസരങ്ങൾ വീണ്ടും ഇരുളിലായി.

ഇതിനകം അക്ഷമയുടെ അങ്ങേഅറ്റത്തെത്തിക്കഴിഞ്ഞ ഞാൻ വള്ളത്തിൽനിന്നും വെള്ളത്തിലേക്കു ചാടിയിറങ്ങി ആ കുടിലിന്റെ നേർക്കു നീന്തിനടന്നു. ഞാൻ അതിന്റെ മുൻവശത്തെത്തിയപ്പോഴേക്കും ആ മനുഷ്യൻ വിളക്കുമായി വീണ്ടും പ്രത്യക്ഷപ്പെട്ടു. എന്നെ കണ്ടപ്പോൾ അയാൾ ഞെട്ടിയിട്ടു് പരിഭ്രമിക്കുന്നതു് ഞാൻ സ്പഷ്ടമായി കണ്ടു. ഞാൻ കൊച്ചുകാളിയോടായിട്ടു ചോദിച്ചു:—

'എന്താ കൊച്ചുകാളീ?'

'ഈ അമ്മന്റെ പെലക്കള്ളിക്കു് പേറുനോവെടുക്കുകാ, തമ്പ്രാനേ!' കൊച്ചുകാളി പറഞ്ഞു.

ഞാൻ കഠിനമായി ഞെട്ടിപ്പോയി. തീരെ അപ്രതീക്ഷിതമായിരുന്നു ആ വാർത്ത. ആ കാളരാത്രിയിൽ ഒരു സ്ത്രീ പ്രസവിക്കുകയോ?

ഞാൻ ആ കുടിലിന്റെ മണ്ണുതിണ്ണയിലേക്കു കയറി. പാദംനനയുവാനുള്ള വെള്ളം ആ തിണ്ണയിലുമുണ്ടായിരുന്നു. എന്നെ കണ്ടയുടൻ ആ മനുഷ്യൻ ആദരപൂർവ്വം വണങ്ങി. അതു ശ്രദ്ധിക്കാതെ ഞാൻ ചോദിച്ചു:—

'ഇവിടെ നിങ്ങളെക്കൂടാതെ വേറെ ആരുണ്ടു്?'

'ആരുമില്ലേ—അടിയനും പെലക്കള്ളീം മാത്രമേയൊള്ളേ!' അയാൾ പറഞ്ഞു.

'അടുത്തെങ്ങുമാരുമില്ലേ?'

'ഇല്ലേ. വെള്ളംകേറിയപ്പം കൂട്ടരെല്ലാം പോയേ. പെലക്കള്ളിക്കു് മാസം തെകഞ്ഞകൊണ്ടു് അടിയങ്ങളുമാത്രം പോയില്ലേ—'

ആ അനാവശ്യമായ അതിവിനയവും ദൈന്യഭാവവും എന്റെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു. ഞാൻ വീണ്ടും ചോദിച്ചു:-

'ഇവിടെ അടുത്തെങ്ങാനും വൈദ്യന്മാരോ വയറ്റാട്ടിമാരോ മറ്റോ ഉണ്ടോ?'

'ഇല്ലേ—'

എന്റെ മനസ്സിൽ അകാരണമായൊരു ഭീതി തോന്നി: ആ കൊടുംതണുപ്പുള്ള രാത്രിയിൽ വെള്ളംകേറിക്കഴിഞ്ഞ ആ കൊച്ചുകുടിലിനുള്ളിൽ വൈദ്യസഹായം കൂടാതെ ഒരു സ്ത്രീയ്ക്കു പ്രസവിക്കുവാൻ സാധിക്കുമോ? ഏതായാലും ആ പ്രസവത്തിനു സാക്ഷിനില്ക്കുകയും കഴിയുന്നത്ര സഹായം ചെയ്തുകൊടുക്കുകയും ചെയ്യേണ്ടതു് എന്റെ കടമയാണെന്നു് എനിക്കു തോന്നി. അല്ലെങ്കിൽ ആ രാത്രിയിലെന്തിനു് ഞാൻ ആ കുടിലിന്റെ മുൻവശത്തെത്തി? അജ്ഞേയമായ പ്രപഞ്ചശക്തിയുടെ പ്രവർത്തനമല്ലേ അതു്? തീർച്ചയായും നിസ്സഹായരായ ആ ആത്മാക്കൾക്കു് എന്തെങ്കിലും സഹായം ചെയ്യുവാനല്ലേ പ്രപഞ്ചശക്തി എന്നെ അവരുടെ അരികിലെത്തിച്ചതു്?

ഞാൻ തിരിഞ്ഞു് കൊച്ചുകാളിയോടു പറഞ്ഞു.

'ആ വള്ളത്തിലെ പലകയും എന്റെ ബാഗും ആ കാപ്പിപ്പാത്രവും ഇങ്ങെടുത്തോണ്ടുവാ. ഞാനിവിടെ ഇരിക്കാൻ പോകുവാ. ഈ പ്രസവം കഴിഞ്ഞിട്ടേ പോകുന്നൊള്ളൂ.'

ആ രണ്ടു പുലയരും എന്നെ സാകൂതം തുറിച്ചു നോക്കി. ഞാൻ പുഞ്ചിരിയോടെ തുടർന്നുപറഞ്ഞു.

'ആരെങ്കിലും സഹായത്തിനു വേണ്ടേ ഇവിടെ? എന്നെയാണു് ഈശ്വരൻ നിശ്ചയിച്ചതെന്നു് തോന്നുന്നു. ഏതായാലും പ്രസവം കഴിഞ്ഞിട്ടേ ഞാൻ പോകുന്നൊള്ളൂ. എല്ലാമെടുത്തോണ്ടുവാ, കൊച്ചുകാളീ!'

കൊച്ചുകാളി എന്റെ ആജ്ഞയനുസരിച്ചു് വള്ളപ്പലകയും എന്റെ തോൾസഞ്ചിയും ചൂടുകാപ്പിനിറച്ച തെർമോസ് ഫ്ലാസ്കും കൊണ്ടുവന്നു. ഞാൻ ആ പലക തിണ്ണയിൽ ഇട്ടു് അതിന്മേലിരുന്നു. ഗൃഹനായകനായ ആ പുലയൻ ആദരവോടെ ആ കൊച്ചു വിളക്കു് എന്റെ അരികിലേക്കു വെയ്ക്കുവാൻ ഭാവിച്ചപ്പോൾ ഞാൻ പറഞ്ഞു.

'വേണ്ട. അകത്തു് വേറെ വിളക്കുണ്ടോ?'

'ഇല്ല—'

'എന്നാൽ കൊണ്ടുപോയി അകത്തുവെയ്ക്കൂ!' അയാൾ അനുസരിച്ചു.

അകത്തു് സൃഷ്ടിയുടെ മഹാവേദനകളനുഭവിക്കുന്ന ആ സാധുസ്ത്രീയുടെ ദീനരോദനങ്ങളും ഞരക്കങ്ങളും കേട്ടുകൊണ്ടു് ആ തണുത്ത തിണ്ണയിലിരുന്ന എന്റെ മനസ്സിൽ നിരവധി ചിന്തകൾ ഓളംതല്ലി. എന്താണു ഞാൻ കാണുവാൻ പോകുന്നതു്? ഒരു മനുഷ്യന്റെ ജനനം! വൈദ്യന്റെയോ വയറ്റാട്ടിയുടെയോ സഹായം കൂടാതെ ശുശ്രൂഷയ്ക്കായി ഒരു സ്ത്രീ പോലുമില്ലാതെ ഒരു സാധുസ്ത്രീ പ്രസവിക്കുവാൻ ഭാവിക്കയാണു്. സ്വതന്ത്രഭാരതത്തിലെ ഒരു പൗരൻ ജനിക്കുവാൻ ഭാവിക്കുകയാണു്. ദാരിദ്ര്യത്തിന്റെ തറവാടായ ആ കൊച്ചുകുടിലിൽവെച്ചു് സ്വതന്ത്രഭാരതത്തിലെ ഒരു പൗരൻ വിശ്വപ്രകാശത്തിലേക്കു് ആദ്യമായി കണ്ണുതുറക്കുവാൻ പോവുകയാണു്! എന്താണു് ആ പൗരന്റെ കണ്ണിൽ ആദ്യമായിപ്പെടുക? കട്ടപിടിച്ച കൂരിരുളു്! എന്താണവൻ ആദ്യമായി കേൾക്കുന്ന ശബ്ദം? കൊടുങ്കാറ്റിന്റെ അലർച്ച. പെരുമഴയുടെ ഭയങ്കരാരവം! എന്താണവനാദ്യമായി അനുഭവപ്പെടുവാൻ പോകുന്നതു? കൊടിയ തണുപ്പു്. സർവ്വാംഗം മരവിപ്പിക്കുന്ന തണുപ്പു്! അമ്മയുടെ ഉദരത്തിലെ ആശ്വാസകരമായ ചൂടിൽനിന്നും ഈ കൊടിയ തണുപ്പിന്റെ ലോകത്തിലേക്കിറങ്ങിയതിൽ അവന്റെ അന്തരാത്മാവു പശ്ചാത്തപിക്കുകയില്ലേ? മനം മരവിപ്പിക്കുന്ന ഒരു സ്വീകരണമല്ലേ ഈ കരുണയറ്റ ലോകം അവനു നൽകുവാൻ പോകുന്നതു്?

എന്റെ ചിന്തകളെ ചിന്നിച്ചിതറിച്ചുകൊണ്ടു നീണ്ട നാലഞ്ചു നിലവിളികൾ അകത്തുനിന്നും മുഴങ്ങി. ഞാൻ ഞെട്ടിയിട്ടു് സമീപത്തായി നിന്നിരുന്ന കൊച്ചുകാളിയോടു ചോദിച്ചു:—

'എന്താ കൊച്ചുകാളീ?'

'ആകാറായെന്നാ തോന്നുന്നേ!'

ആ ഹതഭാഗ്യയായ സ്ത്രീയുടെ ഭർത്താവായ മനുഷ്യനും വെളിയിൽതന്നെ നില്പുണ്ടായിരുന്നു. തനിക്കേറ്റവും പ്രിയപ്പെട്ട ആ ആത്മാവിന്റെ ആപത്സന്ധിയിൽ അടുത്തുനിന്നാശ്വസിപ്പിക്കരുതെന്നു ശാസിക്കുന്ന ആചാരത്തിന്റെ അടിമയായ ആ മനുഷ്യനെ കണ്ടപ്പോൾ എനിക്കു ആദ്യം പുച്ഛമാണു് തോന്നിയതെങ്കിലും ക്രമേണ എനിക്കും സാധുമനുഷ്യനോടു ആത്മാർത്ഥമായ സഹതാപം തോന്നി. സാധു! ഞാനെന്തിനവനെ പുച്ഛിക്കണം? പഴിക്കണം? അഭ്യസ്തവിദ്യരെന്നു നടിക്കുന്നവർപോലും പരമ്പരയായി ആദരിച്ചുപോരുന്ന കേവലം അനാചാരങ്ങളുടെ അടിമകളായിരിക്കുമ്പോൾ അജ്ഞതയുടെ അടിത്തട്ടിൽ കിടക്കുന്ന അവനു ആചാരങ്ങളെ എതിർക്കുവാനുള്ള കഴിവില്ലാത്തതിനു അപരാധിയാണോ? വാസ്തവത്തിൽ അർത്ഥശൂന്യങ്ങളും അനാവശ്യങ്ങളുമെന്നു ബോദ്ധ്യമുള്ള എത്രയെത്ര ആചാരങ്ങൾ നാം ഇന്നുംപ്രതി അന്ധമായി ആദരിക്കുന്നുണ്ടു്! പ്രത്യേകിച്ചു ഭാരതീയന്റെ കഥകയല്ലേ ആചാരങ്ങൾ! ആ നിലയ്ക്കു ആ സാധുപുലയനെങ്ങനെ അതിൽനിന്നും വ്യത്യസ്തനാകും?

അകത്തുനിന്നും വീണ്ടും പുറപ്പെട്ട അത്യുച്ചത്തിലുള്ള നാലഞ്ചു നീണ്ട നിലവിളികൾ എന്നെ ചിന്തകളുടെലോകത്തിൽനിന്നും നിഷ്ഠൂരം വലിച്ചിട്ടു. ആ പുലയന്റെ മുഖം വിളറുന്നതും അയാൾ നിസ്സഹായഭാവത്തിൽ നാലുപാടും പകച്ചു നോക്കുന്നതും ഞാൻ അകത്തു വെച്ചിരുന്ന വിളക്കിൽനിന്നും വെളിയിലേയ്ക്കു പ്രസരിച്ച മങ്ങിയ വെളിച്ചത്തിലും സ്പഷ്ടമായി കണ്ടു. ഞാൻ മെല്ലേ എഴുന്നേറ്റുനിന്നു. കൊച്ചുകാളിയും പ്രതീക്ഷയുടെ പാരമ്യത്തിലെത്തിയെന്നു് അവന്റെ മുഖംവിളിച്ചുപറഞ്ഞു.

പെട്ടെന്നൊരു നിശ്ശബ്ദത! ഉഗ്രമായി വീശിക്കൊണ്ടിരുന്ന കൊടുങ്കാറ്റു ഒന്നടങ്ങി. തകർത്തു പെയ്തുകൊണ്ടിരുന്ന മഴയും തെല്ലൊന്നു ശമിച്ചു. പ്രകൃതിപോലും എന്തോ പ്രതീക്ഷിച്ചുകൊണ്ടു വീർപ്പടക്കി നില്ക്കുകയാണെന്നു എനിക്കു തോന്നി.

പ്രതീക്ഷയുടെ പെരുംഭാരവും പേറിക്കൊണ്ടു നാലഞ്ചു നിമിഷങ്ങൾ മെല്ലെ മെല്ലെ കടന്നുപോയി. ആ നിശ്ശബ്ദത കേവലം ദുസ്സഹമായി എനിക്കു തോന്നി.

പെട്ടെന്നൊരു കരച്ചിൽ! പരമശാന്തമായ ഒരു തടാകത്തിൽ പെട്ടെന്നുപതിച്ച ഒരു കൊച്ചുകല്ലെന്നപോലെ ഒരു ശിശുരോദനം ആ നിശ്ശബ്ദമായ അന്തരീക്ഷത്തിൽ കൊച്ചലകളുണ്ടാക്കി. ഞങ്ങൾ മൂവരുടേയും മുഖം വികസിച്ചു. അല്പനേരത്തിന്നു ആ സാധുപുലയന്റെ പല്ലുകൾ കറുത്ത ചുണ്ടുകൾക്കിടയിലൂടെ മിന്നിത്തിളങ്ങി. ഞാൻ എന്റെ റിസ്റ്റുവാച്ചിലേക്കു നോക്കി. മണി പന്ത്രണ്ടു്.

(ശേഷം അഞ്ചാംപേജിൽ)

(നാലാംപേജിൽനിന്നും തുടൎച്ച)

൧൯൪൭ ആഗസ്റ്റ് ൧൪ രാത്രി ൧൨ മണി! സ്വതന്ത്രഭാരതത്തിന്റെ ജന്മമുഹൂൎത്തം! നവഭാരതത്തിന്റെ ജന്മമുഹൂൎത്തം! ആ സുമുഹൂൎത്തം സംഘോഷം കൊണ്ടാടുവാനായി പട്ടണത്തിലേക്കു പുറപ്പെട്ട ഞാനിതാ ഒരു കൊച്ചുകുടിലിൽ കയറിയിരുന്നു ഒരു സാധുകർഷകന്റെ ജനനത്തിനു സാക്ഷിനില്ക്കുന്നു! സ്വതന്ത്രഭാരതത്തിന്റെ ജനനത്തിനു കാരണക്കാരായ ഭാരതീയരാഷ്ട്രീയനേതാക്കന്മാരുടെ ആഹ്ളാദാരവങ്ങൾ റേഡിയോവിലൂടെയെങ്കിലും കേൾക്കണമെന്നുള്ള അത്യാഗ്രഹത്തോടെ പെരുമഴയും കൊടുങ്കാറ്റും കൂട്ടാക്കാതെ ആ അസമയത്തു് പട്ടണത്തിലേക്കു പുറപ്പെട്ട എനിക്കു സാധിച്ചതു് ഒരു സാധുപ്പെൺപൈതലിന്റെ ജന്മദാതാവിന്റെ ആനന്ദത്തിൽ പങ്കുകൊള്ളുന്നതിനാണു്.

എനിക്കല്പം നിരാശ തോന്നിപ്പോയി. പക്ഷെ ഇതിനകം ഉള്ളിലേക്കു മറഞ്ഞിട്ടു് കൈയ്യിൽ 'ള്ളേം! ള്ളേം!' എന്നു കരയുന്ന ഒരു കൊച്ചുപൈതലുമായി മടങ്ങിവന്ന ആ സാധുപ്പുലയന്റെ ആത്മാൎത്ഥമായ സന്തോഷം കണ്ടപ്പോൾ ഞാൻ മറ്റെല്ലാം മറന്നു് ആ കുഞ്ഞിനെ ശ്രദ്ധിച്ചുനോക്കി. ആ അച്ഛൻ അതിനെ എന്റെ മുമ്പിലേക്കു നീട്ടിക്കാണിച്ചു.

കറുത്തു കൊഴുത്ത ഒരു കൊച്ചുകുഞ്ഞു്! ഒരാൺകുഞ്ഞു്! കുഞ്ഞിക്കൈകൾ ചുരുട്ടിക്കൊണ്ടു് അതു 'ള്ളേം! ള്ളേം!' എന്നു് ആവുന്നത്ര ഉറക്കെ കരയുന്നുണ്ടായിരുന്നു. അതാണു് ഭാരതീയചരിത്രത്തിലെ സുപ്രധാനമുഹൂൎത്തത്തിൽ ജനിച്ച ശിശു!

ഞാനതിനെ കൗതുകപൂർവ്വം, നോക്കിക്കൊണ്ടു നിമിഷനേരംനിന്നു. പെട്ടെന്നു എനിക്കു തോന്നി അതു പുതുതായി ജന്മമെടുത്ത സ്വതന്ത്രഭാരതമാണെന്നു! അതെ സ്വതന്ത്രഭാരതംതന്നെയാണതു്. കറുത്ത ഭാരതം. കഷ്ടപ്പാടുകളുടെ സന്താനമായ ഭാരതം. മർദ്ദിതരുടേയും ചൂഷിതരുടേയും സന്താനമായ സ്വതന്ത്രഭാരതം. പിറക്കുന്ന നിമിഷംതൊട്ടു് അത്യദ്ധ്വാനം ചെയ്തു ജീവിക്കേണ്ട ഭാരതം. കുടിലിൽ പിറന്നു് വയലുകളിൽ വളരേണ്ട ഭാരതം. മറ്റാരുടേയും സഹായമോ ഔദാൎയ്യമോ കൂടാതെ നൈസർഗ്ഗികമായ ശക്തിവിശേഷംകൊണ്ടു ജന്മമെടുത്ത സ്വതന്ത്രഭാരതം! അതാണു് എന്റെ മുമ്പിലുള്ള ശിശുവെന്നു് എനിക്കു തോന്നി.

ഞാൻ ആദരപൂർവ്വം കൈകൾ നീട്ടി ആ ശിശുവിനെ എടുത്തു. ആ ശിശുവിന്റെ ശരീരസ്പർശമേറ്റപ്പോൾ ഞാൻ ഉടനീളം കോരിത്തരിച്ചു. അപ്പോഴും ഉറക്കെക്കരഞ്ഞുകൊണ്ടിരുന്ന ആ ശിശുവിനെ നോക്കിക്കൊണ്ടു് ഞാൻ മെല്ലെ പറഞ്ഞു:—

'കരകുഞ്ഞേ ഉറക്കെക്കരയൂ. നീ ജനിച്ച വിവരം സകലരേയും അറിയിക്കൂ! നീ കറുത്തതാണു്. നിന്റെ പുറകിലായി നെടുനാളത്തെ ചൂഷണത്തിന്റേയും മർദ്ദനത്തിന്റേയും ചരിത്രമാണുള്ളതു്. പൊട്ടക്കുടിലിലാണു നീ ജനിച്ചതു്. കഷ്ടപ്പെട്ടുള്ള പണിയെടുത്തെങ്കിൽ മാത്രമേ നിനക്കു പട്ടിണി കൂടാതെ കഴിയാനൊക്കൂ. അജ്ഞതയുടേയും അനാചാരങ്ങളുടേയും ആഴത്തിലാണു നീ ഇന്നു ജീവിക്കുന്നതു്. പക്ഷെ നീ സ്വതന്ത്രനാണു്. ശക്തനാണു്. സത്യസന്ധനായ കർഷകനാണു്. നിന്റെ പ്രയത്നഫലമാണു് ഇന്നുവരെയും ലോകമനുഭവിച്ചതു്; മേലിൽ അനുഭവിക്കുവാൻ പോകുന്നതു്!'

ഞാൻ അല്പനിമിഷങ്ങൾകൂടി ആ ശിശുവിനെ ഉറ്റുനോക്കിക്കൊണ്ടുനിന്നിട്ടു് തിരിഞ്ഞു് കൊച്ചുകാളയോടു പറഞ്ഞു.—

'എന്റെ ആ സഞ്ചി തുറന്നു് അതിനുള്ളിലുള്ള മൂന്നുനിറത്തിലുള്ള തുണിക്കഷ്ണം ഇങ്ങെടുത്തുകൊണ്ടുവാ!'

സ്വാതന്ത്ര്യഭാരതത്തിന്റെ ജന്മമുഹൂൎത്തത്തിൽ പട്ടണത്തിലെ എന്റെ വാസസ്ഥലത്തു് ഉയർത്തിക്കെട്ടുവാനായി ഉദ്ദേശിക്കപ്പെട്ടിരുന്ന ആ ത്രിവൎണ്ണപതാക സ്വതന്ത്രഭാരതത്തിന്റെ സജീവചിഹ്നമെന്നു് എനിക്കു ബോദ്ധ്യപ്പെട്ട ആ ശിശുവിനെ ഞാൻ പുതപ്പിച്ചു. ത്യാഗത്തിന്റെയും സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അക്രമരാഹിത്യത്തിന്റെയും സന്ദേശമുൾക്കൊള്ളുന്ന ആ പതാകയിൽ പൊതിഞ്ഞ ആ ശിശുവിനെ ഞാൻ മെല്ലെ എന്റെ ശിരസ്സിനു മുകളിലേക്കു് ആദരപൂർവ്വം ഉയർത്തിപ്പിടിച്ചിട്ടു് നിമിഷനേരം നിശ്ചലനായി നിന്നു. അനന്തരം അതിനെ ആ അച്ഛന്റെനേർക്കു് അതിനെ നീട്ടിക്കൊണ്ടു് ഞാൻ പറഞ്ഞു:—

'ഇതാ ഈ കുഞ്ഞിനെ കാണാനും കയ്യിലെടുത്തു ലാളിക്കാനുമിടയായതു് എന്റെ ഭാഗ്യമായി ഞാൻ കരുതുന്നു. ഇതിനു ജന്മം കൊടുത്തവരാണു ഭാഗ്യവാന്മാർ!'

എന്റെ അത്ഭുതകരമായ പ്രവൃത്തികളുടെയോ വാക്കുകളുടേയോ അൎത്ഥം അശേഷംപോലും മനസ്സിലാക്കാതെ കുഞ്ഞുണ്ടായ സന്തോഷത്താൽ മതിമറന്നുനിന്നിരുന്ന ആ അച്ഛൻ ആ ശിശുവിനെ കയ്യിൽ വാങ്ങി ലാളിക്കുവാൻ തുടങ്ങി. ആ അച്ഛൻ ഭാരതത്തിലെ ബഹുലക്ഷം ജനങ്ങളാണെന്നു് എനിക്കു തോന്നി. സ്വതന്ത്രഭാരതത്തിന്റെ ജന്മത്തിനുത്തരവാദികളും അതിൽ സന്തോഷിക്കുകയും ചെയ്യുന്നവരെങ്കിലും ആ സ്വതന്ത്രഭാരതശിശുവിന്റെ മാഹാത്മ്യവും കഴിവുകളും അതിന്റെ കുറവുകളും പോരായ്മകളും അശേഷമെങ്കിലും അറിഞ്ഞുകൂടാത്ത ഭാരതത്തിലെ ബഹുലക്ഷം ജനങ്ങൾ!


അല്പനിമിഷങ്ങൾക്കുശേഷം നിറഞ്ഞ ഹൃദയത്തോടെ ഞാനെന്റെ യാത്ര തുടൎന്നു.

പിറ്റേദിവസം പട്ടണത്തിൽവെച്ചു നടന്ന ഗംഭീരമായ സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ പങ്കുകൊണ്ടു് ഒരു മഹാസദസ്സിനെ അഭിമുഖീകരിച്ചുകൊണ്ടു പ്രസംഗിച്ചപ്പോഴും എന്റെ മനസ്സിൽ മുന്തിനിന്ന ചിത്രം ത്രിവൎണ്ണപതാകയിൽ പൊതിഞ്ഞ ഒരു കറുത്ത ശിശുവിനെ ലാളിച്ചുകൊണ്ടു ഒരു കൊച്ചുകുടിലിന്റെ മുമ്പിലായി നിൽക്കുന്ന ആ സാധുകർഷകന്റേതായിരുന്നു!

---

പകർപ്പവകാശം കഥികനു്.

—o—




# ബോംബെ മലയാളി

(നാലാം അഖിലബോംബെ മലയാളിസമ്മേളനസ്മാരകഗ്രന്ഥം)
(തൃതീയസമ്പുടം)

**പ്രസാധകന്മാർ, എം. കെ. നായർ & ഏ ഏ. നായർ**

**വില 2 ഉറുപ്പിക**

ബോംബെനഗരത്തിൽ അധിവസിക്കുന്ന മലയാളിസഹോദരങ്ങൾ ജന്മഭൂമിയോടുള്ള മഹത്തായ കർത്തവ്യത്താൽ പ്രചോദിതരായി കേരളീയൎക്കു സമൎപ്പിക്കുന്ന ഉപഹാരമാണു ഈ പ്രസിദ്ധീകരണം. മുന്നത്തെ വാൎഷികപ്രസിദ്ധീകരണങ്ങളുടെ പന്തിയിൽ പിൻതള്ളപ്പെടാതിരിക്കാനുള്ള ഒരുക്കങ്ങളെല്ലാം ഇതു പൂർത്തിയാക്കപ്പെട്ടിട്ടുണ്ടെങ്കിലും മലയാളികളുടെ ഈ അഭിമാനസ്വത്തിൽ കേരളത്തിന്റെ വ്യക്തിമുദ്ര വേണ്ടവോളം പതിഞ്ഞിട്ടില്ല. ഗദ്യപദ്യാത്മകങ്ങളായ നവ്യലേഖനങ്ങളെക്കൊണ്ടു ഈ സമ്പുട സമൃദ്ധി സാധിക്കുന്നു. വള്ളത്തോൾമഹാകവി 'നീതിയുടെവേഷ'ത്തിൽ ആദ്യസ്ഥാനത്തിരിക്കുന്നു. ശ്രീ. ജി. ശങ്കരക്കുറുപ്പ് 'കടലിലേക്കു്'നോക്കി ഇതിന്റെ കലാശം ചവിട്ടുന്നു.

വള്ളത്തോൾകവിതകൾക്കുള്ള സൗന്ദൎയ്യലഹരിയും ഗാനരസികതയും ഈ നീതിയുടെ വേഷംകെട്ടലിൽ വളരെയൊന്നും അനുഭവപ്പെടുന്നില്ലെങ്കിലും, ആദൎശോന്മുഖമായ ചിന്തോദ്ദീപകതയും സമഭാവനാസുരഭിലമായ സൎവ്വസാഹോദൎയ്യമനസ്ഥിതിയും സവിശേഷം പ്രശോഭിച്ചുരളി കവിയുടെ ആചാര്യപദവി അദ്ദേഹത്തെ സ്വയംഗ്രഹാശ്ലേഷംചെയ്യുകതന്നെയാണിതിൽ. ബോംബെയും പ്രാചീനകേരളീയരും ആണു് ഉപന്യാസപംക്തിയിലെ മുന്നിലക്കാരൻ. ശ്രീ. ഏ. ബാലകൃഷ്ണപിള്ളയുടെ ചരിത്രവിജ്ഞാനപാരമ്യം അതിന്റെ മൂൎദ്ധന്യദശയെ പ്രദൎശിപ്പിക്കുകയാകുന്നു ഈ ലേഖനത്തിൽ. ശാസ്ത്രവിഷയങ്ങൾക്കു സഹജമായുള്ള പരുഷതയും ശുഷ്കതയും സഹിക്കാൻ സന്നദ്ധതയുള്ള അനുവാചകനേ ആ സഹനസമരത്തിൽനിന്നു സമീചീനമായ സൽഫലം സമാസ്വദിക്കാൻ സാധിക്കുകയുള്ളു. അത്തരം ചിന്താശീലന്മാൎക്കു വളരെ പ്രയോജനപ്പെടുന്ന പല കണ്ടുപിടിത്തങ്ങളും ഈ ലേഖനത്തിൽ അദ്ദേഹം സംഭരിച്ചിട്ടുണ്ടു്. ശ്രീമതി ബാലാമണിഅമ്മയുടെ ഉണ്ണിപ്പാട്ടു്, ആ കവിയിത്രിയുടെ ആദ്ധ്യാത്മികപ്രവണതയേയും സൗന്ദൎയ്യബോധത്തേയും സമഞ്ജസപ്പെടുത്തി ഒരു പ്രത്യേകമണ്ഡലത്തിലേക്കുയരുന്നു. എന്നാൽ പദസാരള്യത്തിൽ വേണ്ടത്ര നിഷ്കർഷ ചെലുത്തിക്കാണാത്തതുകൊണ്ടു സർവ്വാംഗീണമായ രസാനുഭൂതി സംസിദ്ധമാകുന്നില്ലെന്നു രസികന്മാർ പരിഭവപ്പെട്ടേക്കാം.

ശ്രീ: കേശവദേവ്, ചെറുകഥാലോകത്തിൽ ഉഷസ്സു് പ്രത്യക്ഷമാകുന്നു. ഇതു് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അഭിനന്ദനീയമായ ഒരു ബുദ്ധിവ്യവസായമായിട്ടുണ്ടെന്നു സമ്മതിച്ചേ തീരൂ. ഒരു കവിയുടെ പ്രകൃതിനിരീക്ഷണപാടവത്തിൽ മാത്രം പ്രതിഫലിക്കുന്ന മഹനീയഭാവനകൾ ഈ ചെറുകഥയെ സമുജ്ജ്വലമാക്കുന്നു: കഥയാണെങ്കിൽ രാഷ്ട്രീയപശ്ചാത്തലത്തിൽ മന്മഥകഥാഗന്ധം പുരളാതെ വികാരസ്ഫുലിംഗങ്ങളെ വാരിവൎഷിക്കുന്നു. രസാത്മകമായ വൎണ്ണനകൾ, സ്വഭാവോക്തിയെ തലോടിനില്ക്കുന്നവകൾ. എന്നാൽ 'ഏതോ സുന്ദരിയുടെ നെറ്റിത്തടത്തിൽനിന്നു അടൎത്തിയെടുത്തു അദൃശ്യമായ നൂലിൽ കെട്ടിത്തൂക്കിയ ചാന്തുപൊട്ടുപോലെ ഒരു കൃഷ്ണപ്പരുന്തു ആകാശത്തിന്റെ ഗഹനതയിൽ വട്ടത്തിലങ്ങനെ കറങ്ങുന്നതായി' ശ്രീ: കേശവദേവ് ഭാവനചെയ്യു മഹാകവിപ്പട്ടം നേടേണ്ടതില്ലായിരുന്നു ഒരു ദിക്കിൽ അനുവാചകൻ ചോദിച്ചുപോകാതിരിക്കയുമില്ല. കേരളത്തിൽ രാജാവുണ്ടായിരുന്നുവോ എന്ന കുഞ്ഞൻതമ്പുരാന്റെ ചോദ്യം ഈയവസരത്തിൽ പ്രത്യേകിച്ചും ശ്രദ്ധിക്കാനുള്ളതാണു്. അതിനു് ഉപോൽബലകമായ ചില വസ്തുതകൾ മാത്രമേ ആ ഉപന്യാസത്തിൽ നിരത്തിക്കാണുന്നുള്ളുവെങ്കിലും പ്രാചീനചരിത്രഗവേഷകന്മാൎക്കു ഒരു മാർഗ്ഗദീപം അതിൽ അടങ്ങിപ്രകാശിച്ചുകാണാം. അടുത്തതായി സരസ്വതിയുടെ മാതൃകകൾ, എന്ന ചെറുകഥയാണു് ആകർഷകമായ ഒരുപഹാരം. നമ്മുടെ ഭരണപരിഷ്കാരം അമേരിക്കൻമോഡലാകുമ്പോൾ നമ്മുടെ പ്രണയവും അതിനൊപ്പിച്ചു വേണ്ടതാണെന്നു, അങ്ങനെ ഒരു ഹാസ്യാനുകരണമായി അതു നമ്മെ രസിപ്പിക്കുന്നു. കഥാകർത്രിസന്മാർഗ്ഗവ്യവസ്ഥതിരെ ചവച്ചുതുപ്പിയെറിയുവാൻ ഭാവിക്കുന്നുണ്ടോയെന്നു പരിവ്യഗ്രമനഃസ്ഥിതിയിൽ അനുവാചകനെ എത്തിച്ചേക്കുമെങ്കിലും ആദർശതന്ത്രവാദബന്ധിച്ചു കഥ നിബന്ധിച്ചു കഥിക നമ്മുടെ അനുഭാവത്തെ ആവൎജ്ജിക്കതന്നെ ചെയ്യുന്നു. ചൈനയിലെ യുദ്ധകാലസാഹിത്യം ആ സാഹിത്യത്തിനു വരുത്തിയ വിസ്മയമായ പരിവൎത്തനം ശ്രീ: പി. വി. കൃഷ്ണൻനായർ ഉപന്യസിക്കുന്നു. മലനാട്ടിന്റെ മഹാസന്ദേശം, ഉൾക്കൊള്ളുന്ന പി കുഞ്ഞുരാമൻനായരവർകളുടെ കാകളീകഗാനമാണു് അടുത്തതായി കേൾക്കുന്നതു്. രൂപകാലങ്കാരങ്ങളെ സർവ്വാവയവങ്ങളിലും അണിഞ്ഞു കേരളത്തിന്റെ അഭിമാനസമ്പത്തും പേറിവരുന്ന ആ കവിതാകാമിനി രതിയും വിരതിയും ഏകുകയും ഉളവാക്കുമെങ്കിലും നിസ്സർഗ്ഗമോഹനമായ ഒരു സൗകുമാൎയ്യം അതിൽ സർവ്വത്ര ഭരിക്കുന്നുണ്ടു്, ഒരു ആദർശസമ്പത്തു് അതിനു സ്വന്തമായിട്ടുണ്ടു്. വാസനാവിശേഷം അതിനു സ്വാഭാവികമായുണ്ടു്. 'ട്രപ്പീസ്' ജോലി, ശ്രീ. ഈ. എം. കോവൂരിന്റെ ഒരു ചെറുകഥയുടെ പേരാണു്. അപ്രകൃതത്തിൽകൂടെ പ്രകൃതത്തിൽ പ്രവേശിക്കുന്ന അങ്ങനെ നീണ്ട നീണ്ടുപോകുന്ന ഒരു പശ്ചാത്തലം കഥാകൃത്തു് ആദ്യമായി ഒരുക്കിയിടുന്നു. നമ്മെ മുഷിപ്പിക്കാതിരിക്കാൻ അവിടവിടെ പൂവിട്ട ആകളും ഹൃദയാകർഷകമാകുന്നു. ഒരു കേരളീയത്വം ഇതിനുണ്ടു്. കഥാതന്തുവിൽ പ്രകൃതിവൎണ്ണനകൊണ്ടു പൊൻകസവിഴ തുന്നിച്ചേൎത്തു മനോഹരമാക്കി വിലപ്പെടുത്തുകയും ബലപ്പെടുത്തുകയും ചെയ്യുന്നതിൽ അസാമാന്യനൈപുണി അദ്ദേഹം പ്രയോഗിച്ചിട്ടുണ്ടു്. കടങ്കഥകൾ അതിലെ കവിതയും സംഗീതവും, എന്ന മി: കുഞ്ഞികൃഷ്ണമേനോൻ, ബി. എ. ബി. ഓ. എൽ. അവർകളുടെ ലേഖനം നൃശാസ്ത്രപരമായി ഒരു പുതിയ അദ്ധ്യായത്തിന്റെ പീഠികയിടുന്നു. നമ്മുടെ ഭാഷാവൃത്തങ്ങളുടെ ഉല്പത്തി പ്രകരണത്തെപ്പറ്റി അദ്ദേഹം ഉന്നയിക്കുന്ന അഭിപ്രായങ്ങൾ വിചാരക്ഷമങ്ങളും സ്വതന്ത്രങ്ങളുമായിട്ടാണു തോന്നുന്നതു്. ഗവേഷകന്മാർ ശ്രദ്ധിക്കേണ്ട ഒരു നല്ല കാര്യമാണെന്നതന്നെവേണം ഇതിനെ പറയുവാൻ.

സുഖം, അതെന്തു്? എങ്ങനെ സമ്പാദിക്കാം, എന്ന പ്രശ്നവുമായിട്ട ശ്രീ പുത്തേഴം നിലകൊള്ളുന്നു. സുഖാന്വേഷിയായ ശ്രീ പുത്തേഴം അതിന്റെ വഴിപറഞ്ഞുതരുന്നു. ഇതു നാം കേട്ടുതഴമ്പിച്ച വഴിയെന്നല്ലാതെ അതിൽ കൂടുതലൊന്നും അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ല. മൂൎക്കോത്തു കുഞ്ഞപ്പയുടെ ദശാഗ്രഹം, ബംഗാളിലെ സാമൂഹ്യസ്ഥിതി ഫലിതരസത്തിൽ പ്രകാശിപ്പിക്കുന്നവയാണു. ജാമാതാ ദശമോഗ്രഹഃ എന്നുള്ള സ്ഥാപന അത്യന്തം ആസ്വാദ്യമാകുന്നുണ്ടു്. പോഞ്ഞിക്കരറാഫിയുടെ തുറന്ന വാതിൽ, റെജീനയുടെ മരണത്തിൽ വിദഗ്ദ്ധമായിക്കണ്ട തൂലികയാൽ ആ പ്രേതം ബാധിച്ചുപോലെയാണു അനുവാചകൻ അനുഭവപ്പെടുന്നതു്. രസത്തിനു വിഘാതസ്വഭാവം കൊണ്ടുവരുന്ന ആഭാസതയെ സാഹിത്യത്തിൽ പി. കൃഷ്ണൻനായരവർകൾ ചർച്ചചെയ്തു ലക്ഷ്യലക്ഷണങ്ങളെക്കൊണ്ടു വിശദീകരിക്കുന്ന പ്രൗഢോപന്യാസം ഈ സമ്പുടത്തിന്റെ അടിത്തട്ടിലമർന്നിട്ടിരിക്കയാണെങ്കിലും, സാഹിത്യപരമായി അതിന്റെ നില അത്യന്തം മികച്ചതാണെന്നു സന്തോഷപൂർവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഓരോ വിഷയത്തിലും പ്രശസ്തിനേടിയിട്ടുള്ള വിദഗ്ദ്ധന്മാരിൽനിന്നും സാഹിത്യസംഭാവനകൾ സ്വീകരിച്ചു അതിനെ ഹൃദയാകർഷകമായ സമ്പുടത്തിലടക്കി കേരളീയജനതയ്ക്കു സമൎപ്പിച്ചിരിക്കുന്ന ബോംബേമലയാളികളുടെ ഔദാര്യമനസ്കതയെ എത്ര അഭിനന്ദിച്ചാലും അതധികമായിപ്പോകുന്നില്ല.

സി. എം. പി.

—o—

# ഭരണപരിഷ്കാരവും തൊഴിലാളികളും

## മി: ഇ. എം. നമ്പൂതിരിപ്പാടിന്റെ പ്രസ്താവന

മി: ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് താഴെക്കാണുന്ന പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു:—

ഉത്തരവാദഭരണം സംബന്ധിച്ചു ഈയിടത്തെ രാജകീയവിളംബരം പുറത്തുവന്നതിൽപിന്നീട് സ്റ്റേറ്റ്കോൺഗ്രസ്സ് പ്രവർത്തകന്മാരിൽ പലരേയും ജയിലിൽനിന്നും വിടുകയുണ്ടായല്ലോ. എന്നാൽ കമ്യൂണിസ്റ്റുകാർ ഇരുപത്, രണ്ടിലും പെടാത്ത ട്രേഡ്യൂണിയൻ പ്രവർത്തകന്മാർ എന്നിവർ ഇന്നും ജയിലിൽതന്നെ കിടക്കുകയും അവരിൽ പലരുടേയും വാറണ്ടുകൾ പിൻവലിക്കാതിരിക്കുകയും രണ്ടുമൂന്നു വലിയ കേസ്സുകൾ തുടരുകയുമാണ്. അതുപോലെതന്നെ കമ്യൂണിസ്റ്റ്പാർട്ടിയുടെയും ൨൦-ൽപരം ട്രേഡ്യൂണിയനുകളുടേയും മേൽ ഗവർമ്മെന്റ് ചുമത്തിയ നിരോധനകല്പനകൾ ഇന്നും തുടർന്നുവരികയാണ്. ചുരുക്കിപ്പറകയാണെങ്കിൽ ഇവിടത്തെ സംഘടിത തൊഴിലാളിപ്രസ്ഥാനത്തിന്റെയും ഇടതുപക്ഷരാഷ്ട്രീയകക്ഷികളുടേയും നേരെ ഗവർമ്മെണ്ടിനുള്ള നിലയിൽ യാതൊരു മാററവും വരാതെയാണ് ഭരണപരിഷ്കാരം സംബന്ധിച്ച് പുതിയ പ്രഖ്യാപനം വന്നിട്ടുള്ളത്.

ഇതുസംബന്ധിച്ച് സ്റ്റേറ്റ്കോൺഗ്രസ്സ് നേതാക്കന്മാരോടും ദിവാൻജിയോടും ഇന്നലെയും ഇന്നുമായി ഞാൻ സംസാരിക്കുകയുണ്ടായി. തിരുവിതാംകൂറിലെ ചരിത്രത്തിൽ വളരെയധികം പ്രാധാന്യമുള്ള ഒരു തിരഞ്ഞെടുപ്പ് വരുന്ന ഈ സന്ദർഭത്തിൽ ആ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ എല്ലാ രാഷ്ട്രീയപാർട്ടികൾക്കും സൗകര്യമുണ്ടായിരിക്കണമെന്നും തിരുവിതാംകൂറിന്റെ ഭാവിയെ സംബന്ധിച്ച് ന്യായമായ അഭിപ്രായഗതിയുള്ള തൊഴിലാളിവർഗ്ഗത്തിനും അതിന്റെ സംഘടനകൾക്കും സൗകര്യം നല്കാതിരിക്കുന്നത് അന്യായമാണെന്നും ഞാനവരെ മനസ്സിലാക്കിക്കാൻ ശ്രമിച്ചു. ഈ തത്വത്തോട് അവരെല്ലാം യോജിക്കുന്നുണ്ടെങ്കിലും പുന്നപ്ര-വയലാർ സംഭവങ്ങളെപ്പോലുള്ള സംഭവങ്ങൾ ആവർത്തിക്കയില്ലെന്നും തിരഞ്ഞെടുപ്പുകൾ ഒരു ഭരണഘടനാസമിതി രൂപീകരിക്കുന്നതുവരെ സമാധാനം പുലർത്താൻ തൊഴിലാളിപ്രവർത്തകന്മാരും സംഘടനകളും തയ്യാറാണെന്നും ഉറപ്പു കിട്ടുന്നതുവരെ ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ നിവൃത്തിയില്ലെന്ന നിലയാണ് ഗവർമ്മെണ്ടിനുള്ളതെന്ന് ഈ സംഭാഷണങ്ങൾക്കിടയിൽ എനിക്കു മനസ്സിലാക്കാൻ സാധിച്ചു.

ഇത്തരം ഒരുറപ്പ് കൊടുക്കുവാൻ സ്റ്റേറ്റ്കോൺഗ്രസ്സ് നേതാക്കന്മാർ സ്വാഭാവികമായി തയ്യാറില്ല. അതു കൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്യേണ്ട കമ്യൂണിസ്റ്റ്—സോഷ്യലിസ്റ്റ്ട്രേഡ്യൂണിയൻ നേതാക്കന്മാരാകട്ടെ ജയിലിലും ഒളിവിലുമാകയാൽ അവർക്കതിനെക്കുറിച്ചാലോചിച്ചു എന്തെങ്കിലും പറയുവാൻ നിവൃത്തിയുമില്ല. ഈ സ്ഥിതിക്കു ഈ സംഗതിയെക്കുറിച്ചാലോചിച്ചു തീരുമാനിക്കാനുള്ള സൗകര്യം കൊടുക്കാതെങ്കിലും കമ്യൂണിസ്റ്റ-സോഷ്യലിസ്റ്റ്—ട്രേഡ്യൂണിയൻ പ്രവർത്തകന്മാരെ ജയിലിൽനിന്നും വിടുകയും അവർക്കു യോഗം കൂടാനനുവാദം കൊടുക്കുകയും, ചെയ്യാനുള്ള സന്മനസ്സ് ഗവർമ്മെന്റിനില്ലെന്നു കാണുന്നതിൽ ഞാൻ വ്യസനിക്കുന്നു.

ഈ നില തുടരുകയാണെങ്കിൽ ഗവർമ്മെന്റും തൊഴിലാളിപ്രസ്ഥാനവും തമ്മിലും, തൊഴിലാളിപ്രസ്ഥാനവും കോൺഗ്രസ്സും തമ്മിലും ഉണ്ടാവേണ്ട സൗഹാർദ്ദം ഇല്ലാത്ത ഒരു നിലയിൽ തിരഞ്ഞെടുപ്പ് നടക്കുകയും തൽഫലമായി തൊഴിലാളിപ്രസ്ഥാനത്തിന് അർഹിക്കുന്ന ഒരു പ്രാതിനിധ്യം കിട്ടാത്ത ഒരു ഭരണഘടനനിർമ്മാണസമിതി നിലവിൽ വരികയും ചെയ്യും. ഇങ്ങനെ തൊഴിലാളിപ്രസ്ഥാനത്തെ ഒഴിച്ചുനിർത്തിക്കൊണ്ടു രൂപീകരിക്കുന്ന ഭരണഘടനാനിർമ്മാണസമിതിക്ക് യഥാർത്ഥ ഉത്തരവാദഭരണത്തെ അടിസ്ഥാനപ്പെടുത്തിയ ഭരണഘടനയുണ്ടാക്കാൻ വലിയ വിഷമങ്ങൾ നേരിടുമെന്നോർക്കാൻ സ്റ്റേറ്റ്കോൺഗ്രസ്സിനോടും ഗവർമ്മെന്റിനോടും ഞാനഭ്യർത്ഥിക്കുന്നു.

വാസ്തവം പറകയാണെങ്കിൽ വയലാർ പുന്നപ്ര സംഭവങ്ങൾ ഉണ്ടാകയില്ലെന്നു ഉറപ്പ് കിട്ടണമെന്നു വാദിക്കുന്നതുതന്നെ അർത്ഥശൂന്യമാണ്. എന്തുകൊണ്ടെന്നാൽ ആ സംഭവങ്ങൾ നടന്നകാലത്തു് തിരുവിതാംകൂറിലുണ്ടായിരുന്ന രാഷ്ട്രീയസ്ഥിതിയല്ല ഇന്നുള്ളത്. കഴിഞ്ഞ പത്തു കൊല്ലത്തോളം കാലമായി ഗവർമ്മെന്റ് വളരെ ശക്തിയായി എതിർത്തു പോന്നിരുന്ന ഉത്തരവാദഭരണമനുവദിക്കുവാൻ ഗവർമ്മെന്റ് ഇന്നു തീരുമാനിച്ചിരിക്കുന്നു. തിരുവിതാംകൂർകാരുടെ എത്ര ശക്തിയായ എതിർപ്പുണ്ടെങ്കിലും നടപ്പിൽവരുത്തുമെന്ന് ഇതുവരെ ഗവർമ്മെന്റ് വാശിപിടിച്ചിരുന്ന അമേരിക്കൻ മോഡൽ നിർബന്ധപൂർവ്വം നടപ്പിൽവരുത്തുകയില്ലെന്നു ഗവർമ്മെന്റ് സമ്മതിച്ചിരിക്കുന്നു. തിരുവിതാംകൂറിന്റെ ഭാവിഭരണഘടന തയ്യാറാക്കുവാനുള്ള അധികാരം പ്രായപൂർത്തി എത്തിയ തിരുവിതാംകൂർകാരാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് നൽകിയിരിക്കുന്നു. ഈ തിരഞ്ഞെടുപ്പ് നടത്താൻ സ്റ്റേറ്റ്കോൺഗ്രസ്സിന് ൫൦ ശതമാനം പ്രാതിനിധ്യമുള്ള ഒരു കമ്മിററിയെ നിയമിക്കാൻപോകുന്നു. ഈ സ്ഥിതിയിൽ വയലാർ-പുന്നപ്ര സംഭവകാലത്തു് ഗവർമ്മെന്റും തൊഴിലാളിപ്രസ്ഥാനവും തമ്മിലുണ്ടായിരുന്ന അകൽച്ച ഉണ്ടാവാനവകാശമില്ല. തിരുവിതാംകൂറിലെ മററ് ജനകീയസംഘടനകളെപ്പോലെതന്നെ തൊഴിലാളികളും തങ്ങളുടെ നയവും പരിപാടിയും ആകെ പുനരാലോചിച്ചു ഈ രാജകീയപ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ പുതിയ നയവും പരിപാടിയും തയ്യാറാക്കേണ്ട സന്ദർഭമാണിതു്. അതിനുള്ള സൗകര്യം അവർക്കു കൊടുക്കാതിരിക്കുന്നതു് നാട്ടിൽ സമാധാനം പാലിക്കുകയെന്ന ഗവർമ്മെന്റിന്റെ ഉദ്ദേശത്തിനുതന്നെ എതിരാണ്.

തൊഴിലാളിപ്രസ്ഥാനത്തിന്റെ നേരെ ഗവർമ്മെന്റിന്റെ നയത്തിൽ മൗലികമായ മാററം വരുത്തി കമ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ്- ട്രേഡ്യൂണിയൻ പ്രവർത്തകരെ ജയിലിൽനിന്നും വിട്ടാൽ അവരെന്തു ചെയ്യുമെന്ന് യാതൊരുറപ്പും നൽകാൻ സാധ്യമല്ലെങ്കിലും മിക്കവാറും താഴെ പറയുന്നവിധത്തിലാണവർ തങ്ങളുടെ പ്രവർത്തനം നടത്തുകയെന്ന് ഞാനൂഹിക്കുന്നു.

ഒന്ന്, രാജകീയപ്രഖ്യാപനമനുസരിച്ച് നടക്കുവാൻപോകുന്ന തിരഞ്ഞെടുപ്പിൽ സജീവമായി പങ്കെടുക്കും. സ്റ്റേറ്റ്കോൺഗ്രസ്സിന്റെ സഹായം തൊഴിലാളിപ്രസ്ഥാനത്തിനും തൊഴിലാളിപ്രസ്ഥാനത്തിന്റെ സഹായം സ്റ്റേറ്റ്കോൺഗ്രസ്സിനും ഉണ്ടാക്കാൻ സാധ്യമാകുമെന്നെങ്കിൽ ആ അടിസ്ഥാനത്തിലും അതു് സാധ്യമാവാതെവന്നാൽ സ്വതന്ത്ര സ്ഥാനാർത്ഥികൾമുഖേനയും തിരഞ്ഞെടുപ്പിനു നിൽക്കും.

രണ്ട്, തിരഞ്ഞെടുപ്പിന്റെ ഫലമായി രൂപീകരിക്കുവാൻ പോകുന്ന ഭരണഘടനാനിർമ്മാണസമിതി തയ്യാറാക്കുന്ന ഭരണഘടന കഴിയുന്നത്ര ജനാധിപത്യപരമാക്കാൻ സമതിക്കുകളും പുറത്തും പ്രവർത്തിക്കുക.

മൂന്ന്, തിരഞ്ഞെടുപ്പിനുശേഷം രൂപീകരിക്കപ്പെടുന്ന ഇടക്കാലഗവർമ്മെന്റ ജനാധിപത്യപരമായ ഗവർമ്മെന്റാകാൻ അതിനുവേണ്ടി ക്ലേശിക്കുകയും അതോടൊപ്പംതന്നെ ആ ഗവർമ്മെണ്ടിനെക്കൊണ്ട് ഏററവും ജനാധിപത്യപരമായ പരിപാടികൾ നടപ്പിൽ വരുത്തിക്കാൻ ശ്രമിക്കുകയും ചെയ്യും.

നാല്, തൊഴിലാളി—മുതലാളി തർക്കമുള്ള വ്യവസായങ്ങളിലും പട്ടണങ്ങളിലും കഴിയുന്നത്ര സമാധാനപരമായ ഒത്തുതീർപ്പുണ്ടാക്കാനും, നിവൃത്തിയില്ലാതെ വരുമ്പോൾ മാത്രം പണിമുടക്കുകൾ സംഘടിപ്പിക്കുവാനും ശ്രമിക്കും.

ചരിത്രത്തിൽ സംയുക്തപ്രസ്ഥാനം മുതൽ ഈയിടത്തെ സമരസംരംഭംവരെയുള്ള ബഹുജനപ്രസ്ഥാനങ്ങളുടെ ഫലമായി തിരുവിതാംകൂറുകാർക്ക് കിട്ടിയിട്ടുള്ള ഈ ഭരണഘടനാനിർമ്മാണസമിതിയെ കഴിയുന്നതും നന്നായി ഉപയോഗപ്പെടുത്തുകയും ജനകീയഭരണം സ്ഥാപിക്കാൻ മററു ജനവിഭാഗങ്ങളോടൊപ്പം പ്രവർത്തിക്കയാണ തൊഴിലാളിപ്രസ്ഥാനം ചെയ്യുകയെന്ന്, എനിക്കു തോന്നുന്നു. എന്തുകൊണ്ടെന്നാൽ ഇതാണ തിരുവിതാംകൂറിലെ തൊഴിലാളിവർഗ്ഗത്തിന്റെ വർഗ്ഗതാല്പര്യത്തിനു യോജിച്ച പരിപാടിയെന്നാണ് തിരുവിതാംകൂറിലെ തൊഴിലാളിപ്രസ്ഥാനവുമായി അടുത്ത ബന്ധമുള്ള എന്റെ അഭിപ്രായം. ഇതാണ ശരിയായ പരിപാടിയെന്ന് ഒളിവിലുള്ള ചില തിരുവിതാംകൂർ കമ്യൂണിസ്റ്റ് നേതാക്കന്മാരും ഒളിവിലല്ലാത്ത ചില കമ്യൂണിസ്റ്റ് പ്രവർത്തകന്മാരും എന്നോടു പറഞ്ഞിട്ടുള്ളതു് വ്യക്തമാക്കിക്കൊള്ളട്ടെ.

അതുകൊണ്ട് ഇനിയെങ്കിലും താമസിയാതെ ബാക്കിയുള്ള രാഷ്ട്രീയതടവുകാരെ ജയിലിൽനിന്നും വിടുകയും കമ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ് ട്രേഡ്യൂണിയൻ പ്രവർത്തകന്മാർക്ക് തിരഞ്ഞെടുപ്പിൽ സജീവമായി പങ്കെടുക്കാനുള്ള സൗകര്യം കൊടുക്കുകയുംചെയ്യാൻ ഞാൻ ഗവർമ്മെന്റനോടഭ്യർത്ഥിക്കുന്നു.

തിരുവനന്തപുരം,
൯-൧-൧൧൨൩.

—o—

# കാൺസംബ്ളി

—o—

## അംഗങ്ങളുടെ അക്ഷന്തവ്യമായ അലസത

"ന്യൂ ലൈഫ്" എന്ന വാരികയുടെ ന്യൂഡൽഹി ലേഖകന്റെ റിപ്പോർട്ടിലെ ചിലഭാഗങ്ങളാണ താഴെക്കാണുന്നതു്:—

കഴിഞ്ഞ വെള്ളിയാഴ്ചയോടുകൂടി അഞ്ചാമത്തെ സമ്മേളനം നടത്തിപ്പിരിഞ്ഞ കൺസ്റ്റിറ്റുവന്റ് അസംബ്ളി നടപടികളുടെ മേൽ പഞ്ചാബിന്റെ ദുർദ്ദശ ഇരുൾവീശിയിരുന്നു. പഞ്ചാബു പ്രാണവേദനയനുഭവിച്ചുകൊണ്ടു അന്ത്യപ്പോൾ തങ്ങൾ വീണവായനയിൽ മുഴുകിയിരുന്നെന്നുള്ള ആക്ഷേപണം ഭാവിതലമുറകൾ തങ്ങളുടെമേൽ ചുമത്തുമെന്ന ഭയന്ന ചില മെമ്പറന്മാർ സാധാരണനടപടികൾ കുറെക്കാലത്തേയ്ക്കു നിർത്തിവയ്ക്കണമെന്നുപോലും ആവശ്യപ്പെടുകയുണ്ടായി.

നിർല്ലിപ്തതീയതിയായ ഫെർവ്വ ജനുവരിയ്ക്കുമുമ്പായിത്തന്നെ ഭരണഘടനാവ്യവസ്ഥകൾ പൂർത്തിയാക്കുന്നതിനു ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽനിന്നുള്ള നമ്മുടെ പ്രതിനിധികൾ ഫലപ്രദമായി എന്താണ ചെയ്തിട്ടുള്ളതു് അംഗങ്ങളിൽ ചുരുക്കംപക്ഷവും സഭാനടപടികളിൽ താല്പര്യം പ്രദർശിപ്പിക്കാതെ ഉത്തരവാദരഹിതരായി കഴിച്ചുകൂട്ടുന്നെന്നതു പ്രത്യക്ഷമായിട്ടുണ്ട്.

പല മെമ്പർമാരും പഴയ മിത്രങ്ങളെ പുനസ്സന്ദർശിക്കുന്നതിനുള്ള അവസരങ്ങളായാണ ഡൽഹിയിലെയ്ക്കുള്ള യാത്രകളെപ്പററി വിവരിക്കുന്നതു്.

പൊതുനിയോജകമണ്ഡലം എന്ന സുപ്രധാനപ്രശ്നത്തെപ്പററി ചർച്ചനടന്ന ദിവസത്തെ 'ഹാജർലിസ്റ്റ്' കഥകൾ വ്യക്തമാക്കുന്നതാണ്:—

| | |
|---|---|
| ആകെയുള്ള അംഗസംഖ്യ | 388 |
| അന്നു ഹാജർ | 140 |
| നിശ്ശേഷം ഒഴിഞ്ഞുകിടന്ന ബഞ്ചുകൾ | 17 |
| ഒരംഗംമാത്രം ഉണ്ടായിരുന്ന ബഞ്ചുകൾ | 14 |
| ചായമുറിയിലും മററുമുണ്ടായിരുന്നവർ | 56 |
| ഒരു ബഞ്ചിലുണ്ടായിരുന്ന ഏററവും കൂടുതൽ അംഗങ്ങളുടെ സംഖ്യ | 5 |

* * *

ഒരു സ്വതന്ത്രമെമ്പർ പ്രസ്താവിച്ചതു കാൺസ്റ്റിററുവന്റ് അസംബ്ളി ഗോപുരമുനമ്പാമിരുത്തുകാരുടെ ക്ലാസ്സും ആയിത്തീർന്നിട്ടുണ്ടെന്നും ഇടയ്ക്കിടെ മുസ്ലിംലീഗു അംഗങ്ങൾ 'കണ്ടാമണ്ടിക്കുട്ടികളുടെ ഭാരം' അഭിനയിക്കുന്നുണ്ടെന്നുമാണ്.

—o—



## അഭിപ്രായത്തിനുള്ള പുസ്തകങ്ങൾ

പ്രകൃതിശാസ്ത്രപ്രവേശിക, ഒന്നാംഭാഗം — വെള്ളാംകുളത്തു കരുണാകരൻനായർ, ബി. എസ്സ്സി., എൽ. റ്റി., എം. ഇഡി., ഡി. എൽ. എസ്സ്ഡി—വെള്ളാംകുളത്തു ബുക്ക്ഡിപ്പോ, കടമാളൂർ, കോട്ടയം, പേജ് 64, വില ണ. 12.

സ്വതന്ത്രപ്രവേശിക, ഒന്നാംഭാഗം —ടി പേജ് 130 വില രൂപ 1.

സ്വതന്ത്രപ്രവേശിക, രണ്ടാംഭാഗം — ടി പേജ് 140, വില രൂപ 1.

മിന്നൽപിണരുകൾ (ഗദ്യം) ടി. കെ. കുഞ്ഞയ്യപ്പൻ, വിവേകാനന്ദ പ്രിൻറിംഗ് വർക്ക്സ്, തൃശ്ശിവപേരൂർ പേജ് 87, വില ഒരുറുപ്പിക.

ചിത്രശാല —(ഗദ്യം) എൻ. പി. ചെമ്പിൽ, വിശ്വഭാരതിപ്രസ്സ്, തൃശ്ശൂർ, പേജ് 28, വില ണ. 8.

നളചിന്ത—(പദ്യം) ചുണ്ണക്കാട്ട് ജി. ശങ്കരക്കുറുപ്പ്, ആർ. കെ. പ്രസ്സ്, ആലപ്പുഴ, പേജ് 30.

വിചാരവേദി—(ഗദ്യം) വക്കം അബ്ദുൽഖാദർ, ഉദയം ബുക്ക്സ്റ്റാൾ, പുനലൂർ, വില രൂ 2.

ആജകാഭ്യസനം—(ഗദ്യം) പരിഭാഷകൻ എം. അലിസക്കാർ, സി. എം. പ്രസ്സ്, ഇടവാ പേജ് 38 വില ണ. 8.

ജയപതാക—(ദേശീയഗാനങ്ങൾ) കടമാളൂർ കെ. സി. കേശവൻനായർ വി. എം. സ്വരാജ് ബുക്ക്ഹൗസ് കടമാളൂർ കോട്ടയം, വില ണ. 8.

—o—

## ടാക്കീസ്

കൊല്ലം എസ്. എം. പി. പാലസിൽ
മഹത്തായ 4-ാംവാരം
റ്റി. എസ്. ബാലയ്യാ, എം. ആർ. സ്വാമിനാഥൻ, തവമണിദേവി, മാലതി
എം. ജി. രാമചന്ദ്രൻ അഭിനയിച്ച
**രാജകുമാരി**

കൊല്ലം ബേബിടാക്കീസിൽ
ബി. ആർ. പന്തലു, എം. വി. രാജമ്മ, സഹദാമിനി, റ്റി. ആർ. രാമചന്ദ്രൻ, സുബ്ബയ്യാ അഭിനയിച്ച
**വിജയലക്ഷ്മി**
തമിഴ് ചിത്രം

കൊല്ലം ലക്ഷ്മിടാക്കീസിൽ
വി. എൻ. ജാനകി, എൻ. കൃഷ്ണമൂർത്തി, വി. എസ്. മണി, കൊളത്തുമണി, സേതുരാമൻ അഭിനയിച്ച
— ത്യാഗി —
എന്ന നവീനചിത്രം

ചവറ കെ. സി. ടാക്കീസിൽ
കെ. പി. കേശവൻ, റ്റി. എസ്. ബാലയ്യ, എസ്. എസ്. കൊക്കൊ, റ്റി. എസ്. കൃഷ്ണവേണി, എം. എം. രാധാബായി മുതൽപേർ നടിച്ച
**ബോംബെ മെയിൽ**

**M. P. PAUL'S COLLEGE,**
**CHANGANACHERRY.**
B. A. & B. Sc. classes for the Travancore University examinations begin on 1st October
M. P. Paul M. A.,
*Principal.*

# വായനശാലകൾക്കുള്ള മഹത്തായ ചുമതലകൾ

## പി. കെ. മെമ്മോറിയൽ ഗ്രന്ഥശാലാ സാഹിത്യസമ്മേളനത്തിലെ ഉൽബോധനങ്ങൾ

അമ്പലപ്പുഴ ചിങ്ങം ൨൪—അഷ്ടമിരോഹിണിദിനംതോറും നടത്തിവരാറുള്ള സമ്മേളനം ഇക്കൊല്ലവും രണ്ടരമണിക്കു സാഹിത്യപഞ്ചാനന തീയേറ്ററിൽവെച്ച് ശ്രീ. നാരായണൻ ഇളയതു് ബി. എ. ബി. എൽ ൻെറ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. കരുമാടി രാമകൃഷ്ണപ്പണിക്കർ ബി. എ. എൽ. റ്റി. സ്വാഗതപ്രസംഗംചെയ്തു. ലോകം മുന്നോട്ടു കുതിച്ചുപായുന്ന ഈ അവസരത്തിൽ വായനശാല നിർവഹിക്കേണ്ട കാര്യങ്ങളേയും സാഹിത്യപഞ്ചാനനൻെറ നേട്ടങ്ങളേയും, പി. കെ. സ്മാരക ഗ്രന്ഥശാലയുടെ പ്രവർത്തനപരിപാടിയേയും ഗ്രന്ഥശാലാസംഘപ്രവർത്തനവിജയത്തേയും മററും അദ്ദേഹം സുവ്യക്തമാക്കി. അദ്ധ്യക്ഷൻ നടത്തിയ ഉപക്രമപ്രസംഗം ഇപ്രകാരം സംഗ്രഹിക്കാം. മലയാളത്തിൻെറ മധുരിമ പി. കെ. മെമ്മോറിയൽ വായനശാലയുടെ സമീപസ്ഥരായ സദസ്യർക്ക് ശരിയായറിയാം. വിവിധങ്ങളായ ശാസ്ത്രീയകണ്ടുപിടിത്തങ്ങൾ ഇന്നു സാഹിത്യമായി രൂപം കൊള്ളുന്നു. സാഹിത്യത്തിനുള്ള ഒരു പ്രതിസന്ധിഘട്ടമാണിതു്. ഭരണകൂടം തന്നെ ജനങ്ങളുടേതായിത്തീരുന്നു. മുതലാളിസാഹിത്യം നിലച്ചു. ഇന്നത്തെ സാഹിത്യം മനുഷ്യനെ കർത്തവ്യോന്മുഖനാക്കുവാനുള്ളതാണു്. ജനാഭിലാഷങ്ങളെ കേവലമുത്തുന്നതിനു തൊഴിലാളിസാഹിത്യം അവതരിക്കുന്നു. 'ആനന്ദാനുഭൂതിയാണു് സാഹിത്യം; രസാത്മകമായ വാക്യമാണു് കാവ്യം' എന്നീ പ്രാചീനമതങ്ങളെല്ലാം ഇന്നു മാറുന്നു. ഒന്നും ഇന്നു പണക്കാരൻെറ കുത്തകയല്ല. ആർക്കും സാധിക്കാത്ത കാര്യങ്ങളാ സാഹിത്യകാരൻ തൻെറ തൂലികകൊണ്ടു സാധിക്കുന്നു. ഷേക്സ്പീയറെ മറക്കാൻ സാധ്യമല്ല. ബർണാഡ്ഷായുടെ കടിവിലേക്ക് ജനങ്ങൾ ഇരച്ചുകയറുന്നു. ടാഗോറിൻെറ ശാന്തിനികേതനത്തിലെ സാഹിത്യം ലോകംമുഴുവൻ പരന്നു. ആഗസ്ററ പതിനഞ്ചിൽ ടാഗോറിൻെറനിശമനംഫലിച്ചു. നാല്പതുകോടി ജനങ്ങൾ പാരതന്ത്ര്യത്തിൽനിന്നും മോചിച്ചു. മനുഷ്യനെ എങ്ങിനെയും മർദ്ദിക്കാം പക്ഷേ ചിന്തയെ തടഞ്ഞുനിറുത്തുവാനസാദ്ധ്യം. മഹാത്മജിയുടെ ചിന്താശക്തിയാണു് ഇന്നത്തെ വിജയത്തിൻെറ മാനദണ്ഡം. ഇനിയും സ്വാതന്ത്ര്യത്തിൽനിന്നും ഉദിക്കുന്ന ആശയങ്ങളുൾക്കൊണ്ട സാഹിത്യം ഉണ്ടാകും. സാധാരണക്കാരൻെറ ഉയർച്ചയിലാണ് മരണത്തിൻെറ നില്പ് സ്ഥിതിചെയ്യുന്നതു. ഇന്നത്തെ സ്വാതന്ത്ര്യം സ്ഥാപിതതാല്പര്യങ്ങളിൽ പൊതിഞ്ഞതല്ലെങ്കിൽ നല്ലതുതന്നെ. മുതലാളിയെപ്പോലെതന്നെ ഉഴവന് ഉറക്കം വിശ്രമം ആനന്ദം ഇവ സാധാരണക്കാരനും ലഭിച്ചാൽ ഭരണം വിജയം. സത്യം തുറന്നുപറയുന്നതിനുള്ള കെല്പ് സാഹിത്യകാരനുണ്ടാകണം. സ്വാതന്ത്ര്യമെന്നാൽ സൗന്ദര്യമെന്നും സൗന്ദര്യമെന്നാൽ സാഹിത്യമെന്നും അർത്ഥമായിത്തീരണം. തുടർന്ന് അ. തി: ഗ്രന്ഥശാലാസംഘത്തിൻെറ ആവശ്യകതയേയും അതിൻെറ ചുരുങ്ങിയ കാലത്തെ വിജയത്തേയും അദ്ധ്യക്ഷൻ ശ്ലാഘിച്ചു.

അനന്തരം ഇടയാറന്മുള ശ്രീ. കെ. എം. വർഗീസ് ബി. ഏ. എൽ. റ്റി. പ്രസംഗിച്ചു. ചെറുകഥയ്ക്കു് സാഹിത്യത്തിനുള്ള സ്ഥാനത്തെ ദക്ഷിണാമൂർത്തിമാരെന്ന് പ്രകീർത്തിതരായിരുന്ന ദേവനാരായണരാജാക്കന്മാരുടെ കാലംമുതൽ നിരൂപണസാഹിത്യസമ്രാട്ടായിരുന്ന പി. കെ.യുടെ കാലംവരെയുള്ള ഉദാഹരണങ്ങളാൽ തെളിയിച്ചു. സാഹിത്യത്തിൻെറ സൌന്ദര്യാവബോധത്തെപ്പററിവ്യക്തമാക്കിയും ടാഗോർ, കബീർ മുതലായ മഹാകവികളുടെ കവിതകൾ ഉദ്ധരിച്ചും ധ്യാനനിരന്തരായ ഭക്തകവികൾ എഴുതിയിട്ടുള്ള ഭക്തസംവാദങ്ങളായ കവിതകളെ പുകഴ്ത്തിയും അവയിൽകൂടിഎല്ലാം ഐകമത്യമെന്ന രാളിയുമെന്നും ജാതിവഴക്കും മതവഴക്കും അസ്തമിക്കുമെന്നും യഥാർത്ഥമായ ഭക്തി ഉദിക്കുമെന്നും അങ്ങനെ ലോകത്തെ സ്വർഗ്ഗമയമാക്കി ഉയർത്താൻ സാധിക്കുമെന്നും, മററും പ്രാസംഗികൻ വ്യക്തമാക്കി.

ശ്രീ. ടി. എൻ. ഗോപിനാഥൻനായരുടെ പ്രസംഗമായിരുന്നു അടുത്തതു്. സ്വാതന്ത്ര്യം പൊന്നോണത്തെ ചിത്രീകരിച്ചും യഥാർത്ഥകവിതയെ നിർവചിച്ചും നിരൂപണസാഹിത്യത്തിൻെറ നാനാവശങ്ങളെ പ്രസ്പഷ്ടമാക്കിയും ചെയ്ത പ്രസംഗം ഇങ്ങനെ സംഗ്രഹിക്കാം. ഇന്നത്തെ കവിതയ്ക്കു ഒച്ചിൻെറ വേഗതയിൽ കൂടുതലില്ല, ലളിതപദങ്ങളുടെ ബാഹുല്യമാണു്. ശംഖനാദം അവയ്ക്കില്ല. ശ്രീ ജി. ശങ്കരക്കുറുപ്പിൻെറ കവിത കവിതകളാണു്. അവയ്ക്കു ഓജസ്സും ഔന്നത്യവുമുണ്ടു്. ആത്മാർത്ഥതയിൽ അടിയുറച്ച കവിതയ്ക്കു സ്ഥാനമുള്ളൂ. അനുഭവജ്ഞാനമില്ലാത്ത കവിത കവിതയല്ല. സാധുക്കളേയും വേശ്യകളേയുംപററി സമുദായോദ്ധാരണമെന്ന വ്യാജേന കഥകൾ പുറപ്പെടുന്നു. എന്നാൽ അവ സമുദായത്തെ അധഃപതിപ്പിക്കുകയാണു് ചെയ്യുന്നതു്. ഒരു കഴിവും അവയ്ക്കില്ല. പുരോഗമനക്കാരുടെ ആശയം ഇല്ലതന്നെ. പക്ഷേ സ്വപ്നങ്ങൾ പോകണം. യാഥാർത്ഥ്യം കൂടുതൽ എടുക്കണം. വർണ്ണിക്കേണ്ടതുമാത്രമേ വർണ്ണിക്കാവൂ. അല്ലെങ്കിൽ ആ ചികിത്സ പനിയെ മലമ്പനിയാക്കും. ഈ ദോഷത്തെ പരിഹരിക്കാൻ നല്ല നിരൂപണമാണാവശ്യം. ഇന്നത്തെ നിരൂപണങ്ങളിൽ പലതും ഒന്നുകിൽ ഉച്ചസ്തുതി, അല്ലെങ്കിൽ പുച്ഛരത്തോടി. എഴുതിയ ആളിനെയാണു് ഇന്നു വിമർശിക്കുന്നതു്. കുമാരനാശാനെ ഉയർത്തുന്നതിനു വള്ളത്തോളിനേയും ഉള്ളൂരിനേയും താഴ്ത്തണമെന്നില്ല. വള്ളത്തോളിനു ആത്മാർത്ഥതയില്ലപോലും! പിന്നെ ആർക്കാണു് ആത്മാർത്ഥത? അദ്ദേഹത്തിൻെറ ദേശഭക്തിയാണു് ദേശഭക്തി. വീരശൃംഖല നൽകുവാൻ ഒരയിൽസു രാജകുമാരൻ വള്ളത്തോളിനെ ക്ഷണിച്ചു മഹാത്മജി കൽത്തുറുങ്കിൽ അടയ്ക്കപ്പെട്ടിരുന്നതിനാൽ അദ്ദേഹം അതു വാങ്ങിയില്ല. എഴുതപ്പെടുന്ന പത്രമാഫീസിലെ തൂപ്പുകാരൻെറ ചാതുര്യംപോലുമില്ലത്രെ. മയൂരസന്ദേശത്തിനു ഒരു ആസ്വാദകൻ അതിൻെറ ഭംഗിയും അറിയുന്ന എഴുത്തിൻെറ ഗുണംപോലുമില്ലത്രെ. മി. പി. കെ. പരമേശ്വരൻനായർ എഴുതിയ സാഹിത്യപഞ്ചാനനഗ്രന്ഥത്തെ ൻെറ അവസാനത്തെ ഇരുന്നൂറു പേജുകൾ വലിച്ചുകീറിക്കളയണംപോലും. ഈവിധത്തിലാണു് ഇന്നത്തെ നിരൂപണങ്ങളുടെപോക്ക്! ഈ രീതി മാറുകതന്നെവേണം. ഏതിനേയും അധിക്ഷേപിക്കുന്നതാണു് ധന്യതയെന്നു ചിലർ കരുതുന്നു. സാഹിത്യകാരന്മാർക്കു ശരിയായ പ്രോത്സാഹനമില്ല. അവർക്കു് എന്നു സമ്പത്തി... കഴിവുണ്ടാകുമോ അന്നേ സാഹിത്യം നന്നാകൂ.

അടുത്ത പ്രാസംഗികൻ ശ്രീ: എം. പി. മന്മഥൻനായർ എം. എ. ആയിരുന്നു. ഗ്രന്ഥശാലാപ്രസ്ഥാനത്തിനു നേതൃത്വം നൽകിവരുന്നതിൽ സന്തോഷിച്ചും ഗ്രന്ഥശാലാപ്രസ്ഥാനത്തിൻെറ ആവശ്യകതയെ തെളിയിച്ചും ചെയ്ത പ്രൗഢമായ പ്രസംഗത്തിൽനിന്നു് ഇങ്ങനെ മനസ്സിലാക്കാം. ഇന്ത്യയെന്ന തിരുവിതാംകൂറിൽ ഒരു വലിയഭാഗം അഭിനയിക്കേണ്ടതു് ഗ്രന്ഥശാലക്കാരാണു്. ഉത്തരവാദിത്വഭരണംകൊണ്ടു് സാമാന്യജനങ്ങൾക്കു പ്രയോജനം വേണമെങ്കിൽ വായനശാലകൾ ശരിക്കു പ്രവർത്തിക്കണം. ഇന്നും ഭിന്നപ്പുറങ്ങൾ എത്രയോ ഭിക്ഷകളുണ്ടു്. അവർ പരിവർത്തനങ്ങൾ എങ്ങനെ അറിയും? പാവപ്പെട്ടവർ നന്നാകണമെങ്കിൽ സ്വാതന്ത്ര്യത്തിൻെറ മധുരഫലങ്ങൾ അനുഭവിക്കണമെങ്കിൽ വായനശാലക്കാർ ഉററു ശ്രമിക്കണം. എല്ലാ കരകളിലും വായനശാലകൾ സ്ഥാപിക്കണം. സംസ്കാരം, സാമ്പത്തികം മുതലായകാര്യങ്ങളിൽ സാമാന്യജനങ്ങൾക്കു് ഉത്തേജനംനൽകാനുള്ള ബാദ്ധ്യത വായനശാലാപ്രവർത്തകരിൽ ചുമത്തിയേ മതിയാവൂ. വായനശാലക്ലാസ്സുകൾ നടത്തി വാർത്താസംഗ്രഹം പറഞ്ഞു മനസ്സിലാക്കണം. നിശാപാഠശാലകൾ വായനശാലകളോടു 'അനുബന്ധിച്ചു' നടത്തി ഏവരേയും സാക്ഷരരാക്കണം. എത്ര വലിയ പരീക്ഷകൾ ജയിച്ചാലും എത്ര വലിയ ചിന്തകനായാലും ലോകത്തെ അറിയണമെങ്കിൽ പത്രപാരായണം അത്യാവശ്യമാണു്. ലോകഗതികൾ സാധാരണക്കാർക്കു് രസിക്കത്തക്കവിധം പറയുന്നതു് അവരുടെമാണു്. പതിവായി ഓരോ കാര്യങ്ങൾ ധരിപ്പിച്ചാൽ സാമാന്യക്കാർ ശരിയായ നിരൂപണങ്ങൾ നടത്തും. പ്രായപൂർത്തിവോട്ടവകാശം ഫലപ്രദമാകണമെങ്കിൽ—ദാരോക്കർ? മൊത്തം വോട്ടുകൾക്കു് വിലപേശുന്ന കാര്യപ്രമാണികൾ ഉണ്ടാകണമെങ്കിൽ സാമാന്യജനങ്ങളെ കാര്യം ശരിക്കു മനസ്സിലാക്കണം. ത്യാഗമോന്മുഖരായ ഉദ്യോഗസ്ഥനത്തിന്നു് ചെറുപ്പക്കാർ തയ്യാറാകണം. യുവാക്കൾ ഉത ബുദ്ധരാകുന്നതിനു് ഗ്രന്ഥശാലാപ്രസ്ഥാനം അത്യന്തം ഉപകരിക്കും. അങ്ങനെയാണെങ്കിൽ ഈ ഭരണപരിഷ്കാരം വേണ്ടാത്തവിധം നടക്കും.

ശ്രീ. ഏ. പി. നീലകണ്ഠപ്പിള്ള ബി. ഏ. എൽ. റ്റി. യുടെ കവിതാപാരായണം, ഉപസംഹാരം, ശ്രീ. എൻ. എൻ. ഇളയതിൻെറ കൃതജ്ഞതാപ്രകടനം ഇവയ്ക്കുശേഷം ഇതരചടങ്ങുകളോടുകൂടി ആറുമണിക്കു സമ്മേളനം പര്യവസാനിച്ചു.

(സ്വ — ലേ)

—o—

# അച്ചടിയന്ത്രം

—o—

ചമ്പക്കുളം എൻ. കെ. നായർ,

അച്ചടി. മനുഷ്യൻ ആശയങ്ങളെപകർത്തുവാൻ ശബ്ദിച്ചതു്, ആ ശബ്ദങ്ങൾക്കു് അടയാളം നൽകിയതു് ഈ രണ്ടു സുപ്രധാനഘട്ടങ്ങളാണു് ലിപിസമ്പ്രദായത്തിൻെറപുരോഗതിയിൽ കണ്ടെത്തുന്നതു്. കാലത്തെ പിന്നിട്ടുവാൻ അടയാളങ്ങൾ വസ്തുക്കളിൽ രൂപപ്പെടുത്തി. ഇഷ്ടികകളിൽ ലിപിരൂപം കണ്ടെത്തിയിട്ടുണ്ടു്. പിന്നീടു കണ്ടെത്തുന്നതു് ലോഹഫലകലിഖിതങ്ങളാണു്. താളിയോലകൾ അക്കാലത്തും പ്രചാരത്തിലിരുന്നിരിക്കണം. കടലാസു പ്രയോഗത്തിൽവരുന്നതുവരെ താളിയോലകൾ എഴുത്തിനുപയോഗിച്ചു. ഇല്ലങ്ങളിലും ഇതുപോലെത്തെ മൂലകളിൽ അവ ഇന്നും കാണാം.

ചീനയിൽ മിങ്ഹ്യൂങ് ഓഫ്ദി സങ്-ൻെറ Ming Huang of the Tsang ഭരണകാലത്താണു് (A. D. 712-756) അച്ചടി നടപ്പിലായതു്. 868-ൽ അച്ചടിച്ച 'ഡയമണ്ഡ്സൂത്ര' (Diamond-Sutra) എന്ന ഗ്രന്ഥം 1600-ൽ ചൈനയിലെ കാൻസു (Kansy) വിൽനിന്നു് കണ്ടുകിട്ടിയിട്ടുണ്ടു്. അതിലൊരുവശം മാത്രമേ അച്ചടിച്ചിരുന്നുള്ളു. 10-ാം ശതകം മുതൽ 13-ാം ശതകംവരെ ഒരിപ്പിരുന്ന

(ശേഷം എട്ടാംപേജിൽ)

# ചൂടും ജീവിതവും

—o—

(ആശയാനുവാദം)

നാലാങ്കൽ കൃഷ്ണപിള്ള
എം. ഏ. എൽ. റ്റി.

ലണ്ടനിൽവെച്ച് അടുത്തകാലത്തു കൂടിയ സാമ്രാജ്യശാസ്ത്രീയസമ്മേളനത്തിൽ വെച്ച് ചൂട്, (ആർദ്രത)അഥവാ ഈർപ്പം ഇവയാൽ മനുഷ്യശരീരത്തിലുണ്ടാകുന്ന ഫലങ്ങളെപ്പററി ചർച്ചചെയ്യുകയുണ്ടായി. ബ്രിട്ടീഷ് ഭടന്മാരും, നാവികന്മാരും സ്വേച്ഛയാ തങ്ങളുടെ ശരീരങ്ങളെ പരീക്ഷണസാമഗ്രികളായിഅർപ്പിക്കയും ആവിധത്തിൽ യുദ്ധകാലത്തു നടത്തിയ വിവിധപരീക്ഷണങ്ങളുടെ ഫലമായി ഈ വിഷയത്തിലുള്ള ജ്ഞാനം വർദ്ധിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ ഇനിയും വളരെയധികം ഗവേഷണങ്ങൾ ആവശ്യമാണ്. ആസ്ത്രേലിയായിലും, ലണ്ടൻ കേംബ്രിഡ്ജ് ഈ നഗരങ്ങളിലെ വൈദ്യശാസ്ത്രഗവേഷണകൗൺസിലുകളുടെ പരീക്ഷണശാലകളിലും ഊഷ്മവർജ്ജനം, ഈർപ്പം, ഉഷ്ണപരിമാണം, ഇവയുടെ വ്യത്യസ്തനിലകളിൽ ഏതെല്ലാം കാര്യങ്ങൾ സാദ്ധ്യമെന്നും അസാദ്ധ്യമെന്നും ഉള്ളതിനെപ്പററി വിപുലമായ തോതിലുള്ള പരീക്ഷണങ്ങൾ നടത്തപ്പെടുകയുണ്ടായി. യുദ്ധകാലത്തെ കണ്ടുപിടിത്തങ്ങളോടൊപ്പം വ്യവസായത്തിൽ ഉപയോഗപ്രദമായ പലതും അറിവിൽവന്നു.

തൊഴിൽശാലകളിലെ ജോലിസാമർത്ഥ്യം ഉഷ്ണപരിമാണത്തിൻെറ ഉയർച്ചയോടുകൂടി താഴുമെന്നുള്ളതു വ്യക്തമാണ്. ഉരുക്ക്, തകരം, സ്ഫടികം മുതലായവയുടെ ഉഗ്രങ്ങളായ വ്യവസായങ്ങളിൽ ഫാക്ടറികൾ ശീതളങ്ങളായിരിക്കുന്ന മഞ്ഞുകാലത്താണ് അവ ഉഷ്ണപ്രദങ്ങളായിരിക്കുന്ന വേനൽക്കാലത്തേക്കാൾ കൂടുതൽ ഉല്പന്നങ്ങൾ പുറത്തുവിടുന്നത്. ഒരു കൂട്ടം തകരതൊഴിൽശാലകളിൽ, ഒരു വർഷത്തിലെ ഏററവും ചൂടുള്ള മാസത്തിൽ നിർമ്മാണത്തോത് ഏററവും തണുപ്പുള്ള മാസത്തേക്കാൾ പത്തുശതമാനം കുറവാണെന്ന് കാണുകയുണ്ടായി. വായുസഞ്ചാരം ഏററവും കുറവുള്ള ഫാക്ടറികളിൽ ഉല്പന്നത്തിൻെറ കുറവ് ൩൦ ശതമാനമായിരുന്നു.

അതുപോലെതന്നെ, അത്യധികം ചൂടുള്ള പരിതഃസ്ഥിതികൾ യാദൃച്ഛികമായ അത്യാഹിതങ്ങൾക്ക ഇടംകൊടുക്കുന്നു. തൊഴിൽശാലയിലെ ശീതോഷ്ണസ്ഥിതി ൬൫ ഡിഗ്രി ഫാറൻഹൈററിനും, ൭൦ ഡിഗ്രിഫാറൻഹൈററിനും മദ്ധ്യത്തിലായിരിക്കുമ്പോൾ അപകടങ്ങളുടെ നിരക്ക ഏററവും താണ പടിയിലായിരിക്കും. ഒരു ഫാക്ടറിയിൽ ശീതോഷ്ണസ്ഥിതി ൭൫ ഡിഗ്രിഫാറൻഹൈററിൽ കൂടുതലായപ്പോൾ അത്യാഹിതങ്ങളുടെ നിരക്ക നാല്പതു ശതമാനം വർദ്ധിക്കുകയുണ്ടായി. കല്ക്കരിഖനികളിൽ ഏഴശതമാനം എഫിനുതാഴെയുള്ള ശീതോഷ്ണസ്ഥിതയിൽ ജോലിചെയ്യുന്നവരുടെഇടയിൽ അപകടങ്ങൾ വളരെ കുറവായിരിക്കും. എന്നാൽ ഉഷ്ണം എട്ടുശതമാനം എഫിനു മുകളിലായപ്പോൾ അത്യാഹിതങ്ങളുടെ നിരക്കും വളരെ വർദ്ധിച്ചു.

ഈ കഴിഞ്ഞ യുദ്ധകാലത്തു ഉഷ്ണമേഖലകളിൽ സേവനം അനുഷ്ഠിച്ചിരുന്ന ഭടന്മാർ ൧൯൧൪ മുതൽ ൧൯൧൮ വരെയുണ്ടായിരുന്ന ഒന്നാംലോകമഹായുദ്ധകാലത്തെക്കാൾ വളരെ കുറവായിട്ടാണ് വസ്ത്രധാരണംചെയ്തിരുന്നത്. മുറുകത്തുള്ള കെട്ടുകൾ, ഘനംകൂടിയ ഫ്ളാനൽഷർട്ടുകൾ, ഭാരമേറിയ തലച്ചട്ട ഇവയുടെ കാലം കഴിഞ്ഞുപോയി. ഇഴയടുപ്പമില്ലാത്തവയും കട്ടികൂടിയവയുമായ അടിക്കുപ്പായങ്ങൾക്ക പകരം ഇഴയടുപ്പമുള്ളവയും നേർമ്മയേറിയതുമായ തുണികൾകൊണ്ടുള്ള കുപ്പായങ്ങൾനടപ്പിലായി. ഇവ ഉഷ്ണകരങ്ങളല്ലെന്നുമാത്രമല്ല, കൊതുകുകളുടെ ആക്രമണത്തെ തടുക്കുകയുംചെയ്യുന്നു.

വിററാമിൻ മുതലായ വിലയേറിയ പോഷകാംശങ്ങൾ, സ്വേദജലംവഴിയായി നഷ്ടപ്പെടുന്നുണ്ടോ? എന്നറിയുന്നതിനായി അതിൻെറ സമ്പാദനത്തെപ്പററി പല ഗവേഷണങ്ങളും നടത്തിയതിൽ ലവണരസം ഒഴിച്ചു പ്രാധാന്യമേറിയ യാതൊന്നും നഷ്ടപ്പെടുന്നില്ലെന്നറിവായി. വായുനിയന്ത്രണത്തിൻെറ അതുസംബന്ധിച്ച യന്ത്രശാസ്ത്രം ഇവയെസംബന്ധിക്കുന്ന ഒരുഗവേഷണസമിതിയിൽ പ്രജാപ്രഭുത്വരാജ്യങ്ങൾ ഏകോപിച്ചു പങ്കെടുക്കണമെന്ന പ്രമേയം കൊണ്ടുവരികയുണ്ടായി.

മനഃശാസ്ത്രപരമായ പരീക്ഷണങ്ങൾ പല രസകരങ്ങളായ കാര്യങ്ങളും വെളിപ്പെടുത്തി. മനുഷ്യരുടെ പ്രവൃത്തിശക്തിയെ ഉഷ്ണം എങ്ങനെ ബാധിക്കുന്നു എന്ന് നോക്കിയതിൽ വളരെ വേഗത ആവശ്യമായ ജോലികളിൽ തെററുവരുന്നത് ചൂടിൻെറ ഉയർച്ചയോടൊപ്പം വർദ്ധിക്കുന്നതായിക്കണ്ടു. അധികം സമയത്തേക്ക് ശ്രദ്ധയെ ഒരേവിഷയത്തിൽ കേന്ദ്രീഭവിപ്പിക്കുക എന്നത് ആവശ്യമുള്ളകമ്പിയില്ലാക്കമ്പിജോലിയിൽ ഈ സംഗതി വളരെ തെളിഞ്ഞുകണ്ടു. ഒരേവിഷയത്തിൽ കാവൽനില്ക്കുക, 'റഡാർസ്ക്രീനുകൾ' പരിശോധിച്ചുനില്ക്കുക മുതലായ മുഷിവുണ്ടാക്കുന്നതും, വ്യതിയാനമില്ലാത്തവയും ആയ ജോലികളിലും ഉഷ്ണകാലത്തു് പ്രവൃത്തിസാമർത്ഥ്യം കുറയുന്നതായി കാണാം.

ഏററവും കുറച്ചു അസ്വാസ്ഥ്യത്തോടുകൂടി നിദ്രചെയ്യുന്നതിനുള്ള കഴിവ് ഏതു പരിതഃസ്ഥിതികളിലാണ് അധികമുള്ളതു് എന്നറിയുന്നതിനായി പലതരം ശീതോഷ്ണാവസ്ഥകളിൽ പലമാതിരി പരീക്ഷകൾ നടത്തപ്പെട്ടു. ഉഷ്ണമേഖലകളിൽ സേവനം അനുഷ്ഠിക്കുന്നതിനായി നിർമ്മിക്കുന്ന യുദ്ധക്കപ്പലുകളിലെ ഏതുമുറികളിലാണ്, പ്രഥമമായി വായുനിയന്ത്രണസാമഗ്രികൾ സ്ഥാപിക്കേണ്ടതു് എന്ന് നിർണ്ണയിക്കുകയായിരുന്നു ഈ പരീക്ഷണങ്ങളുടെ പ്രധാനോദ്ദേശ്യം.

—o—

# നവവത്സരവും നാടകഘോഷവും

കല്ലട കുട്ടൻപിള്ള

സ്വാതന്ത്ര്യഭാരതത്തിലെ സ്വാതന്ത്ര്യനവവത്സരം, നാടെങ്ങും നവോന്മേഷം തുളുമ്പുന്ന നിർവൃതികരങ്ങളായ രംഗങ്ങൾ. മലയാളനാടകക്കമ്പനികളുടെ സൃഷ്ടികർത്താക്കളായ മാനേജരന്മാരും കമ്പനിയുടമസ്ഥരും പണം വാരിക്കോരിച്ചൊരിഞ്ഞ് നടീനടന്മാരെ തേച്ചുമിനുക്കി മട്ടത്തൊരുക്കിച്ച് പാഠംപഠിപ്പിച്ചു പാട്ടുകാരാക്കി പത്രങ്ങളിലും, പരസ്യപ്പലകകളിലും അടിച്ചിറക്കിത്തുടങ്ങിയിട്ടുണ്ട്. വർണ്ണശലഭങ്ങളേപ്പോലെ ബോട്ടിലും കാറിലും പുതിയ പാട്ടുകാർ ക്രാപ്പും ജൂബായും മീശയും കൃതാവും കണക്കം പൌഡറുമായി സാരിച്ചുരുളുകൾക്കിടയിലും മസ്ലീൻ ജൂബ്ബാകൾക്കകത്തുമായും സൌരഭ്യസമ്പാദ്യങ്ങൾ മൂടിമറച്ചുകൊണ്ടു സ്വച്ഛന്ദം പാറിപ്പറന്നുതുടങ്ങിയിരിക്കുന്നു.

സംഗീതനാടകങ്ങൾ അനിയന്ത്രിതമായി പ്രവഹിക്കാൻ തുടങ്ങിയിട്ട് ഏതാനും വത്സരങ്ങളായിരിക്കുന്നു. ഇന്നിപ്പോൾ മലയാളിനടന്മാരിൽ മുന്നണിയിൽ നില്ക്കുന്നവരിൽ പലരുമുണ്ടെങ്കിലും. അഭിനയം എന്നാലെന്തെന്നും, രസങ്ങൾ എങ്ങനെ സ്ഫുരിപ്പിക്കപ്പെടേണ്ടവയാണെന്നും അറിഞ്ഞനുവർത്തിക്കുന്നവരാരെങ്കിലും ഉണ്ടോ എന്നു സംശയമാണ്. കേവലം ലാഭേച്ഛയാലല്ലാതെ കമ്പനി രൂപീകരിക്കുന്ന മാനേജരന്മാരോ ഉടമസ്ഥരോഇല്ലതന്നെ. നാടകവൃത്തിയിൽ ഉയർച്ചയും തന്മൂലം ധനപരമായ നല്ല നിലയിലെത്തിച്ചേർന്നിട്ടുള്ളനടന്മാർതന്നെ ഉടമസ്ഥരായിത്തീരുന്ന കമ്പനികളുടെ രൂപീകരണത്തിലെങ്കിലും കലാവബോധത്തിന് പ്രാമാണ്യംനൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. മി: വയ്ക്കം വാസുദേവൻനായർ, മി: തിക്കുറിശ്ശി സുകുമാരൻനായർ, മി: അഗസ്റ്റ്യൻജോസഫ്, മി: സെബാസ്റ്റ്യൻകുഞ്ഞുകുഞ്ഞുഭാഗവതർ, മി: അക്ബർശങ്കരപ്പിള്ള, എന്നീ നാലഞ്ചുനടന്മാരാണ് മലയാളനാടകനഭോമണ്ഡലത്തിൽ ഉദിച്ചുയർന്നിട്ടുള്ള പ്രധാനതാരങ്ങൾ. മി. സെബാസ്റ്റ്യൻ ഒരു നല്ല നടനാണ്. ആ താരം നട്ടുച്ചയ്ക്ക് എത്തിക്കഴിഞ്ഞു. അതിൻെറ പ്രകാശശബളിതമായ കിരണകന്ദളങ്ങൾ ജനഹൃദയങ്ങളിൽ പുളകോൽഗമം പുലർത്തിയതുപോലെ അത്ര അധികം താരങ്ങൾക്ക കഴിഞ്ഞിട്ടുമില്ല. ഭാഷയും വേഷവും, അഭിനയവും, ആകൃതിയും, സംസ്കാരവും ഒരുമിച്ചുജ്വലിക്കുന്ന ആ പ്രഗത്ഭതാരം മലയാളനാടകലോകത്തിന് അഭിമാനകരമായിത്തന്നെ ഇന്നും പ്രശോഭിക്കുന്നുണ്ട്. നാടക സാമ്രാജ്യചക്രവർത്തിയും, ചക്രവർത്തിനിയുമായി വിജയിക്കുന്നവരെ നൽഘോഷിക്കുന്ന മി. വയ്ക്കവും മിസ്സിസ്സും ശാന്തരൂപരീതിവൈശിഷ്ട്യങ്ങളാൽ ജനതയെ ലോകത്തിന് ആവേശമരുളിവരുന്നുണ്ട്. കേവലം ഗായകനും കൂടെ ഒരു നടനുമായി വളർന്നുവന്ന മി. വയ്ക്കം ഗാനകുശലത ഒന്നുകൊണ്ടുമാത്രമാണ് ഒരു നടനായിത്തീർന്നതു്. സംഗീതനാടകങ്ങൾക്ക് ഗാനപ്രാധാന്യത നിലവിലിരുന്ന അക്കാലത്തു് ആ വളർച്ചയ്ക്ക് വേലിയേറ്റമുണ്ടായി. ആ വേലിയേററത്തിൽ അദ്ദേഹത്തോടൊപ്പം കുടുംബവുമൊഴുകപ്പെട്ടു. അങ്ങനെ ഒരു നടനാകാൻ ആവശ്യമായിരുന്ന രൂപലാവണ്യവും അഭിനയചതുരതയും ആ ജ്ഞാനസ്നാനംമൂലം അദ്ദേഹം സ്വായത്തമാക്കി. ആവിധം ആ നാടകലോകദമ്പതികൾ തമ്മിൽ പൊരുത്തപ്പെട്ടപ്പോൾ ആ കുംബവും കൂട്ടുകുടുംബവുമൊപ്പടെ ഒരു നാടകഫെഡറേഷൻതന്നെ ആയിത്തീർന്നിട്ടുണ്ട്. അളിയനും പെങ്ങളും ആങ്ങളയും നടനം നടിയും നോട്ടീസും കർട്ടനും എല്ലാമായി ആ കൂട്ടുകുടുംബം രൂപമെടുത്തുകഴിഞ്ഞു. ആയിരത്തൊരുനൂററി ഇരുപത്തിമൂന്നിലെ നാടകവരുമാനം മുഴുവൻ സ്വന്തമാകത്തക്ക നിലയിൽ നാടകലോകത്തെ ആ ചക്രവർത്തിയും ചക്രവർത്തിനിയും നാടകം രൂപപ്പെടുത്തി എടുത്തുകഴിഞ്ഞിരിക്കുന്നു. ക്രമേണ നാടകമെഴുത്തും ഈ കുടുംബം അട്ടിപ്പേറാക്കിത്തീർക്കുമെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു.

കവിയും, കാർമ്മികനും, നാടനും നട്ടുവനുമായി നാടകലോകത്തിന് നാനാനിറം കൊടുത്തുജ്ജ്വലിപ്പിച്ചുദിച്ചുയരുന്ന ഒരു അനർഘതാരമാണ് ശ്രീ. തിക്കുറിശ്ശി സുകുമാരൻനായർ. അനുഗൃഹീതമായ അഭിനയസൌകുമാര്യത്താൽ മലയാളനാടകവേദി സുകുമാരമാക്കിത്തീർത്തുകൊണ്ടിരിക്കുന്നു: നായർ മാതൃകാനടൻഎന്ന സ്ഥാനത്തിന് തികച്ചും അർഹനാണ്. സന്ദർഭികങ്ങളാനമുള്ള ഒരു നടന നാടകവേദിയെ എങ്ങിനെയെല്ലാം അമ്പരപ്പിച്ചുകൂടാ. സംഗീതം നാടകത്തിന് ഉപ്പൊഴിയുംപോലെ മതിയെന്നും അതു് കണക്കിൽ പെരുത്താലുണ്ടാകാവുന്ന കഥയും ലോകത്തിന് തെളിയിച്ചുകൊടുത്ത ഏകനടനാണ് ശ്രീ. തിക്കുറിശ്ശി. ഇന്നിപ്പോൾ നടൻ എന്ന നാമത്തിന് തികച്ചും അർഹൻ തിക്കുറിശ്ശിതന്നെ എന്നതു നിസ്സന്ദേഹമാണ്. പ്രസ്തുത നടന്മാരും അനേകം നടികളും അണിനിരക്കുന്ന മലയാളനാടകത്തിന് പുതുവത്സരത്തിൽ പലവിധ പുതുമകളും ഉണ്ടായേക്കാം. ജെ. കെ. പി. പിള്ള, വെള്ളായണി, കൊട്ടാരക്കര ശ്രീധരൻനായർ, ആലപ്പി, കെ. പി. രാമൻപിള്ള തുടങ്ങിയ നടന്മാരും മാവേലിക്കര പൊന്നമ്മ, ചേർത്തല സരസ്വതി, കെ. ഗോമതി, സി. കെ. രാജം, തുടങ്ങിയ നടികളും ഓരോ കമ്പിനികളും കലാമഹിമ പുലർത്താൻ പുറപ്പെട്ടിട്ടുണ്ട്. ഫലമെങ്കിലും ബല്ലു. ഗവമെൻറിൻെറ കർശനനടപടിയാൽ പൂരപ്പാട്ടുകൾ നാടകത്തിൽനിന്നും ബഹിഷ്കാരംചെയ്തിരിക്കാനിടയുണ്ട്. പൂരപ്പാട്ടും പുലയാട്ടും പുലത്തുന്ന പുത്തൻ കഥകൾ എഴുതി തള്ളുന്ന നാടകകർത്താക്കളിൽനിന്നും നാടകം രക്ഷപ്പെട്ടുതുടങ്ങിയിട്ടുണ്ട്. മി. മുൻഷി പരമുപിള്ള, എൻ. പി. ചെല്ലപ്പൻനായർ, സ്വാമി ബ്രഹ്മവ്രതൻ, മുതുകുളം രാഘവൻപിള്ള, തിക്കുറിശ്ശി തുടങ്ങിയ നാടകനിർമ്മാതാക്കൾ കമ്പനിതാളത്തിനൊപ്പിച്ച് നാടകം എഴുതിക്കൂട്ടുന്ന പുത്തൻ കൂട്ടുകാരുടെ പുരോഗമനനാടകങ്ങളെ രചനാവൈഭവത്താൽ പുറംതള്ളിച്ചുകളയുമെന്നു നമുക്ക് പ്രതീക്ഷിക്കാം.

—o—

(ഏഴാംപേജിൽനിന്നും തുടർച്ച)

സങ്വംശം(Sung dynasty) ഭരണകാലത്തു് അച്ചടിച്ച ഒരു പുസ്തകത്തിൽ വാക്കുകൾ വശംചരിഞ്ഞുകാണുന്നതിൽ നിന്നും ചലിക്കത്തക്കവണ്ണം അതു ഉപയോഗിച്ചിരുന്നെന്നൂഹിക്കാം.

എന്നാൽ നവീനരീതിയിലുള്ള അച്ചടിയന്ത്രത്തിന് അടിസ്ഥാനമിട്ടതു് ജോൺ ഗുട്ടൻബർഗ്ഗ് (John Cutenberg) ആണ്. കടലാസുനിർമ്മാണത്തേയും ഗുട്ടൻബർഗ്ഗിൻെറ കണ്ടുപിടിത്തം ത്വരിപ്പിച്ചു. അതിനുമുമ്പ് പണ്ഡിതന്മാർപോലും എഴുതുവാനുപയോഗിച്ചിരുന്നതു് ഊറയ്ക്കിട്ട തോലായിരുന്നു.

ഗുട്ടൻബർഗ്ഗ് 15-ാം നൂറാണ്ടിൻെറ ആദ്യഘട്ടത്തിൽ ജർമ്മനിയിൽ ജനിച്ചു. രത്നം, വൈരം, മുതലായവ മുറിച്ച് ശരിപ്പെടുത്തുകയായിരുന്നാദ്യം ജോലി. അതിൽ അദ്ദേഹം അതിവിദഗ്ദ്ധനായിരുന്നു.

ഒരിക്കൽ വർണ്ണാങ്കിതമായ ചീട്ട് അദ്ദേഹം പരിശോധിച്ചുകൊണ്ടിരുന്നു. അതുപോലൊന്നുണ്ടാക്കുവാനുള്ള ആഗ്രഹം അത്യധികമായി. ഒരുകഷണം തടിയെടുത്തു കൊത്തികൊണ്ട് അതിൽ ചില വരകളിട്ടു. മഷിപുരട്ടി ഒരു കടലാസിൽ പതിച്ചു. എന്നാൽ മഷി നന്നായിപതിഞ്ഞില്ല. വടിവും വൃത്തിയും വരകൾക്കില്ലാതിരുന്നതിനാൽ ആകെ പടവും എല്ലാത്തടികളും ഇതിനുപയോഗകരമല്ലെന്നു അദ്ദേഹം അനുഭവംകൊണ്ടറിഞ്ഞു. ആപ്പിൾത്തടി ഇതിനു പാററിയതാണെന്നു മനസ്സിലാക്കി. ആപ്പിൾത്തടിയിൽ ഒരു ചിത്രം വരഞ്ഞു. മഷിപുരട്ടി കടലാസിലമർത്തി. മഷി വേണ്ടത്ര പതിഞ്ഞില്ല. കരിയും എണ്ണയും കലർന്ന മഷി ഇതിനു യോജിച്ചതാണെന്നദ്ദേഹം കണ്ടറിഞ്ഞു.

ബർഗ്ഗ് തൻെറ ഈ കണ്ടുപിടിത്തത്തെക്കുറിച്ചാരോടും മിണ്ടിയില്ല. കുറേനാൾ കഴിഞ്ഞു് തൻെറ രണ്ടു ആത്മാർത്ഥസ്നേഹിതന്മാരെ വിവരം രഹസ്യമായി ധരിപ്പിച്ചു. ഇവർ അദ്ദേഹത്തെ പണംകൊണ്ടും യത്നംകൊണ്ടും സഹായിച്ചു. ഇവരൊരുമിച്ച് അനേകമാസം ജോലിചെയ്തതിൻെറ ഫലമായി നൂറു പേജുള്ള ഒരു ബുക്ക് അച്ചടിച്ചു. ബർഗ്ഗ് തൻെറ പുതിയ വേല ചില പണ്ഡിതന്മാരെകാട്ടി. ചുരുങ്ങിയ സമയംകൊണ്ട് ലേഖനവിദ്യ സാധിക്കുന്നതിൽ അവർ അദ്ദേഹത്തെ അനുമോദിച്ചു. ഫർമം-ബായിരുന്നിതു്.

ബൈബിൾ അച്ചടിച്ചാൽ കൊള്ളാമെന്നദ്ദേഹം ആശിച്ചു. അബദ്ധംപററികയ്യിലിരുന്ന കത്തി ഉപകരണങ്ങളിൽവീണു നാശമായി. അങ്ങനെ അതു നിഷ്ഫലമായി.

അക്ഷരങ്ങളെ ക്രമമായി അടുക്കി അവ ചലിക്കത്തക്കവണ്ണം ഘടിപ്പിക്കുന്നെങ്കിൽ വേലലം സമയവും ലഭിക്കാമെന്നദ്ദേഹം അറിഞ്ഞു. ഓരോ വശവും അച്ചടിച്ചു കഴിയുമ്പോൾ അക്ഷരങ്ങൾ എടുത്തു് അടുത്തവശം ക്രമപ്പെടുത്തിവന്നു.

ആയിടയ്ക്കു് സ്നേഹിതന്മാരിലൊരാൾ ലോഹക്കഷണങ്ങളിൽ അക്ഷരംരൂപപ്പെടുത്താമെന്നു കണ്ടുപിടിച്ചു. ഈ പുതിയ കണ്ടുപിടിത്തത്തിൻെറ വെളിച്ചത്തിൽ ഗുട്ടൻബർഗ്ഗ് അഞ്ചുവർഷംകൊണ്ടു ബൈബിൾ അച്ചടിച്ചു.

അച്ചടി ഒരു കലാവിശേഷമായി രൂപപ്പെട്ടതു് വില്യം കാക്സ്ടൻെറ (Willim Caxhn) കാലത്താണ്. 1477-ൽ കാക്സ്ടൻ ഒരു അച്ചടിയന്ത്രം ഇംഗ്ലണ്ടിൽ സ്ഥാപിച്ചു. അതിൽ ഗെയിം ഓഫ് ദ ചെസ് (game of the chess) എന്ന ഗ്രന്ഥം ആദ്യമായി അച്ചടിച്ചു. ആയിടയ്ക്കുതന്നെ ആൻഡോമാനൂസീസ് (Aldo Manufis) ഒരു അച്ചടിയന്ത്രം വെനീസിൽ (Uenice) സ്ഥാപിച്ചു. സുപ്രസിദ്ധഗ്രന്ഥകാരന്മാർക്കെല്ലാം അദ്ദേഹം ഒരുററബന്ധുവായിരുന്നുപോൽ.

—o—

# ഗണിതശാസ്ത്രവും ജീവിതവും

എസ്. പരമേശ്വരൻ B. Sc. (Hons.) തിരുവനന്തപുരം

ഊർജ്ജതന്ത്രം, രസതന്ത്രം, ഭൂഗർഭശാസ്ത്രം, ഭൂമിശാസ്ത്രം, ശില്പകല, വാണിജ്യവിജ്ഞാനം ആദിയായ ശാഖകൾ പടർന്ന് പന്തലിച്ചു നില്ക്കുന്ന ശാസ്ത്രമഹാപാദപത്തിന്റെ നാരായവേരു് ഗണിതശാസ്ത്രമാണെന്നുള്ള വസ്തുത കേവലം പരമാർത്ഥമാണ്. ഈ ശാഖാശാസ്ത്രങ്ങളുടേയും തന്മൂലം ആ മഹാതരുവിന്റേയും അഭ്യുന്നതി നാരായവേരിന്റെ വളർച്ചയേയും ഉറപ്പിനേയും അനുനിമിഷം ആശ്രയിച്ചാണെല്ലായിരിക്കുന്നതു്. വിജ്ഞാനവൃക്ഷം പോഷിച്ചുവളരുംതോറും അതിന്റെ ശാഖകൾ പ്രബലമാകുന്നതിനുപുറമെ, നൂതനശാഖകളും ഉപശാഖകളും പൊട്ടിപ്പുറപ്പെടുന്നുമുണ്ട്. അങ്ങനെ ശാസ്ത്രത്തിന്റെ ഗതി അഭിനവങ്ങളായ മാർഗ്ഗങ്ങളിലേയ്ക്കും വ്യാപരിക്കുന്നു.

ഗണിതശാസ്ത്രത്തെ ആശ്രയിച്ചുവളരുന്ന ശാസ്ത്രങ്ങൾ ഏതെല്ലാമാണ്? ഭൗതികശാസ്ത്രങ്ങൾ മാത്രമാണോ? അല്പം ആലോചിച്ചാൽ ആധുനികശാസ്ത്രങ്ങൾ എല്ലാംതന്നെ ഗണിതശാസ്ത്രത്തോടു് കടപ്പെട്ടുള്ളതായി അൽപം ഗ്രഹിക്കാവുന്നതാണ്; വൈദ്യവിജ്ഞാനം സാമുദായികശാസ്ത്രം മുതലായവയുടെ പുരോഗതിക്കു് ഗണിതതത്വങ്ങളും ഗണിതസമ്പ്രദായങ്ങളും അത്യന്താപേക്ഷിതമായിട്ടുണ്ട്. ബൽജിയത്തിലെ പ്രമുഖശാസ്ത്രജ്ഞനായിരുന്ന അഡാംഫ് ക്വറ്റലറ്റ് പ്രസ്താവിച്ചിരിക്കുന്നതു നോക്കുക. "ശാസ്ത്രങ്ങൾ അഭിവൃദ്ധിപ്രാപിക്കുംതോറും ഗണിതമണ്ഡലത്തോടു് അധികമധികം അഭ്യാഗമിക്കുകയാണ് ചെയ്യുന്നതു്. ഗണിതശാസ്ത്രം ഒരു കേന്ദ്രവും ഇതരശാസ്ത്രപദ്ധതികൾ കേന്ദ്രത്തിലേയ്ക്കുള്ള വിവിധ പന്ഥാക്കളുമാണ്. ഒരു ശാസ്ത്രം എത്രമാത്രം ഗണനാർഗ്ഗങ്ങൾക്കു വിധേയമാകുന്നുവോ അതു് അത്രമാത്രം സമഗ്രതയെ പ്രാപിച്ചിരിക്കും." ജീവിതത്തെക്കൂടുതൽ ഐശ്വര്യപൂർണ്ണവും, രോഗരഹിതവും, ഭയവിമുക്തവും, സുഖപ്രദവുമാക്കുന്നതിനു് ഗണിതശാസ്ത്രം നൽകീട്ടുള്ള സംഭാവനകളും സാമഗ്രികളും നിരവധിയാണെന്നു നമുക്കു കാണാം.

ഭൂമിയുടെ ഭ്രമണഫലമായുണ്ടാകുന്ന ദിനരാത്രങ്ങൾ, ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ ഇവയിൽനിന്നാണ് ആദിമനിവാസികൾ കാലം നിർണ്ണയിച്ചുപോന്നതു്. ഋതുക്കളുടെ ആവർത്തനം ഒരു ദീർഘകാലമാത്രയ്ക്കു് സൂചന നൽകി. പ്രകൃതിദത്തമായ ഈ കാലമാത്രയെ ജീവസന്ധാരണത്തിനു യോജിച്ചവണ്ണം വിഭജിച്ചു്, വിഭാഗങ്ങൾ തമ്മിൽ ഘടിപ്പിച്ചു് ഒരു പഞ്ചാംഗം ഗണിക്കുന്നതിനു് പല ഘട്ടങ്ങളിലായി പലരും യത്നിച്ചിട്ടുണ്ട്. അനവധി വർഷങ്ങളിലേയ്ക്കു നീണ്ടുനിന്ന ഈ ശ്രമങ്ങളൊന്നും തന്നെ ആദ്യകാലത്തിൽ ഫലപ്രദമായില്ലെന്നാണ് കാണുന്നതു്. സർവ്വസമ്മതവും, സമഞ്ജസവുമായ പഞ്ചാംഗം നിർമ്മിക്കുവാൻ സാധിച്ചതു്. ക്രി. പി. ൧൫൮൨-ലാണ്, അതിനുമുൻപുണ്ടായിരുന്ന പഞ്ചാംഗമൊന്നും തന്നെ അത്ര സൂക്ഷ്മമായിരുന്നില്ലെന്നു് അവയുടെ പരിണതഫലം സ്പഷ്ടമാക്കുന്നുണ്ട്; അതെന്തെന്നാൽ അതുവരെയുണ്ടായിരുന്ന പഞ്ചാംഗപ്രകാരം കണ്ടെത്തിയ അന്തരം 'ആയിരമാകാണി അരപാതി രണ്ടര' എന്നമാതിരി ഈട്ടംകൂടി കുറെ ദിവസങ്ങളായിത്തീർന്നു.

ഭൂമിയുടെ ഭ്രമണം (Rotation) പരിക്രമണം (Revolution) ചന്ദ്രന്റെ ഭൂപ്രദക്ഷിണം ഇവയുടെ കാലദൈർഘ്യങ്ങൾ ഇവയെല്ലാം യോജിച്ച ഒരു ഏകകം (Unit) ഇല്ലാത്തതാണ് പഞ്ചാംഗഗണനയിലുള്ള വൈഷമ്യം. ഈ മൂന്നു കാലദൈർഘ്യവും അന്യോന്യം അനനുമേയങ്ങളാണ് (incommensurable)

നമ്മുടെ അറിവിൽപെട്ടിട്ടുള്ളതിലേയ്ക്കു ഏറ്റവും പുരാതനമായ പഞ്ചാംഗം ബാബിലോണിയാക്കാരുടേതാണ്. അവർ ഒരുസംവത്സരത്തെ ൩൬൦ ദിവസങ്ങളായും, ഒരുദിവസത്തെ ൨൪ മണിക്കൂറായും, ഒരുമണിക്കൂറിനെ ൬൦ മിനിട്ടായും, ഒരു മിനിട്ടിനെ ൬൦ സെക്കൻഡായും വിഭജിച്ചിരുന്നു. പ്രാക്തനമായ മറ്റൊരുതരം പഞ്ചാംഗപ്രകാരം ഒരുവർഷത്തെ ൧൨ ചാന്ദ്രമാസം അഥവാ ൩൫൪ ദിവസങ്ങളായി ഗണിച്ചിരുന്നു. സൂക്ഷ്മവത്സരത്തിനും ഈ ചാന്ദ്രപരിച്ഛേദവത്സരത്തിനും തമ്മിൽ ൧൧ ദിവസത്തെ വ്യത്യാസം കാണുന്നുണ്ട്. ഉദ്ദേശം മൂന്നുവർഷം കൊണ്ടു മുപ്പതുദിവസം തികഞ്ഞു് ഒരുമാസമാകുമ്പോൾ, അതിനെ 'അധിമാസം' എന്നു പറഞ്ഞു ഉപേക്ഷിക്കുക എന്ന ഒരേർപ്പാട് ഭാരതത്തിലുണ്ടായിരുന്നു. ഈ വ്യവസ്ഥപ്രകാരം അപ്പോഴപ്പോഴുണ്ടാകുന്ന ഏറ്റക്കുറവുകൾ ഉടനുടൻ തീർന്നുപോകുന്നതിനാൽ തെറ്റുകൾ ഈട്ടംകൂടി കാലഗണനയെ ദുഷിപ്പിക്കുന്നതിനു ഇടയാകുന്നില്ല. പുരാതനഭാരതത്തിലെ കാലഗണന താഴെ ഉദ്ധരിക്കുന്ന ഭാഗത്തിൽനിന്നും വ്യക്തമാണ്.

"സൗരസപത്രമെല്ലതായവരണ്ടാന്നി
(ച്ചാരു്
നേരിയസൂചിമുഖംകൊണ്ടു കൈകടത്തായ
പൂരുഷനെട്ടത്തരിവശമോട്ടുന്നംവിധൌ
പത്രമതൊന്നുമുറിഞ്ഞാലങ്ങതുതന്മേൽ
(ചെന്നു
പററീടുന്നതിനിടയുള്ളൊരു കാലക്രമം
മല്ലാടിഅല്പകാലമെന്നപോൽചൊല്ലീ
(ട്രുന്നു
മുപ്പതല്പത്തിന്നൊരുത്രുടിയെന്നതും
(ചൊല്ലും
മുപ്പതുത്രുടികൊണ്ടുകലയുമതുപോലെ
മുപ്പതുകലയെക്കാഷ്ഠയും തദൈവതൽ
തല്ക്കാലംനിമേഷമെന്നത്രെവചൊല്ലീ
(ട്രുന്നു
തൽക്ഷണംകരവിരൽനൊടിയെന്നതും
(ചൊല്ലും
മാത്രയെന്നതുംപറഞ്ഞീടുമെന്നിരിക്ക
(മ്പോൾ
മാത്രനാലതിന്നൊരു ഗണിതമെന്നതല്ലോ
ചേർക്കെടോ! ഗണിതമെണ്ണുകേപത്തി
(നെന്നു
വിക്കമീമനുഷ്യരെല്ലാവരുമറിഞ്ഞാലും!
വീഴ്പ്പുകളനുക്രമിക്കുന്നവയാറിന്നുതൽ
തല്പര്യവശാൽവിനാഡികയെന്നായി
(വരും
നീക്കമെന്നിയേവിനാഡികകളറുപതു
സൂക്ഷ്മമായക്കേന്നരമുള്ളനാഴികയും
പ്രാവൃമാഴികകളറുപതാകുന്നേരം
ഭാസ്കരൻപ്രദക്ഷിണമൊന്നുക്രമത്താലന്നു
വാനവർനിലയനമായമേരുവതന്റേയും
മൂലദേശങ്ങളിലോരോദേശികപാദത്തെയും
മാനുഷർക്കഹോരാത്രമായതുമതുതന്നെ
മാനമുററതുപതിനഞ്ചിനാലുതുപക്ഷം
പക്ഷങ്ങൾപൂർവ്വാപരഭേദമങ്ങളൊരു
(മിച്ച
നില്പുമ്പോളഹോരാത്രം മുപ്പതാമതു ചാന്ദ്രം
മാസമെന്നതുതന്നെപിതൃക്കൾക്കഹോ
(രാത്രം
മാസമീരാറിനൃതുവാരരണ്ടയനവും
മാസമെന്നിരയമേഷാദ്യങ്ങളീരാറാക
(മ്പോൾ
വത്സരമിന്ത്യാറുപത്തഞ്ചേകാലം
(മപ്പോൾ
മാനുഷർക്കാണ്ടെന്നതു്"

(ശ്രീമഹാഭാഗവതം)

'ഇതിനുപരിയായി, കേരളീയർ ചാന്ദ്രമാസത്തെ നിശ്ശേഷം ഉപേക്ഷിച്ചു് കാലമാനം സകലതും സൗരമാനപ്രകാരമാക്കി, ഈ കുഴപ്പത്തിനു് അവകാശമേ ഇല്ലാതാക്കിത്തീർത്തു എന്നതിൽ സ്വദേശാഭിമാനം നമ്മെ വ്യാമോഹിപ്പിക്കുന്നതാണെന്നു് മറ്റുള്ളവർ ആക്ഷേപിക്കാൻ ഇടയാവുകയില്ലെന്നു വിശ്വസിക്കുന്നു? മുൻപ്രസ്താവിച്ച ചാന്ദ്രമാനവിഭജനം സ്വീകരിക്കുകയാണെങ്കിൽ ഏറെ വത്സരങ്ങൾ കഴിയുംമുൻപുതന്നെ ക്രിസ്തുമസ്സ്, ആഗസ്റ്റുമാസം വരുന്നതാണെന്നും, മേടം രാശി ഇടവംരാശിയായിപ്പോകുമെന്നും വെളിവാകുന്നതാണ്. ബി. സി. ൪൬-ാമാണ്ടു് ജൂലിയസ്സ് സീസർ, സോസിജിനസ് എന്ന ജ്യോതിശ്ശാസ്ത്രജ്ഞന്റെ സഹായസഹകരണങ്ങളോടുകൂടി, പഞ്ചാംഗം പൂർണ്ണമായി പരിഷ്കരിക്കയുണ്ടായി. അങ്ങനെ നിർണ്ണയിക്കപ്പെട്ടതാണ് ജൂലിയൻ പഞ്ചാംഗം. അന്നത്തെ പരിഷ്കൃതസമുദായക്കാരെല്ലാവരും ജൂലിയസ്പഞ്ചാംഗം അംഗീകരിച്ചുകാണുന്നു. മുമ്പുണ്ടായിരുന്ന പഞ്ചാംഗങ്ങളെക്കാൾ ജൂലിയൻപഞ്ചാംഗം സൂക്ഷ്മമാണെങ്കിലും, അതിലും അല്പമൊരു സ്ഖലിതമുണ്ടായിരുന്നു; എന്തെന്നാൽ ജൂലിയൻ പഞ്ചാംഗപ്രകാരമുള്ള ഒരു വർഷത്തിനു് സൂക്ഷ്മസംവത്സരത്തെക്കാൾ ൧൧ മിനിട്ടോളം കാലമാനത്തിൽ കുറവുണ്ടായിരുന്നു. തന്നിമിത്തം ൧൫൮൨-ൽ ഗ്രിഗേറിയൻ പഞ്ചാംഗം ഗണിക്കപ്പെട്ടപ്പോൾ പത്തുദിവസം അസാധുവാക്കേണ്ടിവന്നു. അതായതു് ൧൫൮൨-ാമാണ്ടു് അക്ടോബർമാസം ൫-ാം തീയതിയെ ൧൫-ാംതീയതി ആക്കി കണക്കാക്കപ്പെട്ടു. ഗ്രിഗറി അധിവർഷ (leap years) ങ്ങളെക്കുറിച്ചും [illegible] ച്ചിട്ടുണ്ട്. നാന്നൂ [illegible] ശതവത്സരങ്ങൾ അധിവർഷങ്ങളല്ല എന്നതാണ് ആ നിർവ്വചനം. അങ്ങനെ ൧൫൮൨-ൽ നിർമ്മിക്കപ്പെട്ട ഗ്രിഗേറിയൻ പഞ്ചാംഗമാണ് ഇന്നു് ലോകമാസകലം ഉപയോഗിച്ചുപോരുന്നതു്. ഈ പഞ്ചാംഗവും പ്രമാദാതീതമല്ല. ഇതുപ്രകാരം ഉളവാകുന്ന പ്രമാദം പതിനായിരം സംവത്സരത്തിലൊരിക്കൽ മൂന്നുദിവസം മാത്രമാണ്. എത്ര തുച്ഛമാണ് ഈ സ്ഖലിതം. പക്ഷേ ഗണിതജ്ഞന്മാർക്കു് ഈ അല്പപ്രമാദവും അനല്പമായിട്ടാണ് തോന്നുന്നതു്. തന്നിമിത്തം കൂടുതൽ സൂക്ഷ്മമായ പഞ്ചാംഗം നിർമ്മിക്കുന്നതിനു് ആധുനികലോകത്തിൽ അനവധി ജ്യോതിശ്ശാസ്ത്രജ്ഞന്മാർ അശ്രാന്തപരിശ്രമം ചെയ്തുവരുന്നുണ്ട്. അയനാരംഭങ്ങൾ തമ്മിലും, മാസങ്ങൾ തമ്മിലും കാലമാനത്തിൽ വ്യത്യാസമില്ലാത്ത ഒരു പുതിയ പഞ്ചാംഗം കണ്ടുപിടിക്കുന്നതിലാണ് ചില ശാസ്ത്രജ്ഞന്മാരുടെ ലക്ഷ്യം ചെന്നെത്തുന്നതു്. അങ്ങനെയുള്ള പ്രവർത്തനങ്ങളിൽ ഒന്നാണ്, ൨൮ ദിവസമുള്ള പതിമൂന്നുമാസമായി ഒരുവർഷത്തെ വിഭജിക്കുക എന്ന ആശയത്തെ അങ്കുരിപ്പിച്ചിട്ടുള്ളതു്. ഈ വിഭജനമനുസരിച്ചു് ഓരോ വർഷത്തിലും ഓരോ ദിവസം ബാക്കിവരുന്നതാണ്; അധിവർഷങ്ങളിൽ രണ്ടും. ഈ ദിവസങ്ങളെ 'സംവത്സരദിനങ്ങൾ' (year days) ആയികരുതി ലോകമാകെ അവധി അനുവദിക്കേണ്ടതാണെന്നും ഇവയെ ഒരു മാസത്തിലും ഉൾപ്പെടുത്തരുതെന്നുമാണ് ഈ പ്രസ്ഥാനക്കാരുടെ അഭിപ്രായം. മറ്റൊരുതരം പഞ്ചാംഗനിർമ്മാണത്തിനുള്ള സൂചന ചുവടെ ചേർക്കുന്നു. ഓരോ വർഷത്തേയും സമമായ നാലു അയനാരംഭങ്ങളും ഓരോ അയനാരംഭത്തേയും ൩൧, ൩൦, ൩൦ എന്ന ക്രമത്തിൽ ദിവസങ്ങളോടുകൂടി മൂന്നു മാസമായും ഭാഗിക്കുക. പഞ്ചാംഗ

(ശേഷം പത്താംപേജിൽ)


## അയാൾ ഒരു ടാക്സി ഡ്രൈവറായിരുന്നു

ഇപ്പോൾ അയാൾ അനവധി ടാക്സികളുടെ ഉടമസ്ഥനാണ്





1. രാംദാസ് ഒരു ടാക്സി ഓടിച്ചുവന്നു. എന്നാൽ അധികം സവാരി കിട്ടിയിരുന്നില്ല. ആദായം വളരെ കുറവായിരുന്നതിനാൽ ആഴ്ചയിൽ 3 ക്ഷൌരത്തിനായി 6 അണ ചെലവാക്കാനെ കഴിഞ്ഞുള്ളു.



2. മറ്റൊരു ഡ്രൈവർ എപ്പോഴും ക്ഷൌരംചെയ്തു് സുമുഖനായി കാണപ്പെട്ടതിനാൽ അയാൾക്കു് ധാരാളം സവാരി കിട്ടുന്നുണ്ടായിരുന്നു. രാം അയാളോടു ചോദിച്ചു "എന്നും ക്ഷൌരംചെയ്യുവാൻ നിങ്ങൾക്കെങ്ങനെ സാധ്യമാകുന്നു?"



3. അയാൾ മറുപടി പറഞ്ഞു. "ഞാൻ സെവനോക്ലോക്ക ബ്ലേഡുകൾകൊണ്ടു് ക്ഷൌരംചെയ്യുന്നു. 5 ബ്ലേഡുകൾ അടങ്ങിയ ഒരു പാക്കററിനു് 6 അണ കൊടുത്തു വാങ്ങിയാൽ കുറെ ആഴ്ചകൾക്കു് ദിവസവും എനിക്കു ക്ഷൌരംചെയ്യാൻ സാധിക്കുന്നു.



4. അതുകൊണ്ടു് രാം ഒരു റേസറും ഒരു പാക്കററു് സെവനോക്ലോക്കു് ബ്ലേഡും വാങ്ങി നിത്യം ക്ഷൌരം ചെയ്തുതുടങ്ങി. അയാളുടെ ചൈതന്യവിശേഷംകൊണ്ടു് സവാരി ധാരാളം കിട്ടി. ഇപ്പോൾ അയാൾ അനവധി ടാക്സികളുടെ ഉടമസ്ഥനാണ്.

വിജയം സുമുഖമായ കാഴ്ചയെ ആശ്രയിച്ചിരിക്കുന്നു. വിജയത്തിന്നാവശ്യമായ ആ ചൈതന്യത്തെ സെവനോക്ലോക്ക ബ്ലേഡുകൾ, നൽകുന്നു. ഓരോ ബ്ലേഡും നല്ല ഒന്നാംതരം ഉരുക്കുകൊണ്ടു് നിർമ്മിച്ചിട്ടുള്ളതും വാങ്ങാവുന്നതിൽ ഇതിൽകൂടിയ നല്ല ബ്ലേഡുകൾ ഇല്ലാത്തതുമാകുന്നു.

നിത്യവും സെവനോക്ലോക്ക് സ്ലോട്ടഡ് ബ്ലേഡുകൾകൊണ്ടു് ക്ഷൌരംചെയ്യുക



**7 o'clock**

**SLOTTED BLADES**

ചുരുങ്ങിയ ചിലവിൽ കൂടുതൽ തവണ ക്ഷൌരം ചെയ്യാവുന്ന ബ്ലേഡുകൾ 5 എണ്ണം അടങ്ങിയ പാക്കററിനു് വില 6 അണ



(ഒൻപതാംപേജിൽനിന്നും തുടർച്ച)


നിർമ്മാണത്തിനുള്ള ഇത്തരം നൂതനമാർഗ്ഗങ്ങളെപ്പറ്റി ഇന്നുവരെ ഒന്നും തീർച്ചയായിട്ടില്ല. നാണയം, തൂക്കം തുടങ്ങിയ അളവുകളെ ദശക്രമത്തിലേയ്ക്കു് (decimal system) പരിവർത്തനം ചെയ്യുന്നതിനുള്ള ആലോചന നടന്നുവരുന്ന കാലമാണല്ലോ ഇതു്. അപ്പോൾ പഞ്ചാംഗങ്ങളുടെ സ്ഥിതി എന്താണാവോ? ദിവസത്തിനു് ഇരുപതുമണിക്കൂറെന്നും, പത്തുദിവസം കൂടിയതു് ഒരു ആഴ്ചയെന്നും, പത്താഴ്ച കൂടിയതു് ഒരു മാസമെന്നുമാറും നിശ്ചയിക്കുകയാണെങ്കിൽ തല്ക്കാലം കറങ്ങിയതുതന്നെ! മാസങ്ങളുടെ ദൈർഘ്യം മാസപ്പടിക്കാരെ വലയ്ക്കുമെന്നതു നിശ്ചയം! പണിമുടക്കുകളുടെ കാലവുമാണു്. എന്തായാലും വരുന്നതു വഴിയെ കണ്ടുകൊള്ളാം.

വാനഗോളങ്ങളും നമ്മിലുള്ള അകൽച്ച അവയുടെ പരിക്രമണഗതി ഇവയെപ്പറ്റി സൂക്ഷ്മജ്ഞാനം നൽകുന്ന ജ്യോതിശ്ശാസ്ത്രമാണു് പഞ്ചാംഗങ്ങൾ ഗണിക്കുവാനുതകുന്നതെന്നു് സ്പഷ്ടമായിരിക്കുമല്ലോ. മനുഷ്യരുടെ ജനനവേളയിലുള്ള ഗ്രഹനിലയ്ക്കു് അവരുടെ ഭാവിയെ നിയന്ത്രിക്കുവാൻ സാധ്യതയുണ്ടെന്നു് പ്രാചീനർ വിശ്വസിച്ചുപോന്നു; ഇന്നും അത്തരക്കാർ ധാരാളമുണ്ടു്. ആ സാധ്യതയിൽനിന്നും സംജാതമായ സങ്കല്പങ്ങളും, അന്ധവിശ്വാസങ്ങളും ഇവയാൽ മലീമസമായ ജ്യോതിഷത്തിൽനിന്നും അതിക്ലേശകരവും, ദീർഘദീർഘങ്ങളുമായ പരിവർത്തനങ്ങൾക്കുശേഷം വളരെ മന്ദമായിമാത്രം ആവിർഭവിച്ചതാണു് ജ്യോതിശ്ശാസ്ത്രം (Astronorny). ജ്യോതിശ്ശാസ്ത്രസൌധത്തിന്റെ അസ്ഥിവാരം കെട്ടിപ്പടുക്കുവാൻ ആവശ്യമായ കല്ലുകളും, കട്ടകളും ദുരൂഹസ്ഥാനങ്ങളിൽനിന്നും തീവ്രയത്നങ്ങൾ അനുഭവിച്ചു് ഖനനംചെയ്തു്, ചേറിക്കൊണ്ടുപോന്നു് പണിതുടങ്ങിയ ശില്പകോവിദന്മാരാണു് കോപ്പർനിക്കസ്സ്, ഗലീലിയോ, ടൈക്കോബ്രാഹെ, കെപ്ലർ, ന്യൂട്ടൻ തുടങ്ങിയ ശാസ്ത്രജ്ഞന്മാർ. ഐസക് ന്യൂട്ടൻ അസ്ഥിവാരനിർമ്മാണത്തോടുകൂടി ആ പ്രവർത്തനത്തിൽനിന്നും വിരമിക്കുകയല്ല ചെയ്തതു്. 'പുകഞ്ഞകൊള്ളി പുറത്തു്' എന്ന പ്രമാണമനുസരിച്ചു്, ശാസ്ത്രീയവിശദീകരണത്തിനു വഴങ്ങാത്ത നൂലാമാലകൾ അന്തർലീനമായിക്കിടക്കുന്ന ജ്യോതിഷ്യ(Astrology)ത്തെ മിഥ്യാഭിമാനികൾ (quackers)ക്കു് തീറെഴുതിക്കൊടുത്തു്, ആ വിജ്ഞാനശാഖയെ ശാസ്ത്രപ്രാസാദത്തിൽനിന്നും നിഷ്കാസനം ചെയ്തു. അതിനുശേഷം ജ്യോതിശ്ശാസ്ത്രത്തെ അന്ധവിശ്വാസബന്ധിതമായ പ്രാകൃതജ്യോതിഷത്തിൽനിന്നും ഉദ്ധരിച്ചു് ശാസ്ത്രസൌധത്തിൽ യഥായോഗ്യം പ്രതിഷ്ഠിച്ചു.

ജ്യോതിശ്ശാസ്ത്രചരിത്രത്തിലേയ്ക്കു് നമുക്കു് ഒന്നു കണ്ണോടിക്കാം. ആദികാലങ്ങളിൽ പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയാണെന്നും ഭൂമിയെച്ചുറ്റിയാണു് സകല ഗ്രഹങ്ങളും ചംക്രമണംചെയ്തിരുന്നതെന്നുമാണു് വിശ്വസിച്ചുപോന്നിരുന്നതു്. ഈ വിശ്വാസത്തിന്റെ കാരണക്കാർ പ്രധാനമായി മതസിദ്ധാന്തികളായിരുന്നു. വിതണ്ഡാവാദികൾ തങ്ങളുടെ സങ്കല്പങ്ങളിൽനിന്നുകൊണ്ടു് വാദമുഖങ്ങൾ ഉന്നയിച്ചു പുറപ്പെടുവിച്ച അസംബന്ധസിദ്ധാന്തങ്ങൾക്കെതിരായി എത്ര ശാസ്ത്രവീരന്മാർക്കു് പൊരുതേണ്ടിവന്നു; ധർമ്മയുദ്ധം നടത്തേണ്ടിവന്നു; ജീവൻപോലും അർപ്പിക്കേണ്ടിവന്നു. അന്ധവിശ്വാസങ്ങളോടു പടപൊരുതി ലോകരെ സത്യത്തിലേയ്ക്കും സന്മാർഗ്ഗത്തിലേയ്ക്കും നയിച്ച ഗെലീലിയോ, ബ്രൂണോ തുടങ്ങിയ ത്യാഗവീരന്മാരെസ്മരിക്കാതെ മുന്നോട്ടുപോകുവാൻ ആർക്കു സാധിക്കും! അവരുടെ വ്യവസായയത്നം എത്രതന്നെ അഭിനന്ദിച്ചാലും തൃപ്തിവരുന്നതല്ല. അടുത്തതായി നാം കാണുന്നതു് ടൈക്കോബ്രാഹയുടെ നിരീക്ഷണഫലങ്ങളും, അദ്ദേഹത്തിന്റെ ശിഷ്യോത്തമനായ ടാളമി (Dtolemy) യുടെ വ്യാഖ്യാനോദ്യമങ്ങളുമാണു്. അടുത്തതായി നമുക്കു ഗോചരമാകുന്നതു്. മുൻപ്രസ്താവിച്ച ശാസ്ത്രഗവേഷകന്മാരുടെ നിരീക്ഷണപരീക്ഷണഫലങ്ങളെയെല്ലാം സമഗ്രമായി സംഗ്രഹിക്കുന്ന പൊതുതത്വങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ചില പരിശ്രമികളേയും,—ഉറക്കമില്ലാത്ത അഹോരാത്രം വിജ്ഞാനദേവിയെ ആരാധിക്കുന്ന സ്വാത്മാർപ്പിതരായ തീവ്രത്യാഗികളേയും—അവരുടെ പ്രവർത്തനങ്ങളുമാണു്. ഇക്കൂട്ടരുടെ ഇടയ്ക്കു് അന്യൂനാഭയോടെ ആരുടെയും ശ്രദ്ധയെ ആകർഷിക്കുന്ന രണ്ടു വ്യക്തികളാണു് കെപ്ലറും, ന്യൂട്ടനും. ഇവരുടെ വമ്പിച്ച ഗ്രഹചലനചക്രവാദങ്ങളാണു് ശാസ്ത്രാംബരമണ്ഡലത്തെ വലയം ചെയ്തിരുന്ന അന്ധവിശ്വാസതമോമേഘങ്ങളെ ധ്വംസിച്ചുതുടങ്ങിയതു്. അതോടുകൂടി, "സൂര്യനെ ചുറ്റി ഗ്രഹങ്ങൾ ദീർഘവൃത്ത (Ellipse) ങ്ങളിൽക്കൂടി സഞ്ചരിക്കുന്നുവെന്നും, ആ ദീർഘവൃത്തങ്ങളുടെ ഒരു നാഭി (Focus) സ്ഥാനത്താണു സൂര്യൻ സ്ഥിതിചെയ്യുന്നതെന്നും" ഉള്ള പരമാർത്ഥബോധത്തിൽ എത്തിച്ചേരുവാൻ സാധിച്ചു.

പഞ്ചാംഗം, ഘടികാരം, രേഖാംശം നിർണ്ണയിക്കാനുള്ള സാമഗ്രികൾ, ആദിയായ ഉപകരണങ്ങൾകൂടാതെയാണു് ആദിമനിവാസികൾ സമുദ്രസഞ്ചാരംചെയ്തുവന്നതു്. അതു ചിന്തിക്കുമ്പോൾതന്നെ നമുക്കു രോമാഞ്ചമുണ്ടാകുന്നു. സമുദ്രസഞ്ചാരത്തിലുണ്ടാകാവുന്ന ആപത്തുകളിൽ പലതിനേയും ഒഴിവാക്കുന്നതിനു് ഈ ഉപകരണങ്ങൾ എത്രമാത്രം സഹായിക്കുന്നുവെന്നു് പറഞ്ഞറിയിക്കാൻ പ്രയാസമാണു്. ഈ ഉപകരണങ്ങളെല്ലാംതന്നെ ഗണിതശാസ്ത്രമാതാവിന്റെ സംഖ്യാതീതമായ സന്താനങ്ങളിൽ ചിലവയത്രേ!

—:*:—



ഡൊമിനിയൻസ് ആഫീസ് കാമൺവെൽത്ത് ആഫീസ് ആയി മാറുന്നു. ലണ്ടനിൽ വൈറ്റ്ഹാളിലെ ഡൊമിനിയൻസ് ആഫീസ് ഇനിമേൽ കാമൺവെൽത്ത് റിലേഷൻസ് ആഫീസ് എന്നു അറിയപ്പെടുന്നതാണു്. മന്ദിരത്തിന്റെ ഒരു ഭാഗം.

## സംസ്കൃതലിപികൾ

—o—

(ജിജ്ഞാസു)

ചിങ്ങം ൯-ലെ മ: രാ: വാരികയിൽ ൮-ാംപുറത്തു് സംസ്കൃതലിപി എന്ന ലേഖനത്തിൽ "എതുകാലത്തെ ഗ്രന്ഥലിപി പരിശോധിച്ചാലും ട, ഠ, ഡ, ഢ, ണ എന്ന അക്ഷരങ്ങൾക്കു് മൂക്കു്, നാക്കു മുതലായ അവയവങ്ങളെ പ്രതിനിധീകരിക്കുന്നു" എന്നു പറഞ്ഞുകാണുന്നു. "പ്രതിനിധീകരിക്കുന്നു" എന്നതിനു് ടവർഗ്ഗം അഞ്ചിനും യഥാക്രമം മൂക്കു നാക്കു മുതലായ അഞ്ചിന്റെ ആകൃതിയാണെന്നാണു് അർത്ഥം എന്നു ഞാൻ വിചാരിക്കുന്നു.

a) Philosophy of the Hindu Alphabet ൽ ഏതെല്ലാം കാലങ്ങളിലെ ഗ്രന്ഥലിപികളുടെ ആകൃതി ചേർത്തുകാണിച്ചാണു് ട മൂക്കുപോലെയും ഠ നാക്കുപോലെയും (എന്നും മറ്റും) സ്ഥാപിച്ചിരിക്കുന്നതു്? b) വരരുചിയുടെകാലത്തെ ടവർഗ്ഗ ഗ്രന്ഥലിപി പഞ്ചകത്തിന്റെ ആകൃതി ആ പുസ്തകത്തിലുണ്ടോ? c) മദ്ധ്യഇൻഡ്യയിലെയും ഉത്തരഇൻഡ്യയിലെയും ഗ്രന്ഥ ടവർഗ്ഗലിപികളുടെ ആകൃതികൾ, പല കാലത്തേതു്, അതിലുണ്ടോ?

"ജിജ്ഞാസു"വിന്റെ പേരു വെളിപ്പെടുത്താത്തതുകൊണ്ടു് ഗ്രന്ഥകാരൻ ഇനി മറുപടിപറയുകയില്ലെന്നുണ്ടെങ്കിൽ, ആ പുസ്തകം കണ്ടിട്ടുള്ള മറ്റു ആരെങ്കിലും മറുപടി പ്രസിദ്ധപ്പെടുത്തിയാൽ ഉപകാരമായിരിക്കും.

"ജിജ്ഞാസു"വായ എനിക്കു "ഒരു തെറ്റുപാറ്റ" എന്നു രണ്ടാംപംക്തിയിലെ ഒന്നിൽ കാണുന്നു. ഒരു തെറ്റും എനിക്കു പറ്റിയില്ല. "യവനലിപികളെ സൃഷ്ടിച്ച ആചാര്യൻ" എന്നാണു ഞാൻ കർക്കടകം [illegible] നമ്പരിൽ പറഞ്ഞതു്. സൂചിപ്പിച്ച പാണിനി എന്നു പറഞ്ഞിരുന്നെങ്കിൽ തെറ്റായേനെ. അതു പാണിനീയസൂത്രമല്ല എന്നറിഞ്ഞുകൊണ്ടാണു് ഞാൻ എഴുതിയതു്. സൂത്രകാരൻ, വാർത്തികകാരൻ, ഭാഷ്യകാരൻ എന്ന ഭേദം പരിഗണിച്ചു്, "യവനാല്ലിപ്യാം എന്ന വാർത്തികത്താൽ" എന്നു പറഞ്ഞതു ശരിയാവു എന്നില്ല. സംസ്കൃതത്തിൽ സൂത്രരൂപത്തിൽ പറഞ്ഞതെല്ലാം പാണിനിയുടേതാണു് എന്നു ഞാൻ വിചാരിക്കുന്നില്ല.

—o—


K. C. MATHEW & COMPANY

എല്ലാത്തരം അല്ലോപ്പതി, ഹോമിയോപ്പതി, ഇംഗ്ലീഷ് ഔഷധങ്ങളും, ബ്രാൻഡി, വീഞ്ഞു്, വിസ്കി, ജിൻ, ബീയർ, [illegible], വെർമത്ത് മുതലായവകളും വില്ക്കപ്പെടും.

കെ. സി. മാത്യു & കോ

ഇംഗ്ലീഷ് ഔഷധശാല, കോഴഞ്ചേരി.

ആനന്ദമയമായ ജീവിതത്തിനു് ഹൃദ്യമായ വാസനയുള്ള

"3001" ജവ്വാദു ബത്തികൾ ഉപയോഗിക്കുക

സുഖജീവിതത്തിനു പരിമളം നിറഞ്ഞ

"301" ജവ്വാദു ബത്തികൾ ഉപയോഗിക്കുക

ഹൃദ്യമായ പരിമളത്തിനു പേരുകേട്ട

"31" ജവ്വാദു ബത്തികൾ ഉപയോഗിക്കുക

ആരോഗ്യകരമായ ജീവിതത്തിനു്

ആസാദ് അഗർ ബത്തികൾ ഉപയോഗിക്കുക

S. V. MURUGESAN & BROS.,
No 39, Lakshmipuram 6th Street, MADURA
Branch: No. 4, Appaji Rao Lane, BANGALORE CITY.
Trivandrum Stockists: Sri B. K. Ganapathi Pillai, Chalai;
Janab S. M. M. A. Khader & Bros., Chalai;
Sri. R. Manickam Pillai, Chalai.
Quilon Division Agent: P. K. Kasim Sahib, Kaikulanagar.

പ്രതിഭ
ഒരപസർപ്പകനാടകം
വില രൂപാ ൧.
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

(രണ്ടാംപേജിൽനിന്നും തുടച്ച്)

ശ്യവും സൌരഭ്യവുംകണ്ട് ആസ്വദിക്കുന്നു. ഒരു കലാകാരന് അതു് ഒരു സന്ദേശംകൂടിത്തരുന്നുണ്ട്. 'അല്ലയോ ചെങ്ങാതിമാരെ! ഞാനും നിങ്ങളുടെ മട്ടിൽത്തന്നെ കലാം സ്വർണ്ണവും വെള്ളിയും നിറച്ചു പെട്ടിയിൽ സൂക്ഷിക്കുന്നു. ഇതാ എന്നെ നോക്കു! എന്റെ സൌന്ദര്യവും സൌരഭ്യവുമാകുന്ന സ്വർണ്ണവും വെള്ളിയും ഞാൻ ലോകത്തിനു അഴിച്ചിട്ടിരിക്കുന്നു, അതു ആർക്കും വാരിയെടുക്കാം'! അതുപോലെ ഒരു 'വീണപൂവും' 'കീറത്തലയണയും' ക്ഷണികവും സംഭാചഞ്ചലവുമായ ഈ നശ്വരജീവിതത്തിന്റെ ഓരോവശങ്ങളെയാണ് അവ കാണിച്ചുതരുന്നതു്. ഇതുപോലെ മനുഷ്യഹൃദയത്തെ ചിന്തിപ്പിക്കുന്ന ഒന്നാണ് സൌന്ദര്യം. പഞ്ചസാര പുരതിഞ്ഞ സിലാഷചാപോലെ അവയിൽ ഓരോ തത്വചിന്തയും ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഇത്രമാത്രം ശ്രേഷ്ഠമായ കലയും ജീവിതവും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ട്. 'നിങ്ങളുടെ കൈയിൽ കലയുണ്ടോ? എന്നാൽ അതു ജീവിതമാകുന്ന ചാണയിൽ ഉരച്ചുനോക്കി അതിന്റെ മാറ്റു നിർണ്ണയിക്കുക'. ജീവിതം ഒരു പൂവാണെങ്കിൽ അതിലുണ്ടാകുന്ന ഫലമാണു കല. ഇങ്ങനെ കല ജീവിതത്തിൽനിന്നാണ് ഉത്ഭവിക്കുന്നതു്. പൂവിന്റെ പരിമളം നാം ആസ്വദിക്കുന്നു. അതുപോലെ കലയുടെ ആനന്ദവും. പക്ഷേ പുഷ്പത്തിന്റെ ആവശ്യം കായുണ്ടാകുന്നതിനെന്നതുപോലെ കലയുടെ ഉദ്ദേശം സംസ്കാരം വളരുവാനാണ്. ഫലങ്ങൾ ഭക്ഷിക്കുന്നതുകൊണ്ടു ശരീരം നന്നാകുന്നതുപോലെ സംസ്കാരംമൂലം മനസ്സു പരിശുദ്ധമാകുന്നു. ഇങ്ങനെ കലകൾ സൌന്ദര്യത്തിൽക്കൂടി സംസ്കാരത്തിൽ എത്തിച്ചേരുന്നു.

സാഹിത്യം ഒരു കലയാണ്. കലകളിൽവെച്ചു ഏററവും ശ്രേഷ്ഠമായിട്ടുള്ളതും സാഹിത്യംതന്നെ. സംഗീതം, ചിത്രമെഴുത്തു, നാട്യം മുതലായ മററു കലകൾ നമ്മുടെ ബാഹ്യേന്ദ്രിയങ്ങളെ മാത്രമേ സ്പർശിക്കുന്നുള്ളു. അല്പനേരത്തെ ആനന്ദത്തിനു കവിഞ്ഞു അവ നമുക്കു ഒന്നും നൽകുന്നില്ല. എന്നാൽ സാഹിത്യമാകട്ടെ ആനന്ദമധുരവും ആലോചനാമൃതവുമാണ്. അതു നമ്മുടെ ബാഹ്യേന്ദ്രിയങ്ങളെ സ്പർശിച്ചു ഹൃദയത്തിന്റെ അടിത്തട്ടുവരെ ചുഴിഞ്ഞിറങ്ങുന്നു എന്നു് അതേനിലയിൽത്തന്നെ മറെറാരു രൂപത്തിൽ പുറത്തേക്കു വരുന്നു. കണ്ണാടിയിൽ നമ്മുടെ ഛായകാണുന്നതുപോലെ, പരിശുദ്ധമായ മനസ്സിൽ സാഹിത്യം പ്രതിബിംബിക്കുന്നു. ഈ ഒരു അത്ഭുതിശക്തി ഒരു പ്രേരകശക്തിയുണ്ട്. ഒഴുകിപ്പോകുന്ന ജലത്തിൽ നിന്നും വിദ്യുച്ഛക്തി എടുക്കുന്നതുപോലെ സാഹിത്യത്തിൽനിന്നും നമുക്കു സംസ്കാരം കിട്ടുന്നു. വിദ്യുച്ഛക്തി, നിത്യോപയോഗങ്ങൾക്കു പലവിധത്തിൽ ഉപയോഗിക്കുന്നതുപോലെ, സംസ്കാരം മനസ്സിനെ ശുദ്ധിവരുത്തി സൽകൃത്യങ്ങൾ ചെയ്യുവാൻ പ്രേരിപ്പിക്കുന്നു. ലോകത്തിലെ സകല പുരോഗതിക്കും കാരണം വിപ്ലവം ഒന്നു മാത്രമാണ്. അതിന്റെയെല്ലാം പശ്ചാത്തലം ഈ സാഹിത്യവും, ഫ്രഞ്ചുവിപ്ലവത്തിന് 'റൂസ്സോ'വിന്റെ രക്തം തിളപ്പിക്കുന്ന ഗാനങ്ങൾ എത്രമാത്രം പ്രേരണയാണു നൽകിയതു്. സ്വാതന്ത്ര്യോദ്ദീപിതമായ ചില ലേഖനങ്ങളാണ് രണ്ടാംലോകമഹായുദ്ധത്തിനു നിദാനമെന്നു പറയുമ്പോൾ ഒരു പക്ഷേ നാം അത്ഭുതപ്പെട്ടേക്കാം. ടോൾസ്റ്റോയിന്റെയും വള്ളത്തോളിന്റെയും തൂലികകൾ, അടിയുറച്ച ആചാരസ്ഥിതികത്വത്തിന്റെ മറയിൽ മറഞ്ഞിരുന്നു മനുഷ്യരെ കവർന്നുതിന്നുന്ന കാമക്കോമരങ്ങളെ പൂട്ടിക്കെട്ടി വച്ചിരുന്നതുമായ ജാതി, വേശ്യാത്വം ഇവയുടെ ഉന്മൂലനത്തിന് എത്രമാത്രം സഹായകരമായിരുന്നെന്നു ഇന്നു നമുക്കു കാണാം. എന്തിന്, വലിയവലിയ രാജ്യതന്ത്രജ്ഞന്മാർ വിപ്ലവബീജം കലർന്ന ലഘുലേഖകളും മാസികകളും തടയുന്നതിന്റെ ഉദ്ദേശമെന്തെന്നു? ഇതാണു തൂലിക ഖഡ്ഗത്തെ ജയിക്കുന്ന ഒരു ആയുധമെന്നു പറയുന്നതിന്റെ സാരം.

വിശ്വസാഹിത്യങ്ങളുടെ മാതാവാണ് സംസ്കൃതം. പണ്ടുമാസം 'വയററിലിട്ടു ചുമന്നു, പതിനായിരംവർഷം വാത്സല്യ-



രാജകുമാരി വെയ്ൽഷ് കാർഷികപ്രദർശനം സന്ദർശിക്കുന്നു — എലിസബത്തു രാജകുമാരി കാർമാർതൻ എന്ന സ്ഥലത്തുവച്ചു നടത്തപ്പെട്ട "റായൽ വെൽഷ് ആഗ്രികൽച്ചറൽ ഷോ" സന്ദർശിച്ച അവസരത്തിൽ വനിതാ കാമൈസന്യത്തോടു സംഭാഷണംചെയ്യുന്നതു്.

ത്തോടെ പെരുമാറി ഒരു നല്ലനിലയിലെത്തിച്ച പുത്രന്മാർ ഒടുവിൽ സ്വാതന്ത്ര്യവിനെ മറന്നുകളയുന്നതുപോലെയാണ് ആ ഭാഷയുടെ ഇന്നത്തെ നില. അനർഘങ്ങളായ രത്നങ്ങളാണ് ഇന്നും ആ ഗർഭത്തിൽ സ്ഥിതിചെയ്യുന്നതു്. കേട്ടുവന്ന ഒരെററവിത്തെങ്കിലും ആ അറയിൽ ഇല്ല. പക്ഷേ അതു സ്വായം പൂട്ടപ്പെട്ടിരിക്കുന്നു. ദേശീയബോധത്തിന്റെ വെളിച്ചത്തിൽ, ബുദ്ധിയുടെ മണിത്താക്കോൽകൊണ്ടു ഇറന്നു ആ അമൂല്യനിധികൾ ഭാരതത്തിലും പുറത്തും വിതച്ചു ജ്ഞാനവും സംസ്കാരവും ഒരുപോലെ വിളയിക്കുന്നതിനു നാം ഇനി ഒട്ടും അമാന്തിച്ചുകൂടാ. കാലാംശം ഇത്രമാത്രം ആവിഷ്കാരണം ചെയ്തിട്ടുള്ള മറെറാരു സാഹിത്യവും ലോകത്തിൽഉണ്ടായിട്ടില്ല, ഇനി ഉണ്ടാവുകയുമില്ല. പ്രകൃതിയുടെ പ്രപഞ്ചഗ്രന്ഥത്തിൽ നിന്നും കിട്ടിയ നിത്യസത്യങ്ങളാണ് അവ. എന്തുകൊണ്ടാണ് ശകുന്തളം ഇന്നും ജീവിച്ചുപോരുന്നതു്? അതിലെ കലാംശത്തിന്റെ ആധിക്യം ഒന്നുകൊണ്ടുമാത്രം. മാനും കട്ടവാറും തോളോടുതോളുരുമ്മിമേയുന്ന കാട്ടിൽ പരിശുദ്ധിയോടെ പരവതാനിയിൽ ജനിച്ച ശകുന്തള, നദിയുടേയും, വള്ളിയുടേയും മററും തോഴിയായിട്ടാണു വളരുന്നതു. ഭർതൃഗൃഹത്തിൽ പോകുന്ന അവസരത്തിൽ കോകിലം നിശ്ശബ്ദനാകുന്നതും. മയിൽ അറിയാതെ നൃത്തം നിറുത്തുന്നതും, വള്ളികൾ കണ്ണുനീർ പൊഴിക്കുന്നതുമെല്ലാം മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഭേദ്യമായ ഐക്യത്തിൽ കെട്ടിയിണക്കിയ ജീവിതത്തെ കവിയും ഒന്നുകൊണ്ടുമാത്രം: ആർഷസംസ്കാരത്തിന്റെ ഹൃദയസ്പന്ദനമാണ് ഇമ്മാതിരി ഗ്രന്ഥങ്ങളിൽ കേൾക്കുന്നതു്. അതാണു സംസ്കാരത്തിന്റെ ശംഖനാദം.

രാഷ്ട്രഭാഷയ്ക്കു നാം പ്രചരണം നൽകുന്നതിനോടൊപ്പംതന്നെ സംസ്കൃതഭാഷയ്ക്കും നിശ്ചയമായും പ്രോത്സാഹനം നൽകണം. നമ്മുടെ സംസ്കാരത്തിന്റെ കലവറയാണ് ആ ഭാഷാസാഹിത്യം. അതു മരിച്ചുകിടന്നാൽ പോരാ. ആ ഭാഷ അഭ്യസിക്കുന്നതിനുള്ള വൈഷമ്യം നമ്മുടെ മുമ്പിൽ വിലങ്ങടിച്ചുനിൽക്കുന്നുണ്ടെന്നു സമ്മതിക്കാം. അതിനു കാലാനുസൃതമായ മാററങ്ങൾ വരുത്തി ലളിതമാക്കി എല്ലാപേർക്കും വിളമ്പിക്കൊടുക്കുന്നതിനു പണ്ഡിതന്മാരുടെ കൈകൾ ചൊന്തിക്കാണവാൻ ആഗ്രഹിക്കുന്നു. ഇപ്രകാരം സ്വതന്ത്രഭാരതത്തിന്റെ ഉന്നമനോടെ, ആർഷസംസ്കാരജ്ഞാനത്തിനുള്ള അത്യാസക്തിയോടെ നാം മുന്നോട്ടുപോകയാണെങ്കിൽ നിശ്ചയമായും ആർഷഭാരതീയരാജ്യത്തിരാതെ എന്താണ് നിവൃത്തി. അന്നു നമ്മുടെ ഈ അസമത്വങ്ങളും അസംതൃപ്തികളുമെല്ലാം അകന്നുകൊള്ളും. അതിനായി ദേശീയബോധമുള്ള ബഹുമാന്യജനങ്ങളുടെയും, ബഹുമാനപ്പെട്ട വിദ്യാഭ്യാസാധികൃതന്മാരുടെയും സഹായസഹകരണത്തോടെ ഈ സംസ്കൃതവിദ്യാഭ്യാസപ്രചരണത്തിനു സമയം സമാഗതമായിരിക്കുന്നു.

—o—

(പന്ത്രണ്ടാംപേജിൽനിന്നു തുടച്ച്)

തും അനുചിതമാണ്. പതാകയ്ക്കു കേടുവന്നു ഉപയോഗയോഗ്യമല്ലാതെയിത്തീർന്നാൽ അതു നശിപ്പിച്ചുകളയേണ്ടതാണ്, ആദരവോടുകൂടി അതു അഴിച്ചു ചുട്ടുകളയുകയാണുവേണ്ടതു്.

പരേഡുകൾ, റിവ്യൂകൾ മുതലായവയിൽ സംബന്ധിക്കുന്നവർ പതാകയ്ക്കു അഭിമുഖമായി നിൽക്കേണ്ടതാണ്. ഘോഷയാത്രകളിലും മററും പതാക കൊണ്ടുപോകുമ്പോൾ അതു നേരേവരുമ്പോഴാണ് വന്ദിക്കേണ്ടതു്.


അമേരിക്കക്കാർ പതാകാവന്ദനം നടത്തുന്നതു വലതുകൈകൊണ്ടു തൊപ്പിയെടുത്തു ഇടതുതോളിനു സമാനമായി പിടിച്ചു കൈ ഹൃദയത്തിനുമുകളിൽ വരത്തക്കവണ്ണം പിടിച്ചുകൊണ്ടാണ്. സ്ത്രീകൾ വലതുകരം ഹൃദയത്തിനുമീതെവച്ചുകൊണ്ടാണ് പതാകയെ വന്ദിക്കുന്നതു്. വിദേശ്യർ 'അററൻഷൻ' ആയിനിന്നാൽ മതിയാകും.

—o—

സഹസ്രയോഗം

വില ക്ക. 2. ശ്രീരാമവിലാസം ബുക്ക്ഡിപ്പോ, കൊല്ലം.

ലോകത്തിലെങ്ങും ഒരേ സമയം കാണുകയില്ല: എന്നാൽ
വെസ്റ്റേൺ വാച്ചുകളുടെ വിശ്വാസനീയതയ്ക്കു് എങ്ങും മാററമില്ല





ഏററവും മുകളിൽ — കെയ്റോവിലുള്ള സിററാഡെല്ലിന്റെ ഭാവനാചിത്രം. താഴെ— കൽക്കട്ടായിലെ കാളിഗാട്ട് ദേവാലയം.

നിങ്ങളുടെ 'വെസ്റ്റ്എൻഡ്' വാച്ചു വാങ്ങുവിൻ

എപ്പോഴെങ്കിലും നിങ്ങൾ ഈജിപ്റ്റിലേക്കു പോകുന്നതായാൽ അവിടത്തെ 'പ്രാദേശിക'സമയവുമായി തുല്യമാക്കുന്നതിന് നിങ്ങളുടെ വാച്ച് ഉദ്ദേശം നാലുമണിക്കൂറോളം പുറകോട്ടു മാററേണ്ടിവരും. നിങ്ങളുടേതു് വെസ്റ്റ് എൻഡ് വാച്ചാണെങ്കിൽ, അതു പിന്നെ എപ്പോഴും ശരിയായ 'പ്രാദേശിക'സമയം കാണിച്ചുകൊള്ളും. വിശ്വസനീയത എന്ന പ്രത്യേകഗുണത്തിൽ അതിന്റെ പ്രസിദ്ധി എന്നും പ്രഥമഗണനീയംതന്നെ ആയിരിക്കുന്നതോടെ അതിന്റെ ബലവും ആകർഷണീയതയും നല്ലപോലെ മനസ്സിലാക്കപ്പെടുകയും ചെയ്യുന്നു. ഇപ്പോഴും ആവശ്യത്തിനു സ്റ്റോക്കില്ല; എന്നാൽ ഞങ്ങൾ ഓരോ ആർഡറും നിറവേററുവാൻ കഴിവതും ശ്രമിക്കുന്നുണ്ട്.

വെസ്റ്റ്എൻഡ വാച്ച്കമ്പനി
ബോംബെ, കൽക്കട്ടാ.



The
EXTRA
RECTANGULAR
West End Patent
Everbright Steel
Rs. 157.

West End
WATCH CO.
BOMBAY & CALCUTTA



ബ്രി. വിദേശമന്ത്രി മി. ഏർന്നസ്റ്റ് ബെവിൻ ഈയിടെ പാരീസിൽവച്ചു മാർഷൽപദ്ധതിയനുസരിച്ചു യൂറോപ്യൻരാഷ്ട്രങ്ങൾക്കു സഹായംനൽകുന്നതിനെപ്പററി ആലോചനനടത്തുന്നതിനു 16 രാജ്യങ്ങളുടെ പ്രതിനിധികൾ അടങ്ങിയ സമ്മേളനത്തിൽ. മി. ഡഫ്കൂപ്പറിനെ വലതുവശത്തു കാണാം.



സെവൺപാലം—വലിപ്പത്തിൽ ലോകത്തിലേയ്ക്കു മൂന്നാമത്തേതും യൂറോപ്പിലേയ്ക്കു ഒന്നാമത്തേതുമായിരിക്കും. സെവൺ (ഇംഗ്ലണ്ട്) നദിയിൽ 1948-ൽ പണികഴിക്കുന്നതിനുദ്ദേശിക്കുന്ന തൂക്കുപാലം 2500 പേർ വീതം ജോലി ചെയ്യേണ്ടിവരുന്ന ഇതു അനേകവർഷംകൊണ്ടേ മാത്രമേ പൂർത്തിയാകുകയുള്ളു എന്നു കാണുന്നു.

# ദേശീയ പതാക

—o—

## ചില നിയമങ്ങൾ

ദേശീയപതാക ഉപയോഗിക്കേണ്ട രീതിയെ സംബന്ധിച്ചുള്ള ഒരു ഇംഗ്ലീഷ്ലേഖനത്തിൽ ചില ഭാഗങ്ങൾ വായനക്കാരുടെ അറിവിനായി അടിയിൽ ചേർക്കുന്നു.

പതാകകളെസംബന്ധിച്ചുള്ള ഒരു നിയമം അവ സൂര്യോദയംമുതൽ അസ്തമനംവരെ മാത്രമേ ധ്വജങ്ങളിലോ കെട്ടിടങ്ങളുടെ ഉപരിഭാഗത്തോ പാറിക്കാൻ പാടുള്ളു എന്നതാണ്. പതാക ഉയർത്തുന്നതു ശീഘ്രത്തിലും ഇറക്കുന്നതു സാവധാനത്തിലുമായിരിക്കണം. കാലാവസ്ഥ പ്രതികൂലമായിരിക്കുമ്പോൾ പതാക നനഞ്ഞു നാശമാകാതെ അഴിച്ചുവയ്ക്കേണ്ടതാണ്. ദേശീയപതാക ഉപയോഗിക്കുമ്പോൾ മറ്റൊരു പതാകയ്ക്കും അതിനെക്കാൾ ഉയർന്ന സ്ഥാനം നൽകാവുന്നതല്ല. വിവിധ ദേശങ്ങളിലെ പതാകകൾ ഒരുമിച്ചു ഉപയോഗിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ ദേശീയപതാകയ്ക്കു മറ്റൊന്നിനെക്കാളും കുറഞ്ഞ സ്ഥാനം നൽകിക്കൂടാത്തതാണ്. തീവണ്ടി തുടങ്ങിയുള്ള വാഹനങ്ങളുടെ പിൻഭാഗം, മുകൾഭാഗം, സീററുകൾ, മുതലായവ മൂടുന്നതിനു പതാക ഉപയോഗിച്ചുകൂടാത്തതാണ്. മോട്ടോർകാറുകളുടെ റേഡിയേറററ് ക്യാപ്പിലോ ചാസ്സിസ്സിലോ ചെറിയ പതാക ഉറപ്പായി ഘടിപ്പിക്കുന്ന പതിവുണ്ട്.

അമേരിക്കൻപതാക ഉപയോഗിക്കുന്നതു സംബന്ധിച്ചുള്ള നിയമങ്ങൾ ഇൻഡ്യയ്ക്കും അനുകരിക്കാവുന്നവയാണ്. നഗരങ്ങൾ, മുനിസിപ്പാലിററികൾ, സംഘങ്ങൾ എന്നിവയുടെ പതാകകൾകൂടി ഉപയോഗിക്കേണ്ടവരുന്ന അവസരങ്ങളിൽ അവയെക്കാൾ ഉന്നതമായ ഒരു സ്ഥാനം ദേശീയപതാകയ്ക്കു നൽകേണ്ടതാണ്. പതാക കുറുകെ കെട്ടി ജനാലകളിലും മററും ഉറപ്പിക്കുന്നവർ പതാകയുടെ മുകൾഭാഗം കീഴ്പോട്ടു ചാഞ്ഞുപോകാതെ സൂക്ഷിക്കേണ്ടതാണ്.

യോഗസ്ഥലങ്ങളിൽ പതാകകൾ ഉപയോഗിക്കുമ്പോൾ അവ പ്ലാററ്ഫാറത്തിന്റെ നിരപ്പിൽനിന്നു താഴ്ന്നുപോകരുതെന്നാണ് നിയമം. പ്രസംഗകന്റെ മുമ്പിലോ വലതുഭാഗത്തോ ആയി പതാക ഉറപ്പിക്കാവുന്നതാണ്.

സാമാനങ്ങൾ പൊതിഞ്ഞുകെട്ടുന്നതിനും സഞ്ചികൾക്കുംമററും പതാകയോ അതിന്റെ മാതൃകയോ ഉപയോഗിക്കുന്നതു അയുക്തമാണ്. ശിശുഹൃദയത്തിൽ മാതൃരാജ്യത്തോടു ഭക്തി അങ്കുരിപ്പിക്കുന്നതിനു സഹായകമായേക്കാമെങ്കിലും ശിശുക്കളുടെ വസ്ത്രങ്ങൾ പതാകയുടെ മാതൃകയിലായിരിക്കുന്നതും യുക്തമല്ല. ഔപചാരികമായ സന്ദർഭങ്ങളിൽ പതാക കയററുന്നതു ചുറുചുറുക്കോടുകൂടിയായിരിക്കണം. പതാക ഇറക്കുന്നതു ദുഃഖസൂചകമായി, സാവധാനത്തിലാണ്.

സ്വന്തം കൊടി സംരക്ഷിക്കുന്നതിൽ ജീവൻപോലും തൃണവൽഗണിക്കുകയാണ് രാജ്യാഭിമാനികൾ ചെയ്യാറുള്ളതു. ശത്രുവിന്റെ കൊടിപിടിച്ചെടുക്കുക ഒരു വിജയലക്ഷ്യമായിട്ടാണ് കരുതിപ്പോരുന്നതു. കൊടി താഴ്ത്തുന്നതു പരാജയത്തിന്റെയും നിസ്സഹായതയുടെയും ചിഹ്നമാണ്. അവസാനമായി, ഗത്യന്തരമില്ലാതാകുമ്പോഴാണ് കൊടി തലകീഴാക്കി പിടിക്കുന്നതു.

മച്ചുകൾ അലങ്കരിക്കുന്നതിനോ, പരസ്യങ്ങൾക്കോ, ദേശീയപതാക ഉപയോഗിക്കാവുന്നതല്ല. കൊടിതൂക്കുന്ന സ്തംഭങ്ങൾ പരസ്യങ്ങൾക്കു ഉപയോഗിക്കുന്ന

(ശേഷം പതിനൊന്നാംപേജിൽ)

# "വിളി"*

(കേക)

...ണ്ണാട്ടു്, അച്യുതമേനോൻ

നവചൈതന്യംകൊണ്ടു നാടെല്ലാംതകർക്കുന്നു;
ജയകാഹളംനേതാക്കന്മാരും വിളിക്കുന്നു;
സ്വാതന്ത്ര്യംപുലരുന്നു; നമ്മുടെമനോരാജ്യം
പ്രീതിയാൽപുലരുന്നി, തോരണ വുമടുക്കുന്നു.
പോരുമേവിഷാദങ്ങൾ വരുവിൻ സഖാക്കളെ!
ചാരുനർമ്മാലാപത്താൽ മയക്കിൻ! കവിതയെ
പാരതന്ത്ര്യത്തിൻമഹാഭാരത്താൽനിവർന്നീടാൻ
പാരവുംപണിപ്പെട്ടു പലനാൾകഴിച്ചോരെ!
സ്വൈരയായിനി നിങ്ങൾസാഹിത്യപൂന്തോട്ടത്തിൽ
സ്വാതന്ത്ര്യപരിമളം വീശുവിൻ കവികളെ!
അന്ധകാരവുംനീങ്ങിച്ചിന്തയെ ഞെരുക്കുന്ന
പന്തികേടുകളെല്ലാം പറന്നു, ശബ്ദബ്രഹ്മം
പൊന്തിയസൂര്യപ്രഭാമണ്ഡലേപരിപൂർണ്ണ
സുന്ദരഭാവംപൂണ്ടു കൈകാട്ടിവിളിക്കുന്നു.
കാണുവാൻകണ്ണും കുറച്ചുലിയാൻകരളൊന്നും
വേണ്ട,മെന്നാകിൽപാടിപ്പരമാനന്ദംനേടാം.
സങ്കോചംവെടിഞ്ഞിടിനിന്ദ്രജാലക്കാരന്റെ
ശങ്കയെപ്പോക്കുംനല്ല പിഞ്ഛികപോലെനിങ്ങൾ
തങ്കരമണിയുന്ന തൂലിക ചലിപ്പിക്കിൻ!
വങ്കേളിയാവേശത്തിൽ ജനങ്ങളാറാടട്ടെ.

* ഇതു് All India Radio ക്കാരുടെ ക്ഷണമനുസരിച്ചു സ്വാതന്ത്ര്യദിനമാഘോഷിക്കുവാൻ മദിരാശയിൽ വന്ന കേരളകവികൾക്കു August 17-ാംനു മലയാളിജ്യോപകസംഘം നൽകിയ സ്വീകരണത്തിൽ വായിച്ചതാണ്.

# *ഭാരതപതാക

—o—

വിദ്വാൻ പാലാ
നാരായണൻനായർ

സ്വാഗതം, മമ ജന്മഭൂവിന്റെ
ഭാഗധേയമേ, സ്വാഗതം!
പാരിടമൊന്നു കാണട്ടെനിന്നെ
ഭാരത വൈജയന്തികേ!
ഭൂരിമോദംവിടർന്നു നില്പൂനീ
മാരിവില്ലൊളിയെന്നപോൽ.
നന്മയാലൃഷിനാടുപെററ നീ
നന്മരതകവർണ്ണിനി
രക്തസാക്ഷികളാമനിയ്ക്കുയാൽ
രക്തരേഖകൾവീശി നീ
ഉള്ളിലാളിടും ധർമ്മദീപ്തിയാൽ
വെള്ളലുക്കുകളിട്ടു നീ
നിർമ്മലേ, നിനക്കാരു നൽകിയോ?
കർമ്മചക്രവും കാന്തിയും?........
നീലമാമതിലൂടെയൈക്യത്തിൻ
നൂലുപാകണേ മേലിലും.
മഞ്ജുളേ, തവജന്മവേളയിൽ
മാഞ്ഞുസാമ്രാജ്യ ഗൗരവം
ചത്തടിഞ്ഞുകഴിഞ്ഞു പാരിന്റെ
മത്സരാൽസുക വൈഭവം
ഭാരതത്തിനേവിട്ടകലുന്നു
പാരതന്ത്ര്യ പരാഭവം
നിർഭയംനിണഗന്ധമേലാതെ
നിർവ്വളിക്കുന്നു വിപ്ലവം.
വർഷകോപങ്ങൾക്കപ്പുറംവരും
ഹർഷവേളയെപ്പുൽകുവാൻ
ചക്രവാളത്തിലെത്തി നോക്കുന്ന
ചന്ദ്രലേഖയെപ്പോലവേ
പാരിനുത്സവമേകണേ, നവ-
ഭാരത വൈജയന്തികേ!........
നിൻതണലത്തു വിശ്രമിക്കട്ടെ
പിൻതലമുറ മിക്കതും
നിന്ദ്യജീവിതമസ്തമിപ്പിക്കും
നിന്മുഖാകണി കാണുവാൻ
നോമ്പുനോൽക്കുകയായിരുന്നകം-
നൊന്തുപൗരസ്ത്യ നാടുകൾ!
ഭാവിഭാരതം പൂകിടും ശുഭ-
ഭാഗ്യകന്ദളിയായ നീ
ഉണ്മയോടുയിരാണ്ട ഗാന്ധിയാം
കർമ്മയോഗി തൻ കൈകളിൽ
നീ, ജയക്കൊടിയാകയാണിപ്പോൾ
ശ്രീ ജവഹരിലാലിനാൽ.
പൂതമാം തവദർശനം പുണ്യ-
പൂർണ്ണമാകണം ഞങ്ങളിൽ
പൂവിതറിയുംകൊണ്ടു സ്വാതന്ത്ര്യ-
ദേവതയെഴുന്നള്ളവേ
നീതമാം സുകൃതോത്സവങ്ങളിൽ
നീ, വഴി തെളിച്ചീടണം.
സ്വാഗതം, മമ ജന്മഭൂവിന്റെ
ഭാഗധേയമേ, സ്വാഗതം!!

* സ്വാതന്ത്ര്യദിനം സംബന്ധിച്ചു വിശേഷാൽപ്രതിക്കു ശ്രീ: നായർ അയച്ചു തന്ന ഉപഹാരമാണിതെന്നു കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തിക്കൊള്ളട്ടെ. പ:

—o—

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.